വില ₹30/-

# ജീവനും വെളിച്ചവും

ഒക്ടോബർ 2024

JUBILEE 2025

PILGRIMS OF HOPE

## ജൂബിലി 2025
## പ്രത്യാശയുടെ തീർത്ഥാടനം



# MARIAN EDUCITY

LATIN ARCHDIOCESE OF TRIVANDRUM

KAZHAKUTTOM, THIRUVANANTHAPURAM

## NURTURING A HABIT OF EXCELLENCE

### MARIAN ENGINEERING COLLEGE

Courses offered

**B.Tech**

- Civil Engineering
- Mechanical Engineering
- Computer Science & Engineering
- Electronics & Communication Engineering
- Electronics & Computer Engineering
- Electrical & Electronics Engineering
- Artificial Intelligence & Machine Learning

**M.Tech**

- Geo-Technical Engineering

Master of Business Administration (MBA)*

*Subject to approval from AICTE & KTU

### MARIAN COLLEGE OF ARCHITECTURE & PLANNING

Courses offered

- Bachelor of Architecture (B.Arch)

### MARIAN COLLEGE OF ARTS & SCIENCE

Courses offered

**Undergraduate Programmes**

- B.Com
- BA English Language & Literature
- BBA
- B.Sc Zoology
- B.Sc Geography
- B.Sc Computer Science

**Post Graduate Programme**

- M.Com (Finance)

### St. JACOB'S TRAINING (B.Ed) COLLEGE

Courses offered

**Bachelor of Education**

- English
- Malayalam
- Mathematics
- Natural Science
- Physical Science
- Social Science

### LITTLE FLOWER FOOTBALL ACADEMY (LiFFA)

LiFFA SOCCER SCHOOL

LiFFA BASKETBALL ACADEMY

### MARIAN CRAFT AND ARTS CENTRE OF EXCELLENCE

Courses offered

**Diploma**

- Electrical & Electronics Technology
- Advanced Welding Technology
- DCA (Diploma in Computer Applications)

**Certification**

- SMAW/GTAW/MIG/TIG
- Data Entry Operator
- Word Processing
- Financial Accounting
- Desktop Publishing

### CONTACT US

MARIAN ENGINEERING COLLEGE
MOB : +91 9495 707 111
Email : mail@marian.ac.in

MARIAN COLLEGE OF ARTS & SCIENCE
MOB : +91 9526 605 413
Email : principal@mcas.ac.in

LITTLE FLOWER FOOTBALL ACADEMY (LiFFA)
MOB : +91 9746 870 421
Email : info@liffatrivandrum.org

MARIAN COLLEGE OF ARCHITECTURE & PLANNING
MOB : +91 9495 707 555
Email : marianarch.in@gmail.com

MARIAN CRAFT & ARTS CENTRE OF EXCELLENCE
MOB : +91 8301 908 450
Email : marianartscrafts@gmail.com

St. JACOB'S TRAINING (B.Ed) COLLEGE
MOB : 0471 270 4251
Email : stjacobsbed@gmail.com

Marian Educity, Kazhakuttom, Thiruvananthapuram, Kerala - 695582

www.marian.ac.in | educity@marian.ac.in

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2024 ഒക്ടോബർ | പുസ്തകം 50 | ലക്കം 10



രക്ഷാധികാരി: മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • സഹരക്ഷാധികാരി: റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • ഉപദേശക സമിതി: ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റൊൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്

പത്രാധിപർ: ഫാ. വിജിൽ ജോർജ്ജ് • സഹ പത്രാധിപർ: ബർഗ്മാൻ തോമസ് • പത്രാധിപ സമിതി: മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, ഡോ. സീന ഫെലിക്സ്, സിന്ധുമരിയ നെപ്പോളിയൻ, സുനിൽ സി. ഇ., ഫാ. ജോസ് വർഗീസ്, ഫാ. വർഗീസ് ജോസഫ് • മാനേജർ (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • കവർ & ലേ-ഔട്ട്: സതീഷ് ജോർജ്ജ്


## മുഖവിചാരം

# ഭരണവും സമാധാനവും

ധർമ്മപുരിയിലെ ഭരണാധികാരിയായ പ്രജാപതിയെയും അദ്ദേഹത്തിന്റെ അശ്ലീലംനിറഞ്ഞ അധികാരപ്രയോഗത്തിനു കൂട്ടുനിൽക്കുന്ന ആശ്രിതരെയും സ്തുതിപാഠകരെയും നിസ്സഹായരായ പ്രജകളെയും ചിത്രീകരിക്കുന്ന ഒരു നോവൽ മലയാളത്തിലുണ്ട്, ഒ. വി. വിജയന്റെ 'ധർമ്മപുരാണം'. അധികാരത്തിന്റെ പ്രമത്തതയും ദുഷിപ്പുകളും വിമർശനാത്മകമായി നിരീക്ഷിക്കുന്ന ഒരസാധാരണ നോവൽ. a political satire. പ്രജാപതിയുടെ കീഴ്ശ്വാസംപോലും സ്തുതിപാഠകരാൽ വിളംബരം ചെയ്യപ്പെടുന്നത് അത് ജനങ്ങൾക്കും നാടിനും വേണ്ടിയുള്ള സുഗന്ധപൂരിതമായ ഒരു കീഴ്ശ്വാസമായാണ്. ഈ നോവൽ ഇവിടെ പരാമർശിക്കാൻ കാരണമുണ്ട്, നമ്മുടെ കേരളത്തിൽ, ദൈവത്തിന്റെ സ്വന്തം നാട്ടിൽ നാം ജനം രണ്ടാംവട്ടവും വിജയിപ്പിച്ച ഭരണാധികാരിയുടെ ദുഷിച്ചതും നെറികെട്ടതുമായ പ്രവൃത്തികൾ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. ക്രമസമാധാനച്ചുമതലയുള്ളവർതന്നെ അക്രമത്തിനു നേതൃത്വം വഹിക്കുന്നത് കാണേണ്ടിവരുന്നതുകൊണ്ടാണ്. സ്വർണക്കടത്ത്, കോർപറേറ്റുകളുമായുള്ള ചങ്ങാത്തം, വർഗീയപാർട്ടികളുമായുള്ള കൂട്ടുകെട്ട്, മുതലാളിത്ത പാതയിലേക്കുള്ള ചുവടുവയ്പ്പ്, സ്വജനപക്ഷപാതം, സമാധാനപരമായ ഒരു അന്തരീക്ഷത്തിന്റെ അഭാവം, സഹപ്രവർത്തകരായ നടിമാരെ പീഡിപ്പിച്ചവരെ സംരക്ഷിക്കൽ... ഓരോന്നായി പുറത്തുവരികയാണ്. പാർട്ടി ജനങ്ങൾക്കു വേണ്ടിയാണെന്നും ജനങ്ങളാണ് വലുതെന്നും പറയുന്ന ഒരു പ്രത്യയ ശാസ്ത്രത്തിന്റ തലപ്പത്തിരുന്നാണ് ഇതൊക്കെയും ചെയ്തുകൂട്ടുന്നതെന്നതാണ് ഏറെ വിചിത്രം. ഇതൊക്കെയും നന്നായി മനസ്സിലാക്കിയിട്ടും അതിന്റെ കൈയാളുകളായ ബുദ്ധിജീവിവൃന്ദം കണ്ടില്ല കേട്ടില്ല എന്നു നടിക്കുന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. ജനങ്ങളുടെ പാർട്ടി ഒരാളുടെ പാർട്ടിയാവുകയും അയാൾ പാർട്ടിയുടെ തണലിലും സംരക്ഷണത്തിലും തടിച്ചുകൊഴുക്കുകയും മറ്റുള്ളവരെ അടിമകളായി കണുകയും ചെയ്യുമ്പോൾ അവിടെ പാർട്ടിയാണ് വലുതെന്ന സിദ്ധാന്തം ചമയ്ക്കുകയാണ്. അയാൾ അയാളെത്തന്നെ സംരക്ഷിക്കാനുള്ള സിദ്ധാന്തം. ഒരു ഏകാധിപത്യ പ്രവണത. ഇത്തരം ഒരു നവകേരളമല്ല ജനങ്ങൾക്കു വേണ്ടത്. ജീവിക്കാനുള്ള സാഹചര്യവും സന്തോഷവും സമാധാനവുമാണ്. രണ്ടായിരം വർഷങ്ങൾക്കുമുൻപ് സന്മനസ്സുള്ളവർക്ക് സമാധാനം നൽകാനാണ് ക്രിസ്തു ഭൂജതനായത്. ആ സമാധാനസംസ്ഥാപനത്തിന്റെ ജൂബിലിയാണ് 2025. ഏവർക്കും സമാധാനാശംസകൾ...


www.latinarchdiocesetrivandrum.org | www.archtvmnews.com

വിലാസം
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum




## കടലോരത്ത് സഹായമെത്തില. . .

മുഖ വിചാരം നന്നായി. മഹാപ്രളയത്തിലും വയനാട് ദുരന്തത്തിലും ജനങ്ങൾ രാഷ്ട്രീയംമറന്ന് ദുരന്തബാധിതരെ സഹായിക്കാൻ സന്മനസ്സോടെ കരങ്ങൾ കോർത്തത് അഭിനന്ദനാർഹം തന്നെ. എന്നാൽ, സുനാമിയിലും ഓഖിയിലും കടലേറ്റ ദുരന്തങ്ങളിലും എന്തേ സർക്കാർ സംവിധാനങ്ങളും സഹായഹസ്തങ്ങളും ഉണർന്നു പ്രവർത്തിച്ചില്ല. ഉണർന്നു പ്രവർത്തിക്കുന്നില്ല എന്നത് ഗാഢമായി ചിന്തിക്കേണ്ട കാര്യമാണ്. അല്ലെങ്കിൽതന്നെ തീരദേശവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സമഗ്രപുരോഗതിക്കുമുള്ള പദ്ധതികളുമൊന്നും കണ്ടിട്ടുമില്ല. പ്രഖ്യാപനങ്ങൾ പലപ്പോഴും ജലരേഖയായി മാഞ്ഞു പോകുന്നു. തീരദേശങ്ങളിൽ ശുദ്ധമായ കുടിവെള്ളംപോലും ആവശ്യത്തിന് ലഭ്യമല്ല. ജനസാന്ദ്രത കൂടിയതുമൂലം വീടുകളുടെ പരിസരവും അത്ര വൃത്തിയുള്ളതല്ല, മെച്ചപ്പെട്ടതല്ല. ഇതൊക്കെ തലസ്ഥാനജില്ലയിലെ കാര്യമാണെന്നോർക്കണം.

പത്രാധിപരുടെ 'മുഖവിചാരം' അധികൃതർ മുഖവിലയ്ക്കെടുത്താൽ നന്നായിരുന്നു. മുഖവിചാരത്തെ 'മുഖ്യവിചാരമാക്കിയെടുക്കാൻ' സർക്കാരിലും നമുക്കാരുമില്ലല്ലോ? .


**വിയാന,**
ജൂബിലി ആശുപത്രി, പാളയം

## പ്രകൃതി ദുരന്തങ്ങൾ നൽകുന്ന പാഠങ്ങൾ ആരും പഠിക്കുന്നില്ല

സെപ്റ്റംബർ ലക്കത്തിലെ നേർക്കാഴ്ച വായിച്ചു. പ്രകൃതി ദുരന്തങ്ങൾ നൽകുന്ന പാഠങ്ങൾ ആരും പഠിക്കുന്നില്ല. പ്രകൃതി ദുരന്തങ്ങൾ വർദ്ധിക്കാനാണ് സാധ്യതകളേറെയും. ലോകമെങ്ങും പ്രകൃതി ദുരന്തങ്ങൾ വർദ്ധിക്കുന്നതിൻറെ കണ്ണീർ ചിത്രങ്ങൾകണ്ട് മറക്കാൻ നാം പഠിച്ചിരിക്കുന്നു. നിശ്ചിത ശതമാനത്തിൽകൂടുതൽ ചരിവുള്ള സ്ഥലങ്ങളിൽ താമസിക്കുന്നത് അത്യന്തം അപകടകരമാണ്. നദീ തീരങ്ങളിലും കടൽത്തീരത്തുമുള്ള താമസവും അപകടം ക്ഷണിച്ചു വരുത്തും. മലകളിൽ അതിതീവ്രമഴ പെയ്താൽ, നദികൾ കരകവിഞ്ഞ് ഒഴുകിയാൽ, രൂക്ഷമായ കടലാക്രമണവും രൂക്ഷമായ സുനാമി രാക്ഷസത്തിരമാലകളും തീരത്ത് ആഞ്ഞടിച്ചാൽ സങ്കൽപ്പാതീതമായ ദുരന്തങ്ങളുണ്ടാകും. ഇവരെയൊക്കെ സുരക്ഷിതമായ സ്ഥലങ്ങളിൽ മാറ്റിപ്പാർപ്പിക്കുവാൻതക്ക സാമ്പത്തികശേഷിയും നമ്മുടെ ഭരണ കൂടങ്ങൾക്കില്ല. മാറിപ്പാർക്കാൻതക്ക സ്വയംപര്യാപ്തത കൈവരിച്ചവരും കുറവാണ്. കടൽത്തീരത്ത് പാർക്കുന്നവരെ ഹൈറേഞ്ചിലോ, ഹൈറേഞ്ചിൽ വസിക്കുന്നവരെ കടൽത്തീരത്തോ മാറ്റിപ്പാർപ്പിക്കാനും സാധ്യമല്ല.

വയനാട്ടിലെ ദുരന്തത്തിന് കാരണം അതിതീവ്രമഴ തന്നെ. പ്രകൃതി സംഹാരതാണ്ഡവമാടിയാൽ ലോകമെങ്ങും മനുഷ്യൻ നിസഹായൻ തന്നെ. മുൻ കരുതലെടുക്കുന്നത് ദുരന്തങ്ങളുടെ തീവ്രത കുറയ്ക്കാൻ കഴിയും എന്ന് സമാശ്വസിക്കാനേ നമുക്ക് കഴിയൂ. 'നീറ്റിലെപ്പോളയ്ക്ക് തുല്യമാം ജീവനെ' എന്ന കവിതാശകലം ഓർമ്മ വരുന്നു.

**ജെറാൾഡ്. ബി. മിരാൻഡ**
തോന്നയ്ക്കൽ




# താളുകളിൽ


## സമകാലികം



**8**
നമുക്ക് വേണ്ടത് അപചയം സംഭവിക്കുന്ന ഒരു നവകേരളമല്ല
എം. ജോൺസൺ റോച്ച്

## ലേഖനം



**6**
ജൂബിലി 2025 പ്രത്യാശയുടെ തീർഥാടനം
ഫാ. ലോറൻസ് കുലാസ്



**14**
മരിയൻ എഡ്യൂസിറ്റി: അഭിമാനത്തിന്റെ നാൾവഴികൾ
ഫാ. ഡോ. എ. ആർ. ജോൺ



**20**
വിശുദ്ധർ ജന്മമെടുക്കുന്നത് എങ്ങനെയെന്നാൽ
ഇഗ്നേഷ്യസ് തോമസ്

## അനുസ്മരണം




**24**
ഫാ. റൊമാൻസ്: നന്മയുടെ പാഠപുസ്തകം
ഫാ. ഡൈസൺ

## കഥ




**26**
വിഭ്രാന്തം
സന്തോഷ് ബാബു

## ചരിത്രപഥം




**17**
കൊല്ലം വികാരിയേറ്റ്
ഫാ. ഡോ. ജോൺബോസ്കോ

## കവിത



**12**
ഓർക്കുമ്പോൾ
ഡിക്സൺ ജോർജ്

## ടാക്കീസ്



**28**
കടൽ എന്ന കഥകിനപ്പുറം
സുനിൽ സി. ഇ.

## നേർക്കാഴ്ച




**42**
ഒരു രാജ്യം ഒറ്റതെരഞ്ഞെടുപ്പ്
ജെ. സി.

**13** കാനോൻ നിയമം
**33** വാർത്തകൾ
**30** വചനജ്വാല
**37** നീർച്ചാൽ



ലേഖനം



# ജൂബിലി 2025 പ്രത്യാശയുടെ തീർഥാടനം

ഫാ. ലോറൻസ് കുലാസ്

**ക്രിസ്തുമസ് നാളിനു മുന്നോടിയായ 2024 ഡിസംബർ 24ന് റോമിലെ സെൻറ്. പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധ കവാടം തുറന്നുകൊണ്ടാണ് ജൂബിലി 2025 ആഘോഷങ്ങൾ സമാരംഭിക്കുന്നത്.**

21-ാം നൂറ്റാണ്ടിലെ 2025-ാം വർഷം കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം നിർണായകമായ ഒരു വർഷം തന്നെയാണ്. സഭയിലെ ആത്മീയ നവീകരണത്തിനുവേണ്ടിയും പരിവർത്തനോന്മുഖമായ ആഘോഷങ്ങൾക്കായും ഫ്രാൻസിസ് പാപ്പ ഈ ആണ്ട് നീക്കിവച്ചിരിക്കുകയാണ്. 'പ്രത്യാശയുടെ തീർഥാടകർ' (Pilgrims of Hope) എന്ന സവിശേഷമായ നാമമാണ് ഈ ജൂബിലി വർഷത്തിന് നൽകപ്പെട്ടിരിക്കുന്നത്. വിശ്വാസത്തിൽ ആഴപ്പെടുവാൻ തക്കവിധം അനുരഞ്ജനവും അതിലൂടെ നേടിയെടുക്കാനാവുന്ന ആത്മീയ നവീകരണവും വിശ്വാസികൾക്ക് ഈ ആഘോഷത്തിലൂടെ ഉണ്ടാകേണ്ടതാണ്. വൻനാശനഷ്ടങ്ങൾക്കിടയാകുന്ന യുദ്ധങ്ങളും കോവിഡ്-19 മഹാമാരിയും തീവ്രകാലാവസ്ഥ വ്യതിയാനവും മാനവരാശിയെ ഞെരുക്കുമ്പോൾ ഇവയൊക്കെ അതിജീവിച്ച് ജീവന്റെ പ്രത്യാശയിലേയ്ക്ക് സഞ്ചരിക്കുവാൻ ജൂബിലി 2025 നമ്മെ ക്ഷണിക്കുന്നു.

ക്രിസ്തുമസ് നാളിനു മുന്നോടിയായ 2024 ഡിസംബർ 24ന് റോമിലെ സെൻറ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധ കവാടം തുറന്നുകൊണ്ടാണ് ജൂബിലി 2025 ആഘോഷങ്ങൾ സമാരംഭിക്കുന്നത്. ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷം 2026 ജനുവരി 6 പ്രത്യക്ഷീകരണ തിരുനാളിൽ വിശുദ്ധ കവാടം അടയ്ക്കുന്നതോടെയാണ് സമാപിക്കുന്നത്.

ജൂബിലി 2025 പ്രഖ്യാപന വേളയിൽ ഫ്രാൻസിസ് പാപ്പ നമ്മെ ഇപ്രകാരം ഓർമ്മപ്പെടുത്തിയിരുന്നു: "നമുക്ക് ലഭിച്ച വിശ്വാസത്തിന്റെ തീജ്വാല പ്രോജ്വലിപ്പിച്ചുകൊണ്ട് തുറന്ന മനസോടും വിശ്വാസദീപ്തമായ ഹൃദയത്തോടും ദീർഘവീക്ഷണത്തോടും ഭാവിയെ നോക്കികാണുക. നാം ഉറ്റുനോക്കുന്ന പ്രത്യാശയിലേയ്ക്ക് നമുക്ക് ചുറ്റുമുള്ളവരെകൂടി കോർത്തിണക്കുവാൻ ശക്തി സംഭരിക്കുക". നിരന്തരം നഷ്ടവസന്തങ്ങളിലൂടെ മുന്നേറുന്ന മനുഷ്യസമൂഹത്തിന് ഇപ്രകാരമുള്ള പ്രത്യാശയുടെ കരുത്ത് ഇന്ന് ഏറ്റവും അത്യാവശ്യമായി വന്നിരിക്കുകയാണ്.

ജൂബിലി ആഘോഷങ്ങളുടെ ബൈബിൾ പാരമ്പര്യം നാം മനസിലാക്കുന്നത് പഴയ നിയമഗ്രന്ഥമായ ലേവ്യരുടെ പുസ്തകത്തിലൂടെയാണ് (അധ്യായം 25). ഈ ഗ്രന്ഥത്തിലെ വിവരണപ്രകാരം ഓരോ 50 ആണ്ട് കൂടുമ്പോഴും ജൂബിലിവർഷമാണ്. ജൂബിലി വർഷത്തിന്റെ ഭാഗമായി കടങ്ങൾ ഇളവ്ചെയ്ത് കൊടുക്കപ്പെടുകയും അടിമകൾ സ്വതന്ത്രരാക്കപ്പെടുകയും അന്യായമായി കൈവശപ്പെടുത്തിയ ഭൂമി ഉടമസ്ഥന് തിരിച്ച് നൽകപ്പെടുകയും ചെയ്യുന്നു. ക്രിസ്തീയ പാരമ്പര്യത്തിൽ ആദ്യമായി ജൂബിലിആഘോഷം സ്ഥാപിതമാക്കിയത് 1300 ൽ ബോണിഫസ് 8-ാമൻ പാപ്പയാണ്.

സഭയിൽ ജൂബിലി വർഷം പാപ്പ പ്രഖ്യാപിക്കുന്നത് ഒരു പേപ്പൽ ഉത്തരവിലൂടെയാണ്. ഈ ഉത്തരവ് അറിയപ്പെടുന്നത് 'പാപ്പയുടെ മുദ്ര' എന്ന് അർഥംവരുന്ന പേപ്പൽ ബുൾ (Pepal Bull - 'പാപ്പയുടെ ബുൾ') എന്ന പേരിലാണ്. അപ്രകാരം 2025 ജൂബിലിയുടെ സ്ഥാപനം പ്രഖ്യാപിക്കപ്പെട്ട 'പേപ്പൽ ബുൾ'-ന്റെ പേര് 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന അർഥം വരുന്ന 'Spes non Confundit' എന്നാണ്.

ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് എല്ലാ രൂപതകളും പൊതുവായി അനുവർത്തിക്കേണ്ട മൂന്ന് ഘടകങ്ങൾ ഉണ്ട്: 1) ജൂബിലി ലോഗോ; 2) ജൂബിലി ആന്തം; 3) ജൂബിലി പ്രാർഥന. ഇവയെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അതിരൂപതയുടെ മറ്റ് മാധ്യമങ്ങളിലൂടെ വിശ്വാസികൾക്ക് തുടർന്ന് ലഭ്യമാക്കപ്പെടുത്തുന്നതാണ്. മാനവരാശി ഇന്ന് അഭിമുഖീകരിക്കുന്ന മരണത്തിന്റെയും അനീതികളുടെയും സംസ്കാരത്തിന് വിപരീതമായി ജീവന്റെയും നീതിയുടെയും സംസ്കാരത്തിലേയ്ക്ക് മുന്നേറുവാൻ പ്രസ്തുത ജൂബിലി വർഷം തീർച്ചയായും വിശ്വാസസമൂഹത്തിന് ഉൾക്കരുത്തേകട്ടെ!

■







# നമുക്ക് വേണ്ടത് അപചയം സംഭവിക്കുന്ന ഒരു നവകേരളമല്ല

എം. ജോൺസൺ റോച്ച്

**രാഷ്ട്രപിതാവായ മഹാത്മ ഗാന്ധിയുടെ 155-ാം ജന്മദിന സ്മരണയിൽ നാം എത്തി നിൽക്കുമ്പോൾ; നാം ഇതിനുമുമ്പ് കേട്ടിട്ടില്ലാത്ത വിധത്തിൽ കുറ്റകൃത്യങ്ങളിൽ സ്ഥാനം പിടിച്ചുകൊണ്ടിരിക്കുന്ന ഒരു നവകേരളമാണ് നമ്മുടെ മുന്നിലുള്ളത്. മണ്ണ്, ക്വാറി മാഫിയകളും ഗുണ്ടാസംഘങ്ങളും മയക്കുമരുന്നു സംഘങ്ങളും സ്വർണ്ണക്കള്ളക്കടത്തുകാരും വിരാജിക്കുന്ന ഒരു നവകേരളമായി നമ്മുടെ പഴയ സുന്ദരകേരളം മാറിയിരിക്കുന്നു.**




സ്വഭാവശുദ്ധിയിലും തത്ത്വാധിഷ്ഠിത നിലപാടുകളിലും ഉറച്ചുനിന്നു കൊണ്ട്, സത്യത്തെയും അഹിംസയെയും മുൻനിർത്തി ഇന്ത്യൻ സ്വാതന്ത്ര്യസമരം നയിച്ച്, ആ ദൗത്യം ലക്ഷ്യത്തിലെത്തിച്ച, നമ്മുടെ രാഷ്ട്രപിതാവായ മഹാത്മ ഗാന്ധിജിയുടെ 155-ാം ജന്മദിനസ്മരണയിൽ നാം എത്തി നിൽക്കുമ്പോൾ; നാം ഇതിനുമുമ്പ് കേട്ടിട്ടില്ലാത്ത വിധത്തിൽ കുറ്റകൃത്യങ്ങളിൽ സ്ഥാനം പിടിച്ചുകൊണ്ടിരിക്കുന്ന ഒരു നവകേരളമാണ് നമ്മുടെ മുന്നിലുള്ളത്. മണ്ണ്, ക്വാറി മാഫിയകളും ഗുണ്ടാസംഘങ്ങളും മയക്കുമരുന്നു സംഘങ്ങളും സ്വർണ്ണക്കള്ളക്കടത്തുകാരും വിരാജിക്കുന്ന ഒരു നവകേരളമായി നമ്മുടെ പഴയ സുന്ദരകേരളം മാറിയിരിക്കുന്നു. ഇങ്ങനെയൊരു കേരളത്തിന്റെ കൂടപ്പിറപ്പായ സാംസ്കാരിക അധഃപതനവും വിവിധ ലഹരി പദാർത്ഥങ്ങളിൽ കുടുങ്ങി ജീവിക്കുന്ന ഒരു സമൂഹത്തെയുമാണ് നവകേരളമെന്ന പേരിൽ ഇവിടെ സൃഷ്ടിച്ചെടുത്തുകൊണ്ടിരിക്കുന്നത്. തൊഴിലില്ലായ്മ, അസ്തിത്വനഷ്ടം, വിഭവങ്ങളുടെ അമിതോപയോഗം, പരിസ്ഥിതിനാശം, പൗരാവകാശ ധ്വംസനം എന്നിവ ഈ നവകേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഇത്തരമൊരു നവകേരള സൃഷ്ടിക്കെതിരെ മുൻനിരയിൽനിന്നു പ്രതികരിക്കേണ്ട സാംസ്കാരിക നായകന്മാർ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, പാരി സ്ഥിതിക മണ്ഡലങ്ങളിലെ അപചയങ്ങളെനോക്കി മൗനംപാലിക്കുകയും ഇതിന്റെയൊക്കെ ഭാഗഭാക്കുകളായി അടിമകളായി ജീവിക്കുകയും ചെയ്യുന്നു. സാംസ്കാരിക നായകന്മാരാണെന്ന് ഊറ്റംകൊള്ളുന്ന ഇവർ സർക്കാരിൽ നിന്നുംകിട്ടിയ സ്ഥാനമാനങ്ങൾ നിലനിറുത്താനായി ഒരു ദുഷിച്ച നവകേരളം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നവരെ പാടി പുകഴ്ത്തുകയും ചെയ്യുന്നു. മറ്റൊരു വിഭാഗം, സാംസ്കാരിക നായകന്മാർ ഇതിന്റെയൊക്കെ ഭാഗമായി ചേർന്നുനിന്ന് അപ്പക്കഷ്ണങ്ങൾ നേടിയെടുക്കാനാവുമോ എന്ന തത്രപ്പാടിലാണ്. വീണ്ടും അവശേഷിക്കുന്ന സാംസ്കാരിക നായകന്മാർ സാമൂഹിക പ്രശ്നങ്ങളിന്മേൽ കാതുമടച്ച്, വായും മൂടിക്കെട്ടി, വാലുംചുരുട്ടി മാളത്തിനുള്ളിലാണ്. സർക്കാരിന്റെ എല്ലാ നെറികെട്ട പ്രവർത്തനങ്ങളെയും ഒരു മടിയും കൂടാതെ ന്യായീകരിക്കുന്ന സാംസ്കാ രിക പ്രവർത്തനങ്ങളിൽ ഇടപെടാൻ ഒരു വിഭാഗം സാംസ്കാരിക നായകന്മാർ ഒരു ഉളുപ്പും കാണിക്കുന്നില്ല. ഇത്രത്തോളം സാംസ്കാരിക നായകന്മാർ അധഃപതിക്കാൻ പാടില്ലായിരുന്നു. കുറഞ്ഞപക്ഷം അനീതിക്കെതിരെ പ്രതികരിക്കാൻ ഒരു കുഞ്ചൻനമ്പ്യാർ മാതൃകയെങ്കിലും ഇവർക്ക് സ്വീകരിക്കാമായിരുന്നു.

കേരളത്തിൽ ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെ സർക്കാർ കൊയ്ത്തുകാലമാക്കി മാറ്റിയെടുക്കുന്നു. സന്നദ്ധസംഘടനകളും, സുമനസ്സുകളും, കൊച്ചുകുട്ടികൾവരെ സമ്പാദ്യകുടുക്ക പൊട്ടിച്ച്, മനുഷ്യത്വത്തിന്റെപേരിൽ സഹായഹസ്തം ചെയ്യുന്നതിനെ രാഷ്ട്രീയമായി മുതലെടുക്കാൻ ശ്രമിക്കുന്നത് ക്രൂരതയാണ്. സന്നദ്ധസേവനങ്ങളും ധനസഹായങ്ങളുമായും സമൂഹം വരുന്നത് അവർക്ക് സഹജീവിസ്നേഹവും സഹാനുഭൂതിയും ഉള്ളതുകൊണ്ടാണെന്ന് ഇവർ മനസിലാക്കണം. അവിടെയും അഴിമതി ആരോപണങ്ങൾ ഉയർന്നു നിൽക്കുന്നു. അതിൽ പ്രധാനം ഇഷ്ടക്കാർക്ക് സൗജന്യങ്ങൾ നൽകാനും, സർക്കാർ ധൂർത്തിനും വകമാറ്റി ചെലവഴിക്കുന്നുവെന്നതാണ്. എന്നാൽ, ഓഖി ദുരന്തം, പ്രളയം, കവളപ്പാറ തുടങ്ങിയ ദുരന്തങ്ങൾക്ക് വാഗ്ദാനം ചെയ്തിരുന്ന കാര്യങ്ങൾ നടപ്പാക്കിയിട്ടുമില്ല. അധികാരത്തിന്റെ മറവിൽ ദുരന്തങ്ങളെ രാഷ്ട്രീയ നേട്ടങ്ങൾക്കായും സ്വന്തം അണികൾക്ക് പണംനേടാനുള്ള അവസരമാക്കിയും മാറ്റിയെടുക്കുന്നു.

ദുരന്തങ്ങളെ രാഷ്ട്രീയ താല്പര്യങ്ങൾക്കായി മാറ്റിയെടുത്ത് എങ്ങനെ ഉപയോഗിക്കാനാവുമെന്ന് സർക്കാരിന്റെ അനുഭവം അവരെ പഠിപ്പിച്ചിരിക്കുകയാണ്. മൂന്നാം തവണയും ഭരണമെന്ന ലക്ഷ്യത്തിലെത്താൻ അടുത്ത തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ ഒരു ദുരന്തംകൂടി വന്നാൽ മതിയെന്ന പ്രത്യാശയിലാണ് ഇപ്പോൾ സർക്കാർ. എങ്കിൽ, കിറ്റുകൊടുത്ത് കേരള ജനതയെ പറ്റിക്കാനാവുമെന്ന ശുഭാപ്തിവിശ്വാസത്തിലധിഷ്ഠിതമായാണ് സർക്കാർ ഇപ്പോൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ഇവരുടെ ഇത്തരം ഉഡായിപ്പ് വേലകളിൽ ചെന്നുവീഴുന്ന ഒരു കേരള ജനതയാണ് ഈ സർക്കാരിന്റെ അടിത്തറ. കിറ്റ് കിട്ടുന്നത് തങ്ങൾ കൊടുക്കുന്ന നികുതി പണം എടുത്ത് ചിലവഴിച്ചിട്ടാണെന്ന് ചിന്തിക്കാനുള്ള ബോധശേഷി നഷ്ടപ്പെട്ട ഒരു ജനതയെ തെറ്റിദ്ധരിപ്പിച്ച് വശത്താക്കാൻ എളുപ്പമാണ്.

കേരളഭരണത്തിൽ അഴിമതിയും സ്വജനപക്ഷപാതവും സ്വാംശീകരിക്കപ്പെട്ടിരിക്കുന്നു. ക്രമസമാധാനചുമതല വഹിക്കുന്ന എ.ഡി.ജി.പിക്കെതിരെ ഭരണപക്ഷത്തെ ഒരു എം.എൽ.എ കൊട്ടാരവിപ്ലവം കൊണ്ടോ, ഗുണ്ടാപ്പകപോലെയോ വെളിപ്പെടുത്തിയിരിക്കുന്ന ആരോപണങ്ങൾ ഞെട്ടിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയുടെയും ക്രമസമാധാന പരിപാലന ചുമതല വഹിക്കുന്ന എ.ഡി.ജി.പിയുടെയും നേതൃത്വത്തിൽ രാഷ്ട്രീയ-ഉദ്യോഗസ്ഥ കൂട്ടുകെട്ടുകൾ വളരുന്നു. എ.ഡി.ജി.പിക്ക് സ്വർണ്ണക്കടത്തുമായി ബന്ധമുണ്ട്. മുഖ്യമന്ത്രിയുടെ പൊളിറ്റി



ക്കൽ സെക്രട്ടറിയുടെ ഒത്താശയോടെ ഡി.ജി.പിയെ നോക്കുകുത്തിയാക്കി, ദാവൂദ് ഇബ്രാഹിമിനെ റോൾ മോഡലാക്കിക്കൊണ്ട്, എ.ഡി.ജി.പി ആഭ്യന്തരവകുപ്പ് ഭരിക്കുന്നു. സൈബർ സെല്ലിനെ ഉപയോഗിച്ച് എ.ഡി.ജി.പി മന്ത്രിമാരുടെയും എം.എൽഎമാരുടെയും മാധ്യമ പ്രവർത്തകരുടെയും ഫോൺ ചോർത്തുന്നു. എ.ഡി.ജി.പിയുടെ നേതൃത്വത്തിൽ കൊലപാതകങ്ങൾക്കും, ക്രൂര കൃത്യങ്ങൾക്കും നേതൃത്വം നൽകുന്ന ഒരു അധോലോകവും സമൂഹത്തിൽ പിടിമുറുക്കിക്കൊണ്ടിരിക്കുന്നു. അദ്ദേഹം തൃശ്ശൂർപൂരം കലക്കി, എസ്.പി പിടിച്ചെടുത്ത സ്വർണ്ണത്തിന്റെ 60 ശതമാനവും കൈക്കലാക്കി, പോലീസ് ക്യാമ്പിലെ വളപ്പിനുള്ളിൽനിന്നും തേക്കുമരം മുറിച്ചുകൊണ്ടുപോയി ഇങ്ങനെ തുടരുന്നു എം.എൽ.എയുടെ ആരോപണങ്ങൾ. ഈ ആരോപണങ്ങളെത്തുടർന്ന് പ്രഖ്യാപിച്ച അന്വേഷണങ്ങൾ വേണ്ടപ്പെട്ടവരെ രക്ഷിക്കാനും സ്വയംരക്ഷപ്പെടാനുമുള്ള കളികളായിമാത്രം കണ്ടാൽമതി. ക്രിമിനലുകളെ പിടികൂടി നിയമത്തിനു മുന്നിലെത്തിക്കേണ്ട പോലീസ്തന്നെ ക്രിമിനലുകളായി അധഃപതിച്ചിരിക്കുന്നു. ഒരു ഭരണത്തിനുകീഴിലും പോലീസ് ഇത്രത്തോളം അധഃപതിച്ചിട്ടില്ല. രാജാവ് എങ്ങനെയായിരിക്കുമോ അതായിരിക്കും പ്രജകളെന്ന ചൊല്ലിനെ ഇത് അന്വർത്ഥമാക്കുന്നു.

പുരാവസ്തുത്തട്ടിപ്പുകാരൻ മോൺസൻ മാവുങ്കലുമായി അന്നത്തെ ഡി.ജി.പിയടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ അടുപ്പം പുലർത്തിയിരുന്നത് നാം അറിഞ്ഞതാണ്. മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശിവശങ്കരൻ നയതന്ത്രചാനൽ വഴി സ്വർണ്ണം കടത്തിയതിനും ലൈഫ്മിഷൻ കേസിലും പ്രതിയാണ്. സ്വപ്ന സുരേഷ് വെളിപ്പെടുത്തിയ സ്വർണ്ണ-ഡോളർ കടത്ത് അന്വേഷണം എങ്ങുമെത്താതെ നിൽക്കുന്നു. ഇ.പി. ജയരാജൻ പറഞ്ഞത് ഇങ്ങനെയാണ്; പാർട്ടി ചില സ്വർണ്ണക്കടത്തു മുതലാളിമാരുടെ സ്പോൺസർഷിപ്പ് സ്ഥാപനമായി മാറിയിരിക്കുന്നു. കരുവന്നൂർ സംഘത്തിൽനിന്നും സഖാക്കൾ കോടികൾ മുക്കിയതും, മുഖ്യമന്ത്രിയുടെ മകളുടെ മാസപ്പടിക്കേസും ജനങ്ങളുടെ മനസിൽ സർക്കാരിനുമേൽ കറുത്ത പ്രതി ച്ഛായ തീർത്തിട്ടുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പെരുകുന്നു. മാളുകളിലും നടുറോഡിലും വാഹനങ്ങളിലും സ്ത്രീകൾ ആക്രമണത്തിനു വിധേയരാകുന്നു. ഓടിക്കൊണ്ടിരുന്ന ജീപ്പിൽ 19 വയസുകാരിയെ കൂട്ടബലാത്സംഗത്തിനു ഇരയാക്കി. മുൻ മിസ്കേരള ആൻസി കബീറടക്കം മൂന്നുപേരുടെ അപകട മരണത്തിനിടയാക്കിയത് അവരെ പിന്തുടർന്നു നടത്തിയ ആക്രമണത്തിനിടയിലാണ്. പരാതി നൽകാനെത്തിയ യുവതിയെ സി.ഐ മുതലുള്ള ഉന്നതപോലീസ് ഉദ്യോഗസ്ഥർ പീഡിപ്പിച്ചതായി ഈ യുവതിതന്നെ വെളിപ്പെടുത്തിയിരിക്കുന്നു. വാളയാറിലും വണ്ടിപ്പെരിയാറിലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചു കൊന്നവർക്ക് ഭരണപക്ഷം സംരക്ഷണം നൽകി.

സ്ത്രീത്വത്തിനു വിലപേശുന്ന സിനിമാമേഖലയിലെ വെളിപ്പെടുത്തലുകൾ നമ്മെ ലജ്ജിപ്പിക്കുന്നതാണ്. പീഢനം നടത്തിയവരെ രക്ഷിക്കാനായി ഹേമകമ്മീഷൻ റിപ്പോർട്ട് നാലരവർഷം പൂഴ്ത്തിവച്ചു. വിവരാവകാശ കമ്മീഷണൻ മൂന്നു പ്രാവശ്യം റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും ഓരോ കാരണങ്ങൾ നിരത്തി സാംസ്കാരികവകുപ്പ് റിപ്പോർട്ട് കൈമാറാൻ തയ്യാറായില്ല. വ്യക്തികളുടെ സ്വകാര്യതയും മൊഴികളും സംരക്ഷിച്ചുകൊണ്ട് റിപ്പോർട്ട് പുറത്തുവിടാൻ വിവരാവകാശ കമ്മീഷണർ നിർദ്ദേശിച്ചിട്ടും അതിനു തയ്യാറാകാതെവന്നതോടെയാണ് വിവരാവകാശ നിയമപ്രകാരം വാറൻറ് പുറപ്പെടുവിക്കുമെന്ന് വിവരാവകാശ കമ്മിഷണർക്ക് പറയേണ്ടിവന്നത്. അതിനുശേഷമാണ് സാംസ്കാരികവകുപ്പ് റിപ്പോർട്ട് ഭാഗികമായെങ്കിലും പുറത്തുവിടാൻ തയ്യാറായത്.

ഇത്തരത്തിലെല്ലാം കേരളത്തിൽ നിയമവാഴ്ചയും ജനാധിപത്യമൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ക്വാറി, മദ്യമാഫിയകൾ, ഗുണ്ടാസംഘങ്ങളുമായുള്ള കൂട്ടുകെട്ടുകൾ പല കേസുകളിലും പുറത്തുവരുന്നു. മദ്യമുക്ത കേരളമെന്ന് പറഞ്ഞ് വിവിധ പരസ്യങ്ങൾ നൽകിക്കൊണ്ടിരിക്കുമ്പോൾതന്നെ പൂട്ടിയിരുന്ന എല്ലാ ബാറുകളും തുറക്കുക മാത്രമല്ല ചെയ്തത്, പുതിയവയ്ക്ക് ലൈസൻസ് കൊടുക്കുകയും ചെയ്യുന്നു. ഉരുൾപൊട്ടൽ ദുരന്തം തുടരുമ്പോഴും പുതിയ ക്വാറികൾക്ക് ലൈസൻസ് കൊടുക്കുന്നത് തുടരുന്നു. ഭരണകൂട ഭീകരതയും തേർവാഴ്ചയും കേരളത്തെ ദുഷിപ്പിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടായി അറിയപ്പെട്ടിരുന്ന നമ്മുടെ കേരളത്തെ ഗുണ്ടകളും മാഫിയകളും അടക്കിവാഴുന്ന ഒരു ക്രിമനൽ നവകേരളമാക്കി ഈ സർക്കാർ രൂപപ്പെടുത്തിയിരിക്കുന്നു. അധികാരത്തിന്റെ തണലിൽ പണം നേടുന്നവർ ഇത്തരമൊരു ഭരണസംവിധാനത്തെ നിലനിറുത്താനായി കൊല്ലാനും ചാകാനും തയ്യാറെടുത്തു നിൽക്കുന്നു. ഇവർ ധാർഷ്ട്യം പ്രകടിപ്പിക്കുകയും സമൂഹത്തെ ഭയപ്പെടുത്തി വരുതിയിൽ നിറുത്തുകയും ചെയ്യുന്നു. സർക്കാരിന്റെ സാമ്പത്തിക ദുർവിനിയോഗത്തെയും അഴിമതിയെയും ന്യായീകരിച്ച് ജനങ്ങളെ വിഡ്ഢികളാക്കിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ സമസ്ത മേഖലകളിലെയും ജനജീവിതം ദുഃസ്സ ഹാവസ്ഥയിലേക്ക് മാറ്റപ്പെട്ടിരിക്കുന്ന ഈ സാഹ ചര്യത്തിലെങ്കിലും, നാം ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

■

കവിത

# ഓർക്കുമ്പോൾ

ഡിക്സൺ ജോർജ്ജ്





പറങ്കിമാംചോട്ടിൽ
ഇങ്ങനിരിക്കുമ്പോൾ
വിളിക്കുന്നൂ,
കൂടെയിരുന്നിട്ടകന്ന
നിഴലുകൾ

പോയനിഴലുകൾ
വരുമോ വീണ്ടും
പെയ്തും പെയ്യാതെയും
പോയ കാറുകൾ
വെളുത്തും കറുത്തും
ഉയരെപ്പറന്ന പറവകൾ
വീണ്ടും വരുമോ വരുമോ

വഴിതെളിച്ച പിതൃക്കൾ
കൈപിടിച്ച പുറത്തമ്മമാർ
കളിക്കൂട്ടുകാർ വാധ്യാർ
കളിനിലങ്ങൾ അക്ഷരങ്ങൾ
വീണ്ടും വരുമോ വരുമോ
ചുട്ടപകലുകൾ
തണുപ്പിച്ചരാവുകൾ

പോരിനുറച്ച നിലങ്ങൾ
കാമിച്ചനീലിച്ച യാത്രകൾ
സർഗ്ഗ ഋതുക്കൾ
വഴിതെറ്റിവഴിതെറ്റി
മോഹപഥങ്ങൾ
സുരഭിലസുമങ്ങൾ
വിടർന്നുനിൽക്കുന്നത്
കാണുന്നു
പാടങ്ങളെങ്ങും
അകന്നുപോയല്ലോ

എഴുത്തിൽ
പോരാട്ടത്തിൽ
പ്രണയത്തിൽ
അകന്നുപോയി
ബിന്ദുരാജിയും

ഈവിധം ചിന്തകൾ
ചിതറിത്തെറിക്കവേ
ചില്ലയിൽ കുടിയിരുന്ന
അട്ടാമ്പുഴുവൊന്ന്
ഇഴഞ്ഞിഴഞ്ഞുവന്ന്
കണ്ണും ചോപ്പിച്ചു
കൂപത്തിൽ നിന്ന് രോമം
എയ്യെയ്യെന്നെ
ചൊറിപ്പിച്ചു കളഞ്ഞു

■

# കാനോൻ നിയമം

# തിരുപ്പട്ട കൂദാശയും കാർമ്മികനും



ഫാ. ജോസ് ജി. (അതിരൂപത ചാൻസിലർ)



ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1008 1023, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 1536-1580, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ "ലോകത്തിന്റെ പ്രകാശം" (LG) 20,21,2829 എന്നിവയാണ് തിരുപ്പട്ട കൂദാശയെക്കുറിച്ചും അതിന്റെ കാർമ്മികനെക്കുറിച്ചും വിവരിക്കുന്നത്.

## തിരുപ്പട്ടം

തിരുപ്പട്ട കൂദാശയെ ഇംഗ്ലീഷിൽ വിളിക്കുന്നത് Sacrament of orders എന്നാണ്. CCC1537 തിരുപ്പട്ടത്തിന്റെ അർത്ഥം വിശദീകരിക്കുന്നു. പുരാതന റോമിൽ ഓർദോ (Ordo) എന്ന പദം വ്യവസ്ഥാപിതമായ പൗരസമിതിയെ പ്രത്യേകിച്ച് ഭരണ സമിതിയെയാണ് സൂചിപ്പിച്ചിരുന്നത്. പട്ടം കൊടുക്കൽ (Ordination) എന്നാൽ ഈ സമിതിയിൽ ചേർക്കുക എന്നർത്ഥം.

CIC 1008 പ്രകാരം, ദൈവികസ്ഥാപനത്താൽ ക്രിസ്ത്യാനികളിൽ നിന്ന് ചിലർ തിരുപ്പട്ടം എന്ന കൂദാശയിലൂടെ മായാത്ത മുദ്ര പതിപ്പിക്കപ്പെട്ട് തിരുപ്പട്ട ശുശ്രൂഷകരായി അവരോധിക്കപ്പെടുന്നു. അവർ അങ്ങനെ പ്രതിഷ്ഠിക്കപ്പെടുന്നതും നിയോഗിക്കപ്പെടുന്നതും ഓരോരുത്തരും അവരവരുടെ പദവിയനുസരിച്ച് പുതിയതും പ്രത്യേകവുമായ സ്ഥാനത്താൽ ദൈവജനത്തെ നയിക്കുന്നതിനാണ്.

CIC 1009 പ്രകാരം, മെത്രാൻപട്ടം, പൗരോഹിത്യപട്ടം, ഡീക്കൻപട്ടം എന്നിവയാണ് തിരുപ്പട്ടങ്ങൾ. കൈവയ്പ്പ് കർമ്മത്തിലൂടെയും ആരാധനക്രമ പുസ്തകത്തിൽ ഓരോ പദവിക്കും നിർദ്ദേശിച്ചിരിക്കുന്ന പ്രതിഷ്ഠാപന പ്രാർത്ഥനയിലൂടെയുമാണ് തിരുപ്പട്ടങ്ങൾ നല്കപ്പെടുന്നത്. മെത്രാൻപട്ടത്തിലോ പൗരോഹിത്യ പട്ടത്തിലോ അവരോധിക്കപ്പെടുന്നവർ ശിരസ്സായ ക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ (In the person of Christ the head) പ്രവർത്തിക്കാനുള്ള മിഷനും ഫാക്കൽറ്റിയും സ്വീകരിക്കുന്നു. അതേസമയം, ഡീക്കന്മാരാകട്ടെ ആരാധനക്രമത്തിന്റെയും വചനത്തിന്റെയും ഉപവിയുടെയും ശുശ്രൂഷയിൽ ദൈവജനത്തെ സേവിക്കാനുള്ള ഫാക്കൽറ്റി സ്വീകരിക്കുന്നു. ചുരുക്കത്തിൽ തിരുപ്പട്ട കൂദാശ എന്നത്:

1. ദൈവിക സ്ഥാപനമാണ്;
2. ക്രിസ്ത്യാനിക്കാണ് തിരുപ്പട്ട കൂദാശ സ്വീകരിക്കാനാകുന്നത്;
3. മായാത്ത മുദ്ര പതിപ്പിക്കുന്ന കൂദാശയാണ് തിരുപ്പട്ടം;
4. തങ്ങളുടെ പദവിക്കനുസരിച്ച് ദൈവജനത്തെ നയിക്കുന്നതിനാണ് തിരുപ്പട്ട കൂദാശ സ്വീകരിക്കുന്നത്;
5. തിരുപ്പട്ടം ത്രിതല പദവികൾ നല്കുന്നു: മെത്രാൻ, പുരോഹിതൻ, ഡീക്കൻ
6. കൈവയ്പ്പിലൂടെയും പ്രതിഷ്ഠാപന പ്രാർത്ഥനയിലൂടെയുമാണ് തിരുപ്പട്ടം നല്കുന്നത്;
7. മെത്രാനും പുരോഹിതനും ശിരസ്സായ ക്രിസ്തുവിനെ പ്രതിനിധാനംചെയ്ത് പ്രവർത്തിക്കാനുള്ള മിഷനും ഫാക്കൽറ്റിയും സ്വീകരിക്കുന്നു.
8. ഡീക്കന്മാർ ആരാധനക്രമത്തിന്റെയും വചനത്തിന്റെയും ഉപവിയുടെയും ശുശ്രൂഷയിൽ ദൈവജനത്തെ സേവിക്കാനുള്ള ഫാക്കൽറ്റി സ്വീകരിക്കുന്നു.

## തിരുപ്പട്ടത്തിന്റെ കാർമ്മികൻ

CIC 1012 പ്രകാരം, തിരുപ്പട്ടത്തിന്റെ കാർമ്മികൻ അഭിഷിക്തനായ മെത്രാനാണ്. CIC 1014-1015 പ്രകാരം, മെത്രാഭിഷേക കർമ്മം നിർവ്വഹിക്കാൻ കുറഞ്ഞത് 3 മെത്രാന്മാരുണ്ടാകണം: അഭിഷേകം ചെയ്യുന്ന പ്രധാന മെത്രാനും അഭിഷേകം ചെയ്യുന്ന മറ്റു രണ്ടു മെത്രാന്മാരും. നിയമാനുസൃതം മെത്രാൻ പദവിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട പുരോഹിതന് അയാളുടെ സഭയിൽപ്പെട്ട (ഉദാ. ലത്തീൻ സഭ) ലോകത്തിലെ ഏതു മെത്രാനിൽനിന്നും (കുറഞ്ഞത് 3 പേർ) മെത്രാൻ പട്ടം സ്വീകരിക്കാനാകും. അതേസമയം, പൗരോഹിത്യപട്ടവും ഡീക്കൻപട്ടവും നല്കുന്നത് ഒരു മെത്രാനാണ്. സാധാരണയായി സ്വന്തം മെത്രാനിൽ നിന്നാണ് ഒരാൾ പൗരോഹിത്യപട്ടമോ ഡീക്കൻപട്ടമോ സ്വീകരിക്കുന്നത്. എന്നാൽ സ്വന്തം മെത്രാനിൽനിന്നോ നിയമാനുസൃത മേലധികാരിയിൽനിന്നോ (Proper Ordinary) ഉള്ള അധികാരപത്രം (Dimiss orial Letter) ഉണ്ടെങ്കിൽ മറ്റൊരു മെത്രാനിൽനിന്നും പൗരോഹിത്യ പട്ടമോ ഡീക്കൻ പട്ടമോ സ്വീകരിക്കാവുന്നതാണ്.

■

ലേഖനം

# മരിയൻ എഡ്യൂസിറ്റി: അഭിമാനത്തിന്റെ നാൾവഴികൾ

ഫാ. ഡോ. എ. ആർ. ജോൺ



തിരുവനന്തപുരം  ലത്തീൻ അതിരൂപതയുടെ ഉന്നത വിദ്യാഭ്യാസ കേന്ദ്രമാണ് മരിയൻ എഡ്യൂ സിറ്റി. ഏതൊരു സമൂഹത്തിന്റെയും ജീവിതനിലവാരം ഉയർത്തുന്നതിനായുള്ള താക്കോൽ വിദ്യാഭ്യാസമാണെന്ന് ഈ സ്ഥാപനത്തിന്റെ ആദരണീയരായ പിതാക്കന്മാരും ഉപദേഷ്ടാക്കളും തിരിച്ചറിഞ്ഞ് സഭയുടെ കീഴിലുള്ള കഴക്കൂട്ടം മേനംകുളത്തെ 50 ഏക്കർ ഭൂമിയെ വിദ്യാഭ്യാസത്തിന്റെയും പ്രത്യാശയുടെയും തുരുത്തായി മാറ്റി. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് 1981 സെന്റ് വിൻസന്റ് മൈനർ സെമിനാരി സ്ഥാപിച്ചു കൊണ്ടാണ്.

വരുംകാലങ്ങളിൽ അതിരൂപതയുടെ ഭാഗധേയം



നിർണയിക്കുന്ന ഭാവിയുടെ പുരോഹിതരെ വാർത്തെടുത്തതും മരിയൻ എഡ്യൂസിറ്റിയിലെ പല സ്ഥാപനങ്ങൾക്കും ജന്മംനൽകിയതും ഈ സെമിനാരി കെട്ടിടങ്ങൾ ആയിരുന്നു. വിശുദ്ധനായ ജോൺപോൾ രണ്ടാമൻ പാപ്പയുടെ ഇന്ത്യ സന്ദർശനവേളയിൽ തിരുവനന്തപുരം സെമിനാരിയുടെ നിർമ്മാണം പൂർത്തിയായി വരികയായിരുന്നു. ഈ സുപ്രധാന നിമിഷത്തെ ആദരിക്കുന്നതിനായി പാപ്പ അനുഗ്രഹിച്ച ഒരു സ്മാരകഫലകം സ്ഥാപിച്ചു. ഈ ശിലാഫലകം ജ്ഞാനത്തെയും വിശ്വാസത്തെയും പരിപോഷിപ്പിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന ഒരു യാത്രയുടെ തുടക്കത്തെ പ്രകീർത്തിപ്പെടുത്തുന്നു. വിശുദ്ധ ഗ്രന്ഥത്തിനും ദൈവശാസ്ത്രപഠനത്തിനും പുറമെ ഇംഗ്ലീഷ്, ലത്തിൻ കോഴ്സുകളിലൂടെയും വിവിധ ബിരുദ പഠനങ്ങളിലൂടെയും വിശാലമായ വിദ്യാഭ്യാസ വ്യാപ്തി ഈ സെമിനാരി വാഗ്ദാനം ചെയ്യുന്നു.

2000-ൽ കേരള ഗവൺമെന്റ് സ്വകാര്യ പ്രൊഫഷണൽ കോളേജുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകി. ഇത് വിദ്യാഭ്യാസ രംഗത്ത് കാര്യമായ മാറ്റം വരുത്തി. ഈ അവസരം മരിയൻ ക്യാമ്പസിൽ കേരള സർവകലാശാലയുടെ കീഴിൽ മരിയൻ എൻജിനീയറിങ് കോളേജ് തുടങ്ങുന്നതിന് വഴിവെച്ചു. കേരളത്തിലെ പ്രമുഖ സ്വകാര്യ എൻജിനീയറിങ് സ്ഥാപനങ്ങളിൽ ഒന്നായി മരിയൻ മുന്നോട്ടു കൊണ്ടുപോകുന്നതിൽ സി ഇ ടി എൻജിനീയറിങ് കോളേജിൽ നിന്ന് വിരമിച്ച നിരവധി പ്രൊഫസർമാർ ഉൾപ്പെടെ വിശിഷ്ടരും പരിചയസമ്പന്നരുമായ വ്യക്തികളുടെ സംഭാവന നിർണായകമായിരുന്നു. കാലക്രമേണ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉത്സാഹപൂർവ്വം മെച്ചപ്പെടുത്തുകയും കേരള സർക്കാർ നിശ്ചയിച്ചിട്ടുള്ള കർശനമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി അക്കാഡമിക് പരിപാടികൾ വിപുലീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസ ഗുണനിലവാര മികവിനുള്ള പ്രതിബദ്ധത അടിവരയിടുന്ന ISO സർട്ടിഫിക്കേഷനും NBA അക്രഡിറ്റേഷനും ലഭിച്ചത് അഭിമാനകരമായ നേട്ടങ്ങളായി.

വിദ്യാഭ്യാസ സമ്പ്രദായത്തിൽ ശക്തമായ ഊന്നൽ നൽകി മരിയൻ ക്യാമ്പസിന്റെ അടുത്ത നാഴികക്കല്ല് സെന്റ് ജേക്കബ് ട്രെയിനിങ് കോളേജ് 2005-ൽ ആരംഭിച്ചു. നന്നായി പരിശീലിപ്പിക്കപ്പെട്ട ധാർമികബോധ്യമുള്ള സാമൂഹിക പ്രതിബദ്ധതയുള്ള അധ്യാപകരെ വളർത്തിയെടുക്കുക എന്നതാണ് കോളേജിന്റെ ലക്ഷ്യം. എൻജിനീയറിങ് കോളേജിന്റെ വിജയകരമായ പ്രവർത്തനം ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും പുതിയ സംരംഭങ്ങൾ തുടങ്ങാൻ ക്യാമ്പസിനെ പ്രേരിപ്പിക്കുകയും ചെയ്തു. രക്ഷാധികാരി മോസ്റ്റ് റവ. ഡോ. സൂസപാക്യത്തിന്റെ നേതൃത്വത്തിൽ ക്യാമ്പസിൽ മരിയൻ കോളേജ് ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിങ് സ്ഥാപിതമായതോടെ മറ്റൊരു സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. കോളേജ് പത്താം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഉപദേഷ്ടാക്കളുടെയും രക്ഷിതാക്കളുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും അചഞ്ചലമായ പിന്തുണയാൽ ഊർജ്ജസ്വലമായ ഒരു ഗവേഷണ അന്തരീക്ഷം പരിപോഷിപ്പിക്കുന്നതിന് കോളേജിന് കഴിഞ്ഞു.

വിദ്യാഭ്യാസം എന്നത് അറിവ് കൈമാറുക മാത്രമല്ല, അത് നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തേണ്ടതുമാണ്. ഈ മുദ്രാവാക്യം മനസ്സിൽ വച്ചുകൊണ്ട് കഴിവുള്ള വ്യക്തികളെ കണ്ടെത്തുന്നതിനായി 2015-ൽ ലിറ്റിൽ ഫ്ലവർ ഫുട്ബോൾ അക്കാഡമി സ്ഥാപിച്ചു. ലിഫ രൂപീകരിച്ച് അഞ്ചുവർഷത്തിനുള്ളിൽ രണ്ട് ഇന്ത്യൻ ഇന്റർനാഷണൽ കളിക്കാരെയും 13 ദേശീയ കളിക്കാരെയും 36 സംസ്ഥാന കളിക്കാരെയും സംഭാവന ചെയ്യാൻ അക്കാഡമിക്ക് കഴിഞ്ഞു. അക്കാഡമിയുടെ റസിഡൻഷ്യൽ സജ്ജീകരണത്തിന് കീഴിൽ ഇപ്പോൾ 48 കളിക്കാർ ഉണ്ട്.

ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അതിരൂപതയുടെ വിപുലമായ അനുഭവം ഉൾക്കൊണ്ട് മരിയൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സ്ഥാപിക്കാൻ






മുന്നിട്ടിറങ്ങി. 2016 ഒക്ടോബർ മൂന്നിന് സ്ഥാപിതമായ ഈ കോളേജ് കേരളത്തിലെ തിരുവനന്തപുരത്തുള്ള കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. മേനംകുളത്തെ അഞ്ചേക്കർ പരിസ്ഥിതി സൗഹൃദ ക്യാമ്പസിലാണ് സ്ഥാപനം സ്ഥിതി ചെയ്യുന്നത്. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകളെ അടിസ്ഥാനമാക്കി വിദ്യാഭ്യാസം നൽകുന്ന ഒരു സ്ഥാപനം നമ്മുടെ ക്യാമ്പസിൽ ഉണ്ടാവേണ്ടതുണ്ട്. ചില വിദ്യാർത്ഥികൾ പരമ്പരാഗത പഠനങ്ങളിൽ ദുർബലരായിരിക്കാം, എന്നാൽ ശക്തമായ സാങ്കേതിക വൈദഗ്ധ്യം ഉണ്ടായിരിക്കും.

ഇത് മനസ്സിലാക്കിക്കൊണ്ട് 2019 സെപ്റ്റംബറിൽ സ്ഥാപിച്ച മരിയൻ ക്രാഫ്റ്റ് ആൻഡ് ആർട്സ് സെന്റർ ഓഫ് എക്സലൻസ് ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽ ഒന്നാണ്. വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങളാൽ സമൂഹത്തെ സജ്ജരാക്കുന്നതിനുപിന്നിലെ പ്രചോദനംപോലെ അറിവിനായുള്ള പരിശ്രമം ഒരിക്കലും അവസാനിക്കുന്നില്ല.

കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഈ വർഷം ക്യാമ്പസിൽ മരിയൻ ബിസിനസ് സ്കൂൾ സ്ഥാപിച്ചത് അഭിമാനകരമായ നേട്ടമാണ്. സെമിനാരിയിൽ നിന്ന് വിദ്യാഭ്യാസത്തിന്റെ വിവിധ വിഭാഗങ്ങളുടെ ഒരു കേന്ദ്രമായി മരിയൻ ക്യാമ്പസ് വികസിച്ചു വരുന്നു. ഓരോ സംരംഭങ്ങളും മികവ്, ധാർമികത, സമഗ്രത, സാമൂഹിക ഉത്തരവാദിത്തം എന്നിവയോടുള്ള നമ്മുടെ അചഞ്ചലമായ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയം ഉന്നംവയ്ക്കുന്ന സമഗ്രമായ വിദ്യാഭ്യാസം ഒരു കുടക്കീഴിൽ നൽകുക എന്ന ഉദ്ദേശത്തോടുകൂടി 2024 സെപ്റ്റംബർ 9ന് മരിയൻ ക്യാമ്പസിനെ മരിയൻ എഡ്യൂ സിറ്റി ആയി ആദരണീയനായ കേരള ഗവർണർ ശ്രീ ആരിഫ് മുഹമ്മദ് ഖാൻ പ്രഖ്യാപിച്ചു. ഇന്ന് മരിയൻ എഡ്യൂസിറ്റി തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ അഭിമാനസ്ഥാപനമാണ്. വർഷങ്ങൾ പിന്നിട്ട ഗവൺമെന്റ് കോളേജുകളിൽനിന്ന് പുറത്തിറക്കിയ ലത്തീൻ എൻജിനീയർമാരെക്കാളധികം എഞ്ചിനീയർമാരെയാണ് പിന്നോക്ക കോട്ടയും പരിഗണനയും ധനസഹായവും നൽകി ഏതാനും വർഷങ്ങൾകൊണ്ട് മരിയൻ എൻജിനീയറിങ് കോളേജ് പുറത്തിറക്കിയിട്ടുള്ളത്. ഇന്ന് മരിയന്റെ മക്കൾ ലോകത്തിന്റെ പല ഭാഗങ്ങളിലും അലുമിനിയായി അഭിമാനപൂർവ്വം പല ഉന്നത സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നു. അന്തർദേശീയ യൂണിവേഴ്സിറ്റികളായ സുൽബേൻ യൂണിവേഴ്സിറ്റി( ഓസ്ട്രേലിയ, മലേഷ്യ), ഇൻഡോനേഷ്യൻ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകളുമായി കൈകോർത്ത് മരിയൻ പ്രഭയോടെ മുന്നോട്ടുപോകുന്നു.

ഉന്നതനിലവാരം പുലർത്തുന്ന ഭൗതിക സാഹചര്യങ്ങൾ, പ്രഗൽഭരായ അധ്യാപകർ, യൂണിവേഴ്സിറ്റി റാങ്കുകൾ ഉൾപ്പെടുന്ന ഉയർന്ന വിദ്യാഭ്യാസ നിലവാരം, ശക്തമായ പ്ലേസ്മെന്റ് ആൻഡ് കരിയർ യൂണിറ്റ്, TBI, Innovation and entrepreneurship development cell(IEDC), ടെക്നോപാർക്ക്, വിവിധ വ്യവസായ മേഖലകൾ, VSSC, ISRO എന്നിവയോട് ചേർന്നുള്ള പ്രവർത്തനങ്ങൾ എ പ്ലസ് ലഭിച്ച ഗ്രീൻ ക്യാമ്പസ്, മിയ വാക്കി ഫോറസ്റ്റ്, സാറ്റലൈറ്റ് സെന്റർ എന്നിവ മികവിന്റെ ഏതാനം ചില ഉദാഹരണങ്ങൾ മാത്രം. ഈ യാത്ര തുടരുകയാണ്, നവമായ വിഹായുസ്സുകളിലേക്കും ഒരു ജനതയുടെ സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിലേക്കും തിരുവനന്തപുരം ലത്തീൻ രൂപതയിലെ ഓരോ കുടുംബത്തിൽനിന്നും ഒരു അംഗമെങ്കിലും ഉന്നതവിദ്യാഭ്യാസം നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താനും, ഉന്നത വിദ്യാഭ്യാസം ലഭിക്കാൻ പണം ഒരു തടസ്സമാകാതെ അവർക്ക് ശക്തമായ കൈത്താങ്ങ് നൽകി ഭാവിയിൽ ഒരു ഡീംഡ് ടു ബി യൂണിവേഴ്സിറ്റി ആകാനുമാണ് ഈ യാത്ര. ഈ വിളക്ക് പൂർവാധികം ശോഭയോടെ പ്രകാശിക്കട്ടെ.

■

ചരിത്രപഥം

# തിരുവിതാംകൂറിലെ ക്രിസ്തുമതത്തിന്റെ ഉത്ഭവം 2

# കൊല്ലം വികാരിയേറ്റ്

ഫാ. ഡോ. ജോൺ ബോസ്കോ



1845 മെയ് 12 ന് മലബാർ വികാരിയേറ്റ് മൂന്നായി വിഭജിതമായി. വരാപ്പുഴ, മംഗലാപുരം, കൊല്ലം എന്നിവയായിരുന്നു പുതിയ വികാരിയേറ്റുകൾ. വികാരിയേറ്റിന്റെ അതിർത്തികൾ അറബിക്കടൽ മുതൽ പശ്ചിമഘട്ടം വരെയും കന്യാകുമാരി മുതൽ പമ്പ നദിവരെയും വ്യാപിച്ചിരുന്നു. ബെൽജിയം നിഷ്പാദുക കർമ്മലിത്താ മിഷണറിമാരെ കൊല്ലം വികാരിയേറ്റിന്റെ ചുമതല താത്ക്കാലികമായി ഏൽപ്പിച്ചു. അങ്ങനെ തിരുവനന്തപുരം പ്രദേശം മുഴുവൻ കൊല്ലം വികാരിയേറ്റിന്റെ കീഴിലായി. ബർണർഡിനോ ബച്ചിനെല്ലി 1845 മുതൽ 1853 വരെ കൊല്ലം വികാരിയേറ്റിന്റെ പ്രോ-വികാർ അപ്പോസ്തലിക്കായി നിയമിതനായി. 1853 മാർച്ച് 15 ന് പീയൂസ് ഒൻപതാമൻ പാപ്പ ഈ വിഭജനം സ്ഥിരീകരിക്കുകയും ബർണഡിൻ പൊന്തനോവ ഒ.സി.ഡി.യെ ആദ്യത്തെ വികാർ അപ്പോസ്തലിക്കായി നിയമിച്ചു.

വികാർ അപ്പോസ്തലിക് ആയിരുന്ന മോൺ. മരിയ എഫ്രേം ആണ് ആദ്യമായി തിരുവനന്തപുരം ആസ്ഥാനമാക്കി മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. അക്കാലത്ത് തിരുവനന്തപുരത്ത് നിരവധി പ്രൊട്ടസ്റ്റൻറ് വിശ്വാസികളും, പ്രൊട്ടസ്റ്റൻറ് സ്ഥാപനങ്ങളും വളർന്നു വന്നിരുന്ന സമയമായിരുന്നു. 1845 മുതൽ 1886 വരെ കൊല്ലം ഒരു അപ്പോസ്തലിക വികാരിയേറ്റായിരുന്നു. 1838 ൽ കൊച്ചി രൂപത നിർത്തലാക്കി. തുടർന്ന് തിരുവനന്തപുരം പ്രദേശം മുഴുവൻ കൊല്ലം വികാരിയേറ്റിന്റെ കീഴിലായി. 1847 ൽ കൊല്ലം വികാരിയേറ്റിലെ കത്തോലി





മോൺ. മരിയ എഫ്രേം

ക്കാ ജനസംഖ്യ 55,292 ആയി കണക്കാക്കപ്പെട്ടിരുന്നു. അതിൽ കൊല്ലത്തെ പാദ്രുവാദോ മിഷനിൽപ്പെട്ടവരും കൊച്ചി രൂപതയുടെ തെക്കൻഭാഗവും ഉൾപ്പെട്ടിരുന്നു. എന്നിരുന്നാലും, 1855 ൽ മൊത്തം 7,00,000 ജനസംഖ്യയിൽ 43,000 ൽ കുറയാതെ കത്തോലിക്കരായിരുന്നു. അക്കാലത്ത് അഞ്ച് യൂറോപ്യൻ പുരോഹിതന്മാരും 19 ഇന്ത്യൻ പുരോഹിതന്മാരും ഉൾപ്പെടെ 18 റെസിഡൻഷ്യൽ പള്ളികളും 102 നോൺ റെസിഡൻഷ്യൽ പള്ളികളും ഉണ്ടായിരുന്നു. സെമിനാരിയിൽ 4 വിദ്യാർത്ഥികളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ആറ് സ്കൂളുകളും ഉണ്ടായിരുന്നു. ഇരുപത് വർഷങ്ങൾക്കു ശേഷം 1875 ൽ 1,100,000 പേരിൽ ഏകദേശം 73,000 പേർ കത്തോലിക്കരും റസിഡൻഷ്യൽ പള്ളികൾ യഥാക്രമം 27 ഉം 127 ഉം ആയി ഉയർന്നു. 20 യൂറോപ്യൻ വൈദീകരും, 15 ഇന്ത്യൻ വൈദീകരും എട്ട് സെമിനാരിക്കാരും, 2340 കുട്ടികളുള്ള 76 സ്കൂളുകളും പ്രവർത്തിച്ചിരുന്നു.

പോർച്ചുഗൽ രാജാവിന്റെ കീഴിൽ നേരിട്ട് പ്രവർത്തിക്കുന്ന പാദ്രവാദോ മിഷനറിമാരും റോമിന്റെ കീഴിലുള്ള പ്രൊപ്പഗാന്ത മിഷനറിമാരും അധികാര പരിധിയെക്കുറിച്ചുള്ള സംഘർഷം കാരണം തിരുവനന്തപുരത്ത് വികാരി അപ്പോസ്തലിക്കിന് കൂടുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിഞ്ഞില്ല. 1886 ൽ ലാറ്റിൻ ഹയരാർക്കി സ്ഥാപിച്ചതിനുശേഷം മാത്രമാണ് ബിഷപ്പുമാർക്ക് അവരുടെ പ്രദേശങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞത്. 1886 ജൂൺ 23 ന് ലിയോ പതിമൂന്നാമൻ പാപ്പയും പോർച്ചുഗീസ് സർക്കാരും തമ്മിൽ ഒപ്പുവച്ച പുതിയ ഉടമ്പടിയെത്തുടർന്ന് പാദ്രവാദോ മിഷനും പ്രൊപഗാന്ത മിഷനും തമ്മിലുള്ള സംഘർഷത്തിന് പരിഹാരമായി. ഉടമ്പടിപ്രകാരം കൊച്ചിരൂപത ഗോവ അതിരൂപതയുടെ കീഴിൽ അതിന്റെ യഥാർത്ഥ പദവിയിലേയ്ക്ക് പുനഃസ്ഥാപിക്കപ്പെട്ടു. പോർച്ചുഗൽ രാജാവിന് കൊച്ചി, ഗോവ രൂപതകളുടെ മേൽ പൂർണ്ണാധികാരം നിലനിർത്തി. 1886 ലെ ഉടമ്പടിപ്രകാരം കൊല്ലം രൂപതയുടെ അധികാരപരിധിയിലുള്ള പാദ്രവാദോ മിഷന്റെ ഭാഗമായ നിരവധി ഇടവകകളും പള്ളികളും പ്രൊപ്പഗാന്ത മിഷനിലേക്ക് കൂട്ടിച്ചേർത്തു. എന്നാൽ തിരുവനന്തപുരത്തെ ഭൂരിഭാഗം ഇടവകകളും കൊച്ചിയിലെ പാദ്രവാദോ രൂപതയ്ക്ക് കൈമാറി. അങ്ങനെ പള്ളിത്തുറ മുതൽ ഇരയിമൻതുറവരെയുള്ള തീരദേശം കൊച്ചിയിലെ പാദ്രവാദോ രൂപതയുടെ കീഴിലാക്കപ്പെട്ടു.

## ഭാരതത്തിൽ ലാറ്റിൻ ഹയരാർക്കി സ്ഥാപിതമാകുന്നു

1886 സെപ്റ്റംബർ 1 ന് ലിയോ പതിമൂന്നാമൻ പാപ്പ 'ഹ്യൂമനേ സലൂടിസ്' എന്ന അപ്പോസ്തോലിക തിരുവെഴുത്ത് വഴി ഇന്ത്യയിൽ ലാറ്റിൻ ഹയരാർക്കി സ്ഥാപിച്ചു. അപ്പോസ്തലിക തിരുവെഴുത്തിലൂടെ പാപ്പ ഇന്ത്യയിലെ എല്ലാ അപ്പോസ്തലിക വികാരിയേറ്റുകളെയും എപ്പിസ്കോപ്പൽ പദവിയിലേയ്ക്ക് ഉയർത്തി. അങ്ങനെ ആഗ്ര, ബോംബെ, വരാപ്പുഴ, കൽക്കട്ട, മദ്രാസ്, പോണ്ടിച്ചേരി, ശ്രീലങ്കയിലെ കൊളംബോ തുടങ്ങിയ അപ്പോസ്തലിക വികാരിയേറ്റുകളെ രൂപതകൾ ആയി ഉയർത്തപ്പെട്ടു. കൊല്ലം വികാരിയേറ്റിനെ ഒരു രൂപതയായി ഉയർത്തി വരാപ്പുഴ അതിരൂപതയുടെ കീഴിൽ കൊണ്ടുവന്നു. കൊല്ലം വികാരിയേറ്റിലെ വികാർ അപ്പോസ്തലിക് ആയിരുന്ന ഫെർഡിനൻറ് മരിയ ഒസ്സി, ഒ.സി.ഡി.യെ, കൊല്ലം രൂപതയുടെ മെത്രാനായി നിയമിച്ചു.

1886 സെപ്റ്റംബർ 1 ലെ, അപ്പോസ്തലിക തിരുവെഴുത്ത് വഴി 'ഹുമാനെ സലൂട്ടിസ്' കൊല്ലം രൂപതയുടെ ചരിത്രത്തിലെ ഒരു വഴിത്തിരിവായി മാറി. വിശാലമായ കൊല്ലം രൂപതയിൽ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തെക്കൻ പകുതിയും വടക്ക് പമ്പാ നദി മുതൽ തെക്ക് കന്യാകുമാരിവരെയും തങ്കശ്ശേരി, അഞ്ചുതെങ്ങ് തുടങ്ങിയ ബ്രിട്ടീഷ് പ്രദേശങ്ങളും ഉൾപ്പെ



ലിയോ പതിമൂന്നാമൻ പാപ്പ

ട്ടിരുന്നു. തിരുവനന്തപുരം പ്രദേശം കൊല്ലം, കൊച്ചി രൂപതകളുടെ അധികാരപരിധിയിൽ ഉൾപ്പെട്ടിരുന്നു. കൊച്ചി രൂപതയുടെ കീഴിലുള്ള പള്ളിത്തുറ മുതൽ ഇരയിമ്മൻതുറവരെയുള്ള ഒരു ചെറിയ തീരപ്രദേശം ഒഴികെ മാമ്പള്ളി മുതൽ കന്യാകുമാരിവരെയുള്ള ഇടവകകൾ കൊല്ലം രൂപതയുടെ കീഴിലായിരുന്നു. ഈ പ്രദേശത്തെ ജനങ്ങളുടെ സംസാരഭാഷ തമിഴും മലയാളവും ആയിരുന്നു. അങ്ങനെ തിരുവനന്തപുരത്തെ ലാറ്റിൻ ക്രിസ്റ്റ്യൻ സമൂഹം കൊല്ലം രൂപതയുടെയും കൊച്ചി രൂപതയുടെയും ഭരണസീമക്കുള്ളിലായി.

ബെൽജിയം കർമ്മലീത്ത മിഷനറിമാരുടെ വരവ് തിരുവനന്തപുരത്തെ വിശ്വാസ പ്രചാരണത്തിന്റെ നാലാം ഘട്ടത്തിന് തുടക്കം കുറിച്ചു. തിരുവനന്തപുരം രൂപതയുടെ രൂപീകരണത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചത് കർമ്മലീത്തരുടെ മിഷനറി പ്രവർത്തനങ്ങളോടെയാണ്. തിരുവനന്തപുരത്ത് ഒരു ലത്തീൻ രൂപത നിലവിൽ വരണമെന്ന ആഗ്രഹത്തോടെ പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയ പ്രേഷിതവര്യനും കൊല്ലം രൂപതയുടെ മെത്രാനുമായിരുന്ന ബിഷപ്പ് ബെൻസിഗർ (1854 - 1942). വിശ്വാസികളുടെ എണ്ണം, പള്ളികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശീയ പുരോഹിതന്മാർ എന്നിവ ഒരു പുതിയ രൂപത സ്ഥാപിക്കുന്നതിന് ആവശ്യമായ ഘടങ്ങളായിരുന്നു. തിരുവനന്തപുരത്തെ ഉൾപ്രദേശങ്ങളിൽ നാടാർ, ഈഴവർ, ഹിന്ദുമതത്തിൽ നിന്നുള്ള ദളിതർ തുടങ്ങിയ അടിച്ചമർത്തപ്പെട്ട ജാതിക്കാർക്കിടയിൽ മാനസാന്തര പ്രവർത്തനങ്ങൾ അദ്ദേഹം ത്വരിതപ്പെടുത്തി. താൻ കത്തോലിക്കരുടെ മാത്രമല്ല, തിരുവനന്തപുരത്തെ എല്ലാ ജനങ്ങളുടെയും അജപാലകനാണെന്ന് ബെൻസിഗർ പിതാവ് തന്റെ പ്രേഷിത വൃത്തിയിലൂടെ തെളിയിച്ചു.



തിരുവനന്തപുരത്ത് കത്തോലിക്കാവിശ്വാസികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചു. തിരുവനന്തപുരത്ത് ബിഷപ്പ് ബെൻസിഗറിന്റെ മിഷനറി പ്രവർത്തനങ്ങളുടെ ഫലമായി തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട് എന്നീ പ്രദേശങ്ങളിൽ നിരവധി കത്തോലിക്കാ സമൂഹങ്ങളുടെ രൂപീകരണത്തിന് സഹായിച്ചു. ജനങ്ങളുടെ ആത്മീയവും സാമൂഹികവുമായ ക്ഷേമത്തിനായി അദ്ദേഹം പള്ളികൾ, ആശ്രമങ്ങൾ, കോൺവെൻറുകൾ, സ്കൂളുകൾ, അനാഥാലയങ്ങൾ, ഹോസ്റ്റലുകൾ എന്നിവ സ്ഥാപിച്ചു.

കത്തോലിക്കാ വിശ്വാസത്തിലേക്ക് കടന്നുവന്നവരിൽ ഭൂരിഭാഗം പേരും ഹിന്ദുക്കളും പ്രൊട്ടസ്റ്റൻറുകാരും യാക്കോബായക്കാരുമായിരുന്നു. ഈ കാലയളവിൽ തിരുവനന്തപുരത്ത് 50,000 ത്തിലധികം മാനസാന്തരങ്ങൾ നടന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. യാക്കോബായ വിശ്വാസികളെ കത്തോലിക്ക സഭയുമായി ഒന്നിപ്പിക്കുന്നതിന് മുൻകൈ എടുത്തതും ബിഷപ്പ് ബെൻസിഗർ ആയിരുന്നു. തിരുവനന്തപുരത്തെ മിഷൻ പ്രവർത്തനങ്ങൾ അത്ര എളുപ്പമായിരുന്നില്ല. ഒരു പള്ളിയോ സ്കൂളോ നിർമ്മിക്കാനുള്ള മിഷനറിമാരുടെ ശ്രമങ്ങളെ സവർണ്ണ ഹിന്ദുക്കളും സർക്കാർ ഉദ്യോഗസ്ഥരും തടയാൻ ശ്രമിച്ചതിന് ധാരാളം തെളിവുകളുണ്ട്. എന്നാൽ ബിഷപ്പ് ബെൻസിഗറും മിഷനറിമാരും ധീരമായി പ്രവർത്തിച്ചതിന്റെ ഫലമായി തിരുവനന്തപുരത്ത് കത്തോലിക്കാ വിശ്വാസം ക്രമാനുഗതമായി വളർന്നു. ഒരു കടുകുമണിപോലെ വിതച്ച വിശ്വാസം ഇവിടെ തഴച്ചു വളരുകയും മെച്ചപ്പെട്ട വളർച്ചയ്ക്ക് തിരുവനന്തപുരത്ത് ഒരു ബിഷപ്പ് വേണമെന്ന ആവശ്യം ഉയരുകയും ചെയ്തു. തിരുവനന്തപുരത്തെ എല്ലാ ഭാവിവികസനങ്ങൾക്കുമുള്ള തയ്യാറെടുപ്പ് ഈ കാലയളവിൽ ബിഷപ്പ് ബെൻസിഗർ നടത്തുകയുണ്ടായി. 9,240 ചതുരശ്ര കിലോമീറ്ററിലായി വ്യാപിച്ചു കിടന്ന കൊല്ലം രൂപതയിൽ വിശ്വാസികളുടെയും സ്ഥാപനങ്ങളുടെയും എണ്ണം വർദ്ധിക്കുകയും ഒരു മെത്രാന് അജപാലനധർമ്മം നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥ വന്നുചേരുകയും ചെയ്തു. 1928 ആയപ്പോഴേക്കും കൊല്ലത്തെ മൊത്തം ജനസംഖ്യയിൽ 9,95,000 ൽ ഏകദേശം 2,11,108 പേർ കത്തോലിക്കരായിരുന്നു. ഓരോ വർഷവും കത്തോലിക്കരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. 1928 ൽ ബിഷപ്പ് ബെൻസിഗർ അപ്പോസ്തലിക് ഡെലഗേറ്റായ മോൺ. എഡ്വേർഡ് മൂണിയെ സന്ദർശിച്ചപ്പോൾ വിശാലമായ രൂപതയുടെ വിഭജനം എന്ന ആവശ്യം ഉന്നയിച്ചു.

ബിഷപ്പ് ബെൻസിഗർ ഈ വിഷയം വരാപ്പുഴ ആർച്ച് ബിഷപ്പ് ഏഞ്ചൽ മേരി പെരെസ് ഒ.സി.ഡി.യുമായി കൂടിയാലോചിച്ചു. ദീർഘനാളത്തെ ആലോചനയ്ക്കും ചർച്ചകൾക്കും ശേഷം 1929 മെയ് 24 ന് ബിഷപ്പ് ബെൻസിഗർ കൊല്ലം രൂപതയെ വിഭജിക്കാൻ റോമിലേയ്ക്ക് ശുപാർശ സമർപ്പിച്ചു. (തുടരും....)

ലേഖനം



# വിശുദ്ധർ ജന്മമെടുക്കുന്നത് എങ്ങനെയെന്നാൽ...

ഇഗ്നേഷ്യസ് തോമസ്



ശാസ്ത്ര സാങ്കേതിക പുരോഗതി കൈവരിച്ച ആധുനിക കാലഘട്ടത്തിൽ ആദ്ധ്യാത്മിക അനുഷ്ഠാനങ്ങളും ആരാധനക്രമങ്ങളും അരങ്ങൊഴിയുന്ന പ്രവണത പ്രകടമായിവരുന്നു. മതനിരപേക്ഷതയിലും മതേതരത്വത്തിലും ആകൃഷ്ടരായി ജീവിക്കുന്നവരുടെ സംഖ്യ പാശ്ചാത്യ നാടുകളിൽ ഏറുകയാണ്. ഈ ആശയങ്ങൾ ഇരുപതാംനൂറ്റാണ്ടിൽ വളർന്നു പന്തലിക്കാൻ തുടങ്ങി. ഇതിന്റെ അനുരണനങ്ങൾ നമ്മുടെ നാട്ടിലും കേൾക്കാം. ക്രൈസ്തവ മതത്തെ യൂറോപ്യൻ രാജ്യങ്ങൾ ഏതാണ്ട് കൈവിട്ടു കഴിഞ്ഞു. ന്യൂജെൻ ആൾദൈവങ്ങളുടെ പിന്നാലെ കൂടുന്നതിലാണ് അവർക്ക് താല്പര്യം. കുടുംബബന്ധങ്ങളുടെ പവിത്രത, കുടുംബ പാരമ്പര്യം, മതാത്മക ജീവിതം ഇവയൊക്കെ യൂറോപ്യൻ ജനത മറന്നു കഴിഞ്ഞു. ഈ പ്രവണത നമ്മുടെ നാട്ടിലേക്കും ശക്തമായി കടന്നുവരുന്നു. കുടുംബങ്ങൾ ശിഥിലമാകുന്നതോടെ മനുഷ്യബന്ധങ്ങൾ അവസാനിക്കുന്നു. കുട്ടികൾ അനാഥരാകുന്നു. പിതാവിന്റെ സംരക്ഷണവും മാതാവിന്റെ പരിലാളനയും നഷ്ടപ്പെടുന്നു. സ്വാസ്ഥ്യം നഷ്ടപ്പെട്ട കുട്ടികൾക്ക് സന്തോഷകരമായ ബാല്യം ഇല്ലാതാകുന്നു. കുടുംബബന്ധങ്ങൾ തകരുന്നതോടെ മതാത്മക ജീവിതം അപ്രത്യക്ഷമാകുന്നു. ഈ അവസ്ഥയിൽ വിശുദ്ധജീവിതത്തിന് എന്ത് പ്രസക്തി?

വിശുദ്ധിയുടെ വിളനിലമായ കുടുംബങ്ങളിൽനിന്നാണ് സഭക്ക് വിശുദ്ധരെ സംലഭ്യമായത്. മാതാപിതാക്കളുടെ ജീവിത

മാതൃകകളായിരുന്നു മക്കൾക്ക് പ്രചോദനമായി തീർന്നത്. ആഗോള സഭയിൽ മിഷൻ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയെ സമ്മാനിച്ചത് ഫ്രാൻസിലെ ലിസ്യുവെന്ന കൊച്ചുഗ്രാമത്തിൽ പാർത്ത ഉത്തമ ക്രൈസ്തവ കുടുംബമാണ്. ആദർശാത്മകവും വചനാധിഷ്ഠിതവുമായ കുടുംബ ജീവിതം നയിച്ച് വിശ്വലോകത്തിനും സഭക്കും കൊച്ചുത്രേസ്യ എന്ന പുണ്യവതിയെ സമ്മാനിച്ചത് ലൂയി മാർട്ടിൻ സെലിഗ്വരിൻ ദമ്പതികളായിരുന്നു. സഭ ഏറെ ആദരവോടെ കുടുംബജീവിതത്തിന്റെ മാതൃകകളായി ഇവരെ അവതരിപ്പിക്കുന്നു.

1858 ജൂലൈ 12-ാം തീയതി ഫ്രാൻസിലെ അലൻ സോണിലെ നോത്രഡാം ദേവാലയത്തിൽ വച്ച് വിവാഹിതരായ ഈ ദമ്പതികൾക്ക് 9 മക്കളെ നല്കിയാണ് ദൈവം അനുഗ്രഹിച്ചത്. 5 പെൺകുട്ടികൾ ഇഹലോക ജീവിതം ആസ്വദിച്ച് ജീവിക്കാൻ സർവ്വേശ്വരൻ അനുവദിച്ചു. 4 പേർ സ്വർഗ്ഗത്തിൽ ജീവിക്കാൻ വളരെ ചെറുപ്രായത്തിലെ വിളിക്കപ്പെട്ടു. ഓരോ കുഞ്ഞിന്റെ ജനനവും ദൈവത്തിന്റെ വിശിഷ്ട ദാനമായി ദമ്പതികൾ കരുതി. തന്റെ ജനനത്തെയും ബാല്യകാലത്തെയും പറ്റി കൊച്ചുത്രേസ്യ സ്മരിക്കുന്നത് ഇങ്ങനെ: "എന്റെ ജീവിതം മുഴുവൻ സ്നേഹംകൊണ്ടെന്നെ സമാവരണം ചെയ്യാൻ, ദൈവം തിരുമനസ്സായി. പുഞ്ചിരിയും അത്യന്തം സ്നേഹമസൃണവുമായ ലാളനകളുംകൊണ്ടാണ് എന്റെ ആദ്യസ്മരണകൾ മുദ്രിതമായിരിക്കുന്നത്."

## പ്രസാദാത്മകമായ കുടുംബാന്തരീക്ഷം

നിഷ്കളങ്ക സ്നേഹത്തിന്റെ ഭാവാത്മകമായ പ്രസരണമായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യയുടെ കുടുംബത്തിൽ നടന്നത്. സ്നേഹത്തിന്റെ പരിലാളന ഏറ്റുവാങ്ങാൻ ത്രേസ്യാക്ക് സാധിച്ചു. ലോകത്തിലായിരുന്നുകൊണ്ട് നന്മതിന്മകൾ തിരിച്ചറിഞ്ഞ് വളരുന്നതിന് മക്കളെ പ്രാപ്തരാക്കുന്ന പരിശീലനം മാതാപിതാക്കൾ നല്കി. പരിത്യക്തശിശുക്കൾ, അഗതികൾ, വൃദ്ധർ തുടങ്ങി വേദനിക്കുന്ന എല്ലാവരെയും ആശ്വസിപ്പിക്കാനും സ്നേഹിക്കാനും മാതാപിതാക്കൾ മക്കൾക്ക് പ്രചോദനം നല്കി.



പരാധീനതകളിൽ ദമ്പതികൾ പരിഭവിച്ചിരുന്നില്ല. പരസ്പരം അംഗീകരിക്കാനും ആദരിക്കാനും അവർ സന്നദ്ധരായി. രോഗങ്ങൾ അലട്ടിയപ്പോൾ പ്രത്യേകിച്ച് സെലിഗ്വരക്ക് ക്യാൻസർ പിടിപെട്ടപ്പോൾ ആ അമ്മ മക്കളുടെ ഭാവിയെക്കുറിച്ച് ഉത്കണ്ഠപ്പെട്ടില്ല. കാരണം മക്കളുടെ സ്വഭാവ വൈശിഷ്ട്യത്തെപ്പറ്റി അമ്മക്ക് ആത്മവിശ്വാസ മുണ്ടായിരുന്നു. വാക്കുകളെക്കാൾ തീക്ഷ്ണമായ സ്നേഹംകൊണ്ട് മക്കൾ അമ്മയെ പരിചരിച്ചു. അമ്മയുടെ മരണം കൊച്ചു ത്രേസ്യയെ ദുഃഖിതയാക്കി. പിതാവ് ലൂയിമാർട്ടിൻ അമ്മയുടെ സ്നേഹവുംകൂടി നല്കി കുഞ്ഞുത്രേസ്യയെ വളർത്തി. കുടുംബത്തിൽ വിളങ്ങിയിരുന്ന സ്നേഹവും സമാധാനവും ലോകത്തെ മുഴുവൻ തന്റെ കുടുംബമായി കാണാൻ കൊച്ചുത്രേസ്യയെ സഹായിച്ചു. ഈ സ്നേഹത്തിൽ എല്ലാവരെയും സഹോദരീസഹോദരന്മാരായി കാണാനവൾക്ക് കഴിഞ്ഞു.

സഹോദരിമാരുടെ ഇഷ്ടമനുസരിച്ച് പെരുമാറാനും അവരുമായി ആഴത്തിലുള്ള ഹൃദയബന്ധം സ്ഥാപിക്കാനും കഴിഞ്ഞത് മാതാപിതാക്കളുടെ സ്നേഹമാതൃകമൂലമായിരുന്നു. സഹോദരങ്ങളുമായുള്ള ഹൃദയബന്ധത്തെപ്പറ്റി അവൾ പറയുന്നത് ഇപ്രകാരമാണ്. "ഒരാത്മാവു തന്നെയായിരുന്നു ഞങ്ങളുടെ ജീവിതതന്തു."

ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും ദൈവത്തിന്റെ സാന്നിദ്ധ്യം ദർശിക്കാനവൾക്കായി. "ധാന്യങ്ങൾ നിറഞ്ഞ വയലുകളും പുഷ്പങ്ങൾ നിറഞ്ഞ തോട്ടങ്ങളും മാത്രമല്ല ദുഃഖങ്ങളും വേദനകളും ലോകത്തിലുണ്ടെന്ന് അപ്പൻ മക്കളെ പഠിപ്പിച്ചു. മക്കളോടുള്ള അതിരറ്റ സ്നേഹവും വാത്സല്യവും ഹൃദയത്തിൽ സൂക്ഷിക്കുന്നതോടൊപ്പം സ്നേഹം പ്രകടിപ്പിക്കുവാനും പിതാവ് മാർട്ടിൻ ശ്രദ്ധിച്ചിരുന്നു. മക്കളുടെ ഏറ്റവും നിസ്സാരമായ കാര്യങ്ങളിൽപോലും ശ്രദ്ധിച്ച പിതാവ് സ്നേഹത്തിൽ സുരക്ഷ മക്കൾക്ക് നല്കി. ഈ സ്നേഹസമൃദ്ധിയിൽ നിന്നാണ് ദൈവം സ്നേഹനിധിയായ പിതാവാണെന്ന വിശ്വാസം കൊച്ചുത്രേസ്യയിൽ നാമ്പെടുത്തത്. വിശുദ്ധയാകാൻ അവൾ കണ്ടെത്തിയ കുറുക്കുവഴി ഈ പിതൃപുത്രീബന്ധത്തിന്റെ ആഴപ്പെടലായിരുന്നു. ശിശു സഹജമായ നൈർമ്മല്യത്തിൽ ആഴ്ന്നിറങ്ങി തന്നെത്തന്നെ ദൈവപിതാവിന് സമർപ്പിക്കാനായത് അപ്പനോടുള്ള സ്വാതന്ത്ര്യത്തോടെയുള്ള സ്നേഹം അനുഭവിച്ചതുകൊണ്ടാണ്. ക്രിസ്തു കുടുംബനായകനാണെന്ന വിശ്വാസത്താൽ മുദ്രിതമായ ക്രൈസ്തവ വിശ്വാസത്തിന് സാക്ഷ്യമേകിയ കുടുംബമായിരുന്നു ലൂയിമാർട്ടിന്റേത്. ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നിറഞ്ഞ വഴിയിലൂടെ യാത്ര ചെയ്യുമ്പോഴും യേശുവിലുള്ള അടിയുറച്ച വിശ്വാസത്തിൽ അവൾ ആശ്വാസം കണ്ടു. തങ്ങളനുഭവിച്ച ദൈവാനുഭവം അതേപടി മക്കൾക്ക് പകർന്നുകൊടുത്തുകൊണ്ട് എല്ലാകാര്യങ്ങളിലും ദൈവസ്നേഹത്തിന്റെ പരിലാളന അനുഭവിക്കാനും കുടുംബനാഥ

നും നാഥക്കും മക്കൾക്കും കഴിഞ്ഞിരുന്നു. കുടുംബ സദസ്സ് പരസ്പരം അംഗീകരിക്കാനും ആദരിക്കാനുമുള്ള വേദിയായി മാറി. പരസ്പരം പ്രചോദിപ്പിച്ചും കുറവുകൾ പൊറുത്തും സ്നേഹപൂർവ്വമായ തിരുത്തലുകളിലൂടെയും സന്തോഷങ്ങൾ പങ്കിട്ടെടുത്തുമാണ് ആ കുടുംബം ജീവിച്ചത്.

## ത്രേസ്യക്കുണ്ടായ ദൈവവിളി

ദൈവവിളിയുടെ വിളനിലമായിരുന്നു ലൂയിമാർട്ടിന്റെ കുടുംബം. കൊച്ചുത്രേസ്യയുടെ എല്ലാ സഹോദരിമാരും സമർപ്പിത ജീവിതം തെരഞ്ഞെടുത്തിരുന്നു. വീട്ടിൽനിന്നും ലഭിച്ച അറിവും അനുഭവവും മാതാപിതാക്കളും സഹോദരിമാരും പകർന്ന സ്നേഹവും കൊച്ചുത്രേസ്യയുടെ മനോഗതിയിൽ വലിയ മാറ്റങ്ങൾ വരുത്തി. എല്ലാ മനുഷ്യരെയും സ്നേഹപിതാവിന്റെ പക്കലേക്ക് കൊണ്ടുവരണമെന്ന് അവൾ ആഗ്രഹിച്ചു. ദൈവപിതാവുമായുള്ള അഗാധ സ്നേഹംമൂലം തന്നെത്തന്നെ സ്നേഹപിതാവിന് സമ്പൂർണ്ണമായി നല്കാൻ ത്രേസ്യയെ പ്രേരിപ്പിച്ചു. തന്റെ ദൈവവിളി പിതാവിന് മുമ്പിൽ വെളിപ്പെടുത്തിയപ്പോൾ ഉണ്ടായ രംഗം ഏറെ വികാരനിർഭരമായിരുന്നു. തന്റെ മൂത്ത മൂന്ന് മക്കളും ദൈവവിളി സ്വീകരിച്ചു കഴിഞ്ഞിരുന്നു. തന്റെ കൊച്ചുറാണിയുടെ ആഗ്രഹത്തിനെതിരായി അദ്ദേഹം മറുത്ത് ഒരക്ഷരം മിണ്ടാതെ അനുവാദം നല്കി. 15 വയസ്സുള്ള കുട്ടിയെ കർമ്മലമഠത്തിന്റെ ചുമരുകൾക്കുള്ളിൽ തളച്ചിടുന്നതിന്റെ അനൗചിത്യം ബന്ധുക്കൾ ചൂണ്ടിക്കാട്ടിയെങ്കിലും തന്റെ തീരുമാനത്തിൽ നിന്ന് അവളോ മാർട്ടിനോ പിൻമാറിയില്ല. 21 വയസ്സ് തികയാതെ കന്യകാമഠത്തിൽ ചേരാൻ നിയമം അനുവദിച്ചിരുന്നില്ല. തന്റെ അതിതീക്ഷ്ണമായ ആഗ്രഹം സഫലമാക്കാൻ അപ്പനുമൊത്ത് ലിയോ പതിമൂന്നാമൻ പാപ്പയുടെ പക്കൽ അനുവാദം നേടാനായി അണഞ്ഞു. പരിശുദ്ധ പിതാവിനോട് തന്റെ ആഗ്രഹം ഉണർത്തിച്ചപ്പോൾ "കൊള്ളാം കുഞ്ഞേ, അധികാരികൾ പറയുന്നതുപോലെ ചെയ്യുക, നല്ല ദൈവം കനിയുന്നപക്ഷം നീ മഠത്തിൽ പ്രവേശിക്കും" എന്ന് പറഞ്ഞ് കൊച്ചുത്രേസ്യയെ സമാശ്വസിപ്പിച്ച് പറഞ്ഞയച്ചു. ലിസ്യൂവിൽ തിരിച്ചെത്തിയ കൊച്ചുറാണി കേട്ട വാർത്ത ഏറെ സന്തോഷകരമായി തീർന്നു. മഠത്തിൽ ചേരാൻ അനുവാദം ലഭിച്ചുവെന്ന വാർത്ത അവളെ അത്യധികം ആനന്ദിപ്പിച്ചു. ലെബ്യൂസൊണ കുടുംബത്തിന്റെ പടിവാതിലുകൾ ഇറങ്ങി ഏപ്രിൽ 9 ന് കർമ്മല മഠമാകുന്ന വലിയ കുടുംബത്തിലെ അംഗമായി. വീട്ടിലനുഭവിച്ച സന്തോഷവും സ്നേഹവും കർമ്മല മഠത്തിൽ പങ്കുവയ്ക്കാൻ ദൈവം അവസരം നല്കി. സന്യാസത്തിന്റെ കാർക്കശ്യവും ചിട്ടകളും സ്നേഹത്തോടെ അവൾ സ്വീകരിച്ചു. സ്നേഹത്തിന്റെയും സഹനത്തിന്റെയും ത്യാഗത്തിന്റെയും നറുമലരുകൾ കൊച്ചുറാണി കർമ്മല മഠത്തിൽ വിരിയിച്ചു.

## കൊച്ചുത്രേസ്യയുടെ ആദ്ധ്യാത്മിക ദർശനം

ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ഒരുവനെ യോഗ്യമാക്കുന്നതെന്ത്? ശിശുസഹജമായ എളിമയും ദൈവാശ്രയബോധവും അടിയുറച്ച വിശ്വാസവും! ദൈവം മർത്ത്യരിൽ നിന്ന് പ്രതീക്ഷിക്കുന്നത് എന്ത്? ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ച് നിരന്തരം ഹൃദയപരിവർത്തനത്തിന് വിധേയമായി ജീവിക്കുക. കൊച്ചുത്രേസ്യ സ്വയം ചോദിക്കുകയും കണ്ടെത്തുകയും ചെയ്ത ഉത്തരങ്ങളാണ് മേലുദ്ധരിച്ചവ. യഥാർത്ഥ എളിമ നമ്മുടെ ജീവിതത്തിന്റെ ശൂന്യത വെളിപ്പെടുത്തുകയും





ഇതിലൂടെ ദൈവകാരുണ്യത്തിന്റെ അപാരത നമ്മെ ബോധ്യമാക്കുകയും ചെയ്യും. ഒരു ശിശുവിന്റെ കാഴ്ചപ്പാടിൽ ലോകത്തിലെ എല്ലാ കാര്യങ്ങളും വലുതായിരിക്കുമ്പോൾ ദൈവത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും ചെറുതാണ്. തന്നെക്കാൾ മറ്റുള്ളവർ മഹത്വമുള്ളവരും ശ്രേഷ്ഠരുമാണെന്ന് ചിന്തിക്കുക.

ആദ്ധ്യാത്മിക ശിശുത്വം കൈവരിച്ച് വിശുദ്ധിയുടെ ഉന്നതഗിരിശൃംഗത്തിലെത്താനുള്ള കുറുക്കുവഴി, വിശുദ്ധ കൊച്ചുത്രേസ്യയെ സംബന്ധിച്ച്, ഋജുവും ഹ്രസ്വവുമായ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതായിരുന്നു. പുണ്യ പൂർണതയുടെ പരുക്കൻ ഗോവണികയറുന്നവേളയിൽ പരസ്പരം സഹായിക്കുക പ്രോത്സാഹിപ്പിക്കുക ദുഃഖങ്ങൾ പങ്കുവയ്ക്കുക ഇതെല്ലാം ത്രേസ്യയുടെ അടിയുറച്ച ബോധ്യങ്ങളായിരുന്നു.

## മിഷൻ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥ

കൊച്ചുത്രേസ്യ സഞ്ചരിച്ച വഴികളുടെ ദൈർഘ്യം വളരെ കുറവായിരുന്നു. സന്യാസ ജീവിതത്തിൽ പദമൂന്നിയശേഷം കർമ്മല മഠം വിട്ടു പുറത്തിറങ്ങിയതായി അറിവില്ല. മരണംവരെ അധികം പേർ അവളെപ്പറ്റി അറിഞ്ഞിരുന്നില്ല. മതിലുകൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന മഠത്തിന്റെ മുറിക്കുള്ളിലിരുന്ന് യേശുവിനായി ദിവസവും സുകൃത കുസുമങ്ങൾ ശേഖരിച്ചു. നിസാരകാര്യങ്ങളിൽ വിശ്വസ്തയായിരുന്നുകൊണ്ട് പുണ്യ പൂർണ്ണത നേടി. ചെറിയ കാര്യങ്ങൾപോലും അസാധാരണ ശ്രദ്ധയോടെ ചെയ്തുകൊണ്ട് തന്റെ കൊച്ചുമുറി പ്രേഷിത പ്രവർത്തനത്തിന്റെ ഊർജ്ജ സംഭരണ കേന്ദ്രമാക്കിക്കൊണ്ട് പ്രാർത്ഥനയുടെ വിശ്വാസ പ്രസരണം മിഷൻ കേന്ദ്രങ്ങളിലേക്ക് നടത്തി. "എല്ലാ പ്രവർത്തികളും ദൈവമഹത്വത്തിനുവേണ്ടി മാത്രം" ഇതായിരുന്നു വിശുദ്ധയുടെ ആപ്തവാക്യം. ആത്മാക്കളുടെ പേരിലുള്ള തീക്ഷ്ണതയാൽ അവൾ മിഷനറിമാർക്കൊപ്പം മനസ്സാൽ പങ്കുചേർന്നു. രോഗവും വേദനയും സദാ പിന്തുടർന്നപ്പോഴും തന്റെ നാഥന് അവ സന്തോഷപൂർവ്വം സമർപ്പിച്ചു. സഹനത്തിന്റെ ബലിവേദിയിൽ തന്റെ ജീവിതം ഹോമിച്ചത് ആത്മാക്കളുടെ രക്ഷക്കുവേണ്ടിയായിരുന്നു.

കേവലം 24 വർഷംമാത്രം നീണ്ടുനിന്ന ജീവിതം, അതിൽ പതിനഞ്ച് വർഷം സ്വന്തം ഭവനത്തിലും 9 വർഷം കന്യകാമഠത്തിലുമായി ജീവിച്ചു. ആരാലും അറിയപ്പെടാതെ ജീവിച്ച ഈ കന്യക ആഗോള സഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായി മാറിയത് ആശ്ചര്യകരമാണ്. ജീവിച്ചിരുന്നപ്പോൾ നന്മയുടെ സുകൃത പുഷ്പങ്ങൾ വിരിയിച്ച വിശുദ്ധ കൊച്ചുത്രേസ്യ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടൊപ്പം ഇന്നും ആഗോള സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുന്നു.

■



അനുസ്മരണം



# ഫാ. റൊമാൻസ്: നന്മയുടെ പാഠപുസ്തകം

ഫാ. ഡൈസൻ



റൊമാൻസച്ചനെ ആഴത്തിൽ അറിയുന്നവർക്ക്, സൂസപാക്യം പിതാവ് പറഞ്ഞതുപോലെ അദ്ദേഹം വലിയൊരു അത്ഭുതമാണ്. കാരണം അദ്ദേഹത്തിന്റെ ജീവിതം വായിച്ചാൽതീരാത്ത നന്മയുടെ സങ്കീർത്തനവും ചൊല്ലിയാൽതീരാത്ത നന്മയുടെ കവിതയുമാണ്. ഭൂമിയിൽ ക്രിസ്തുവിന്റെ സുഗന്ധമായി അനേകരെ ദൈവത്തിങ്കലേക്ക് ആനയിച്ച അദ്ദേഹം സ്വർഗ്ഗത്തിലെ സുഗന്ധം ആകുവാൻ ദൈവസന്നിധിയിലേക്ക് യാത്രയായി.

**നന്മയുടെ വിളക്കുമരം:** വിളക്കുമരം താൻ ചെയ്യുന്ന കർമ്മത്തെക്കുറിച്ച് കൊട്ടിഘോഷിക്കുന്നില്ല, ശബ്ദ കോലാഹലങ്ങൾ സൃഷ്ടിക്കുന്നില്ല, പെരുംപറ മുഴക്കുന്നില്ല. അത് നിശബ്ദമായി പ്രകാശിക്കുകമാത്രം ചെയ്യുന്നു. അതുപോലെ നിശബ്ദസേവനത്തിന്റെ ഉത്തമ മാതൃകയാണ് ഫാദർ റൊമാൻസ്. പുതിയ നിയമത്തിന്റെ താളുകളിൽ യൗസേപ്പ് പിതാവ് ഒരക്ഷരംപോലും ഉരിയാടുന്നില്ലെങ്കിലും തെളിമയോടെ ജ്വലിച്ചുനിൽക്കുന്ന വ്യക്തിത്വമാണ്. യൗസേപ്പിതാവിനെപ്പോലെ നിശബ്ദനാണെങ്കിലും തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ ആത്മീയവറുതിയിൽ ഉണങ്ങിപ്പോയ അനേകം വിശ്വാസജീവിതങ്ങളെ നിശബ്ദ സേവനംകൊണ്ട് തെളിമയോടെ ജ്വലിപ്പിച്ചുനിറുത്തിയ നന്മയുടെ വ്യക്തിത്വമാണ് ഫാദർ റൊമാൻസ്. മനുഷ്യജീവിതങ്ങളിൽ ശ്മശാനമൂകത പരത്തുന്ന നിശബ്ദതയല്ല അദ്ദേഹത്തിന്റേത് മറിച്ച്, നന്മയുടെ പൂക്കൾ വിരിയിക്കുന്നതായിരുന്നു. ചുരുക്കത്തിൽ അദ്ദേഹം ഈ ലോകത്ത് ക്രിസ്തുവിന്റെ നന്മയുടെ വിളക്കുമരമായിന്നു.

**നന്മയുടെ പാഠപുസ്തകം:** വൈദികർക്കും സന്യസ്ഥർക്കും മാത്രമല്ല, അല്മായർക്കും വായിക്കാവുന്ന നന്മയുടെ ലളിതമായ പാഠപുസ്തകമാണ് റൊമാൻസ് അച്ചന്റെ ജീവിതം. വലിയ അത്ഭുതങ്ങളുടെ നീണ്ടനിര അദ്ദേഹത്തിന്റെ ജീവിതത്തിൽ കാണാനാകില്ലെങ്കിലും, ചെറിയ ചെറിയ പ്രവർത്തനങ്ങളിലൂടെ അദ്ദേഹം തീർത്ത അൽഭുതങ്ങളുടെ പാലാഴി നമുക്ക് ദർശിക്കാനാവും. അതിനുള്ള പ്രചോദനം അദ്ദേഹത്തിനു ലഭിച്ചത് വിശുദ്ധ കൊച്ചുത്രേസ്യയിൽ നിന്നും മദർ തെരേസയിൽ

നിന്നുമാണ്. അദ്ദേഹത്തെ ഗുരുതുല്യം കാണുന്ന ഒരു വൈദികൻ അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി: 'ഏറ്റവും പ്രചോദനാത്മകമായ നല്ല സന്ദേശങ്ങളുടെ ഉള്ളടക്കമാണ് റൊമാൻസ് അച്ചന്റെ ജീവിതം. അതുകൊണ്ട് അച്ചന്റെ ജീവിതം നന്മയുടെ വെറും ഒരു അധ്യായമല്ല, നന്മയുടെ ഒരുപാട് അധ്യായങ്ങളുള്ള ഒരു വിശുദ്ധ ഗ്രന്ഥം പോലെയാണ്.

**നന്മയുടെ തണൽ മരം:** ദുഃഖംവീണ മനസ്സുമായി അദ്ദേഹത്തിന്റെ അടുക്കൽ വരുന്നവർ സന്തോഷത്തോടെ തിരികെ പോകുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. സങ്കീർത്തന പുസ്തകം (126:6) പറയുന്നതുപോലെ വിലാപത്തോടെ വിതയ്ക്കാൻ പോകുന്നവൻ കറ്റചുമന്നുകൊണ്ട് ആഹ്ലാദത്തോടെ വീട്ടിലേക്ക് മടങ്ങും. അദ്ദേഹത്തിന്റെ പ്രാർത്ഥന നിർഭരമായ സാന്നിധ്യത്തിൽ ദുഃഖം അലിഞ്ഞില്ലാതാകുന്ന, ആത്മീയ സന്തോഷം ലഭിക്കുന്ന ഒരു ദൈവീക അനുഭവമായിട്ടാണ് വിശ്വാസികൾ തിരികെ പോകുന്നത്. അദ്ദേഹത്തെ അടുത്തറിയുന്ന ഒരു വൈദികൻ തന്റെ അനുഭവം ഇങ്ങനെ പറയുന്നു: 'റൊമാൻസ് അച്ചൻ മുറിവുണക്കുന്ന, ആശ്വാസം നൽകുന്ന നന്മയുടെ തണൽമരമാണ്.'

**റൊമാൻസച്ചന്റെ ജീവിതത്തിൽനിന്നും അനുകരിക്കാവുന്ന ധാരാളം മാതൃകകൾ ഉണ്ട്.**

**പ്രാർത്ഥന:** സ്നേഹത്തിന്റെ ഒറ്റച്ചിറകുമായി ലോകത്തിലേക്ക് എത്തുന്ന മനുഷ്യൻ സ്വർഗ്ഗത്തിലേക്ക് പോകണമെങ്കിൽ പ്രാർത്ഥനയുടെ രണ്ടാംചിറക് സ്വന്തമാക്കണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ തന്റെ ജീവിതത്തിന്റെ സിംഹഭാഗവും അദ്ദേഹം പ്രാർത്ഥനയിൽ ചെലവിട്ടിരുന്നു. പ്രാർത്ഥന ദൈവത്തെ ദർശിക്കുവാനുള്ള വിശിഷ്ട ദൃഷ്ടിയാണെന്നും ഈ ദൃഷ്ടിയിലൂടെ ദൈവത്തെ കാണണമെങ്കിൽ താബോറിലെ ശിഷ്യന്മാരെപോലെ പ്രാർത്ഥിക്കണമെന്നും അദ്ദേഹം അടുപ്പമുള്ളവരോട് പറയുമായിരുന്നു. തന്റെ അടുക്കലേക്ക് വരുന്നവരോട് അദ്ദേഹം പറയുമായിരുന്നു: 'പ്രാർത്ഥനയില്ലാത്ത ജീവിതം ഉണങ്ങിവരണ്ട അസ്ഥിക്ക് തുല്യവും ഉണങ്ങിവരണ്ട മുന്തിരിയുടെ ശാഖയും പോലെയാണ്. പ്രാർത്ഥനയെന്ന ജീവവായു ഉണ്ടെങ്കിലേ ഉണങ്ങിവരണ്ട അസ്ഥി ജീവനുള്ള മനുഷ്യനാവുകയും ഉണങ്ങിവരണ്ട മുന്തിരിശാഖ ധാരാളം ഫലംപുറപ്പെടുവിക്കുന്ന മുന്തിരിശാഖയായി മാറുകയും ചെയ്യുന്നു.' ജീവിതത്തിൽ വീഴാതെനിൽക്കണമെങ്കിൽ പ്രാർത്ഥനയെന്ന ഉറച്ച പാറമേൽ ആത്മീയഭവനങ്ങൾ പണിയുന്നവരായിരിക്കണമെന്ന് ജീവിതംകൊണ്ട് പഠിപ്പിച്ച വിശുദ്ധനായ പുരോഹിതനാണ് ഫാദർ റൊമാൻസ്.

**ക്ഷമ:** ക്ഷമയെക്കുറിച്ച് കൂടെക്കൂടെ അദ്ദേഹം ഉദ്ധരിക്കുന്ന യഹൂദ പഴമൊഴി ഇതാണ്: 'ഒരുവട്ടം ക്ഷമിക്കുന്നവൻ മനുഷ്യൻ. ഇരുവട്ടം ക്ഷമിക്കുന്നവൻ മാലാഖ. മൂവട്ടം ക്ഷമിക്കുന്നവൻ ദൈവീകൻ.' ശത്രുത ആത്മീയജീവിതത്തിന്റെ കാൻസറാണെന്നും അത് മനസമാധാനം നഷ്ടപ്പെടുന്ന വലിയ തിന്മയാണെന്നും, അതിനെ ഇല്ലായ്മചെയ്യുന്ന വലിയസുകൃതമാണ് ക്ഷമയെന്നുമുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഏറെ പ്രായോഗികത നിറഞ്ഞതാണ്. എത്ര തിന്മനിറഞ്ഞ മനുഷ്യനെയും മാലാഖയാക്കുന്ന ഈ പുണ്യത്തെ ബലഹീനതയുടെ അടയാളമായി ഈ ലോകം കാണുന്നതിനെ അദ്ദേഹം എതിർത്തിരുന്നു. മറ്റുള്ളവരുടെ തെറ്റുകൾ കുഴിച്ചുമൂടുവാനുള്ള ക്ഷമയുടെ ഒരു സെമിത്തേരി എന്നും മനുഷ്യഹൃദയങ്ങളിൽ ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ക്ഷമിക്കുവാനുള്ള കഴിവില്ലായ്മയാണ് ഈ ലോകത്തിലെ യഥാർത്ഥ ബലഹീനത എന്ന് അദ്ദേഹം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു.

**ബൈബിൾ പ്രചരണം:** ജനങ്ങളിലേക്ക് ബൈബിൾ എത്തിക്കുവാൻ അദ്ദേഹത്തിന് പ്രചോദനമായത് വിശുദ്ധ ജെറോമിന്റെ വാക്കുകളാണ്; 'ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രൈസ്തവനെക്കുറിച്ചുള്ള അജ്ഞതയാണ്.' തന്റെ സമ്പാദ്യത്തിലെ ഏറിയപങ്കും അദ്ദേഹം ചിലവിട്ടത് ജനങ്ങളിൽ ബൈബിൾ എത്തിക്കുന്ന മിഷന് വേണ്ടിയാണ്. ബൈബിളിനെ അദ്ദേഹം വിശേഷിപ്പിച്ചത്: ഒരു ക്രിസ്ത്യാനി കൂടെ കൊണ്ടുനടക്കേണ്ട കൂട്ടുകാരൻ എന്നാണ്. ബൈബിൾ വിതയ്ക്കപ്പെടേണ്ട വചനമാണെന്നും അലമാരയിൽ സൂക്ഷിക്കുവാനുള്ള കാഴ്ചവസ്തു അല്ലെന്നും ജനങ്ങൾക്ക് അദ്ദേഹം ബോധ്യം നൽകിയിരുന്നു. മനുഷ്യനെ വിശുദ്ധനാക്കുന്ന അനുദിന ബൈബിൾവായന അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു.

**മരിയ ഭക്തി:** സ്വർഗ്ഗത്തിലെ ദൈവം മറിയത്തിലൂടെ ലോകത്ത് വന്നുവെങ്കിൽ, ഈ ലോകത്തിലെ മനുഷ്യരായ നാം സ്വർഗ്ഗത്തിലേക്ക് പോകേണ്ടതും മറിയത്തിലൂടെയാണെന്നുള്ള സഭാപിതാക്കന്മാരുടെ കാഴ്ചപ്പാട് പൂർണ്ണമായും അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ട് മരിയഭക്തിയിലൂടെ സ്വർഗം സമ്പാദിക്കുവാൻ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. മറിയത്തിന്റെ പള്ളിക്കൂടത്തിൽ എന്നും ഒരു വിദ്യാർത്ഥിയായി ഇരിക്കുന്നത് അനുഗ്രഹമാണെന്ന് അദ്ദേഹം വിശ്വസിച്ചു. മറിയത്തിന്റെ കുടുംബത്തിൽ ഒരു അംഗമാകുക എന്നതിനേക്കാൾ വലിയൊരു ഭാഗ്യം ഈ ലോകത്ത് വേറെയില്ല എന്ന് അദ്ദേഹം അടുപ്പക്കാരോട് പറയുമായിരുന്നു.

സങ്കീർത്തകന്റെ കാഴ്ചപ്പാടനുസരിച്ച് മനുഷ്യന്റെ ആയുഷ്കാലം 70 വർഷമാണ്, ഏറിയാൽ എൺപതു വർഷം. ദൈവം അദ്ദേഹത്തിന് ആയുസ്സ് നീട്ടിക്കൊടുത്തു. തൽഫലമായി 82 വർഷം അദ്ദേഹം ഈ ഭൂമിയിൽ വിശുദ്ധനായി ജീവിച്ചു. പുരോഹിതനായ ക്രിസ്തുവിന്റെ നിഴലായി ജീവിച്ചു. ദൈവത്തിന്റെ വിളിയനുസരിച്ച് ദൈവത്തിന്റെ മടിയിൽ ആയിരിക്കാൻ അദ്ദേഹം ഈ ലോകം വിട്ട് പോയിരിക്കുന്നു. ഇത്രയും നല്ല പുരോഹിതനെ നൽകിയ ദൈവത്തിന് നന്ദി. ■

കഥ

# വിഭ്രാന്തം

സന്തോഷ് ബാബു



ടവറിലെ ക്ലോക്ക് മൂന്നു പ്രാവശ്യം ശബ്ദിക്കുന്നു. ഇപ്പോൾ പുലർച്ചെ മൂന്നുമണി. അഞ്ച് മണിക്കാണ് എന്നെ തൂക്കിക്കൊല്ലുന്നത്. വധശിക്ഷ നടപ്പാക്കുവാനുള്ള തീയതി കുറിച്ചുകൊണ്ടുള്ള ബ്ലാക്ക് വാറണ്ട് രണ്ടു ദിവസം മുമ്പ് എത്തിയ വിവരം ജയിലർ എന്നോട് പറഞ്ഞിരുന്നു.

കാത്തിരിപ്പ് അസ്വസ്ഥാജനകമാണ്. മരണത്തിനായുള്ള കാത്തിരിപ്പാകുമ്പോൾ ഭീകരവും. അല്പം വെള്ളം കുടിച്ചതല്ലാതെ പകൽ ആഹാരമൊന്നും കഴിച്ചിരുന്നില്ല. വിശപ്പ് കെട്ടുപോയിരുന്നു. വധശിക്ഷ അറിഞ്ഞതുമുതലുള്ള ഈ രണ്ട് ദിവസങ്ങൾ എങ്ങനെ തള്ളിനീക്കിയെന്ന് എനിക്കുതന്നെ അറിയില്ല. ഇന്നുരാവിലെ മുതൽ സെല്ലിനുള്ളിൽ തലങ്ങും വിലങ്ങും നടക്കുകയായിരുന്നു. ഇടയ്ക്ക് അഴികളിൽപിടിച്ച് പുറത്തേയ്ക്ക് നോക്കിനില്ക്കും. ഓർമ്മകളിൽ ഇരുട്ട് കട്ടപിടിച്ചിരുന്നു. മനസ്സിന് വല്ലാത്ത പിടയൽ. മരണം അതിന്റെ എല്ലാ വേദനകളോടെയും ഇതാ കൺമുൻപിൽ. അവളുടെ രൂപമെങ്കിലും ഓർക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഒരാശ്വാസമായേനെ. പക്ഷേ, ആവുന്നില്ല. കഴിഞ്ഞ എത്രയോ നാളുകളായ് അതിന് ശ്രമിക്കുന്നു.



ഈ മൂന്നുമണിവരെ ഒരുപോള കണ്ണടയ്ക്കാൻ കഴിഞ്ഞിട്ടില്ല. തളർച്ചകൂടിയപ്പോൾ സിമൻറ് തറയിൽ ഇരുന്നു. പലരും ചോദിച്ചതുപോലെ എന്തിനായിരുന്നു ഞാനത് ചെയ്തത്? ഇതുവരെ അടഞ്ഞു കിടന്ന മനസ്സിന്റെ ചില്ലുഴികളിൽ ചിലത് തുറന്നുവരുന്നതായറിയുന്നു.അവളോടൊത്ത് ടൗണിൽ ഷോപ്പിംഗിന് പോയതായിരുന്നു. ബില്ല് പേ ചെയ്ത് ഞാൻ വരുമ്പോൾ അവൾ ഒരു ചെറുപ്പക്കാരനുമായ് സംസാരിച്ച് നിൽക്കുന്നു. അല്പം മാറിനിന്ന് ഞാനവരെ നോക്കി. ചെറുപ്പക്കാരന്റെ പുറകുവശമേ കാണാൻ കഴിഞ്ഞുള്ളൂ. എന്നാൽ അവളെ നന്നായ് കാണാം. ചുറ്റുപാട് മറന്നമട്ടിൽ അയാളോട് വളരെ ചേർന്ന് നിൽക്കുന്നു. ആ കണ്ണുകൾ അവനിൽ ഒഴുകി നടക്കുന്നു. എനിക്ക് തൊണ്ട വരളുന്നതുപോലെ തോന്നി. വീഴാതിരിക്കാൻ അടുത്തുകണ്ട തൂണിൽ ചാരിനിന്നു. അല്പനേരംകഴിഞ്ഞ് സംയമനം വീണ്ടെത്തശേഷം ഞാൻ അവരുടെനേർക്ക് നടന്നു. അപ്പോഴേയ്ക്കും അയാൾ നടന്നുതുടങ്ങിയിരുന്നു. എന്നെകണ്ടതും അവൾ ചിരിച്ചുകൊണ്ട് അടുത്തുവന്നു. എന്നെ എന്നും മയക്കിയിരുന്ന ചിരിയോടെ ഇതുവരെയും എവിടായിരുന്നു

എന്ന് കൊഞ്ചലോടെ ചോദിച്ച് എന്റെ കയ്യിൽ ചുറ്റിപ്പിടിച്ചുകൊണ്ട് നടക്കാൻ തുടങ്ങി. പല മുഖങ്ങളുള്ള അനേകായിരം ഭാവങ്ങളുള്ള - ഓരോ ഭാവവും തരാതരം കാണിക്കുന്ന പെണ്ണിനെക്കുറിച്ചോർത്ത് ഞാൻ നടന്നു. ഉള്ളിൽ കടലിരമ്പുകയായിരുന്നെങ്കിലും അവളോട് ഞാനൊന്നും ചോദിച്ചില്ല.ക്ലോക്ക് ഒരു വട്ടം മണി മുഴക്കുന്നു. സമയം മൂന്നര. മരണം തണുത്ത കൈകളോടെ എന്നെ പുണരാൻ വരുന്നുവോ? എങ്ങും പേടിപ്പെടുത്തുന്ന നിശബ്ദത. വല്ലാത്ത ദാഹം. അല്പം വെള്ളമെടുത്ത് കുടിച്ചു. താല്ക്കാലികമായൊരു ശമനം. പിടയുന്ന ഈ ആത്മാവിന്റെ ശമനം എപ്പോൾ? ഓർമ്മകൾക്കുമേൽ ഇരുട്ട് മെല്ലെ പിൻവാങ്ങുകയാണോ? അവ്യക്തതകൾ മാറി വരികയാണോ?

ഞാൻ വരുമ്പോൾ മുൻവാതിൽ തുറന്ന് കിടക്കുകയായിരുന്നു. അവൾ ഫോണിൽ സംസാരിക്കുന്നത് പുറത്ത് കേൾക്കാം. ഇവൾക്കിങ്ങനെയും ഒരു ശബ്ദമോ? വികാരലോലമായ മദാലസമായ ശബ്ദം. ഒരു പ്രത്യേക തരം മൂളലും അടക്കിപ്പിടിച്ച ചിരിയും. കിടക്കമുറിയിൽനിന്നും ഉണ്ടാകുന്നതിനേക്കാൾ എത്രയോ തീവ്രവും കാതരവുമായ സ്വരവൈവിധ്യം. ഞാൻ കസേരയിൽ തളർന്നിരുന്നു. ഉമിനീർ വറ്റിവരണ്ടു. ഹൃദയം വിറയാർന്നു. ഒരുവിധം ശക്തിസംഭരിച്ച് അവളെ വിളിച്ചു. പെട്ടെന്ന് ഫോൺ വയ്ക്കുന്ന ശബ്ദം കേട്ടു. പുറത്തുവന്ന അവളുടെ കണ്ണുകളിൽ പരിഭ്രമമുണ്ടായിരുന്നോ? എപ്പോൾ വന്നുവെന്ന് ഒരു പ്രത്യേക ചിരിയോടെ അവൾ ചോദിച്ചു. ഇപ്പോഴെത്തിയതേയുള്ളൂ എന്ന് ഞാൻ പറഞ്ഞപ്പോൾ ആ കണ്ണുകൾ ചിമ്മി മൂക്ക് അല്പം ചുളിച്ചു - ചിരിച്ചുംകൊണ്ടവൾ കോളേജിൽ ഒപ്പം പഠിച്ചിരുന്ന ഇപ്പോൾ ഭർത്താവുമൊത്ത് ഹൈദ്രാബാദിൽ കഴിയുന്ന ഒരു സുമയെക്കുറിച്ച് പറഞ്ഞു. അവളുടെ വാക്കുകളിൽ പതറിച്ച ഒട്ടുമില്ലായിരുന്നു. പിന്നീട് അതേക്കുറിച്ചൊന്നും ഞാൻ സംസാരിച്ചില്ല.

മണിയൊച്ച നാലുവട്ടം കേൾക്കുന്നു. മുൻകൂട്ടി അറിഞ്ഞുകൊണ്ടുള്ള മരണം മനസ്സിൽ നിറയ്ക്കുന്ന ഭയം എത്ര ദുസ്സഹം! മരണം എങ്ങനെയിരിക്കും? വേറൊരു ലോകത്തിലേയ്ക്ക് തുറക്കുന്ന വാതിലാണോ അത്? എന്നാൽ ആ വാതിൽ കടന്ന് ചെല്ലുന്ന ലോകം എങ്ങനത്തേതായിരിക്കും? അവിടെയും മനുഷ്യകാമനകൾ ഉണ്ടായിരിക്കുമോ?

അവളിൽ ഒരു പ്രത്യേക ഉല്ലാസസ്വഭാവം നിറയുന്നതും പുതിയ മുഖക്കുരുക്കൾ പൊട്ടിവിരിയുന്നതും ഞാൻ ശ്രദ്ധിച്ചു. അന്ന് ഓഫീസിൽനിന്നും അല്പം നേരത്തെ ഇറങ്ങി. അവളെയുംകൂട്ടി ഒരു സിനിമ, പുറത്തുനിന്നും ആഹാരം അതായിരുന്നു മനസ്സിൽ. വീട്ടിനടുത്തെത്താറായപ്പോൾ ഒരു ചെറുപ്പക്കാരൻ ബൈക്കിൽ അവളുടെ ഗേറ്റ് കടന്ന് പുറത്തേയ്ക്ക് പോകുന്നതുകണ്ടു. മുൻപൊരിക്കൽ അവളോട് സംസാരിച്ച് നിന്നയാളുടെ ഛായ തോന്നി. പെട്ടെന്ന് വീട്ടിലേയ്ക്ക് നടന്നു. മുൻവാതിൽ ചാരിയിട്ടേ ഉണ്ടായിരുന്നുള്ളൂ. കിതപ്പോടെ കിടക്കമുറിയിലെത്തിയ ഞാൻ ഞെട്ടി. ചുണ്ടുകളിലും കണ്ണുകളിലും ഏതോ നിർവൃതി നിറഞ്ഞ് അവൾ. എന്റെ ഹൃദയം പിടച്ചു. ഹൃദയമിടിപ്പിന്റെ വേഗം കൂടി. നെഞ്ച് തുറന്ന് പുറത്തേയ്ക്ക് വരാൻ അത് വെമ്പൽ കൊണ്ടു. കണ്ണുകളിൽ ഇരുട്ട്, എനിക്ക് നിയന്ത്രിക്കാനായില്ല. എല്ലാം നഷ്ടപ്പെട്ടതായ് എനിക്ക് തോന്നി. അവളുടെ കഴുത്തിൽ - അപ്പോഴാണ് ഞാനത് കണ്ടത് കെട്ടുതാലി ഊരി കിടക്കയിൽ വച്ചിരിക്കുകയായിരുന്നു. എന്റെ എല്ലാ ബലത്തോടെയും ഞാൻ മുറുക്കി. ആ കണ്ണുകൾ തുറക്കുന്നതും എന്നെ തുറിച്ച് നോക്കുന്നതും അവളുടെ ശരീരം പിടയുന്നതും പിന്നെ എല്ലാം നിലയ്ക്കുന്നതും ഞാൻ കണ്ടു. എല്ലാം കഴിഞ്ഞെന്ന് ഉറപ്പായപ്പോൾ മാത്രം പിടിവിട്ടു.

നാലരമണിയുടെ ശബ്ദം ഉയർന്ന് കേൾക്കുന്നു. ഇനി അരമണിക്കൂർമാത്രം. പുതിയ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകാൻ മരണം എവിടെയാണ് പതുങ്ങിയിരിക്കുന്നത്? ആരൊക്കെയോ വരുന്നുണ്ട്. അവസാനമായ് എന്തെങ്കിലും പറയാനുണ്ടോയെന്ന് ചോദിക്കുന്നു. ശരീരവും മനസ്സും മരവിക്കാൻ തുടങ്ങിയിരിക്കുന്നു. മൂകനായ എന്നെ അവർ പുറത്തേയ്ക്ക് കൊണ്ടുപോകുന്നു. വധശിക്ഷയുടെ വിധി ആരോ വായിക്കുന്നു. ഞാനൊന്നും കേൾക്കുന്നില്ല. ഒന്നും കാണുന്നില്ല. ഇന്ദ്രിയങ്ങളിലെല്ലാം മരവിപ്പ് പടരുന്നു. എന്തെങ്കിലും പറയാനുണ്ടോയെന്ന് ആരോ വീണ്ടും ചോദിക്കുന്നു. ഞാനെന്നോട് ശ്രമപ്പെട്ട് പറയുന്നു. അവളെ അത്രയ്ക്കാഴത്തിൽ ഞാൻ സ്നേഹിച്ചിരുന്നു. അവൾ എന്നെയും ഏറ്റം തീവ്രമായ് ഏറ്റം വിശ്വസ്തമായ്. എന്റെ കൈകൾ പിന്നിലേയ്ക്ക് പിടിച്ചുവച്ച് പലയിടത്തായി വരിഞ്ഞുകെട്ടുന്നു. കറുത്ത തൊപ്പികൊണ്ട് തലയും മുഖവും മൂടാൻ തുടങ്ങുന്നു. ഇപ്പോൾ അവസാനമായ് ഞാനോർക്കുന്നത് ആ ദിവസത്തെയാണ്.

ഞാൻ കണ്ടുവെന്നും കേട്ടുവെന്നും കരുതിയതെല്ലാം - ഞാൻ നേരത്തെ പറഞ്ഞില്ലേ അതൊക്കെയും - ആ രാത്രിയിലെ ശപ്തമായ ഏതാനും നിമിഷങ്ങളിൽ ഞാൻ കണ്ട സ്വപ്നങ്ങളായിരുന്നു. പകലത്തെ അദ്ധ്വാനത്തിനുശേഷം ഒരു കുഞ്ഞിന്റെ ശാന്തതയോടെ എന്നിലുള്ള അകമഴിഞ്ഞ സ്നേഹത്തോടെയും വിശ്വാസത്തോടെയും എന്നെ കെട്ടിപ്പിടിച്ചുറങ്ങിയ ആ പാവത്തിനെയായിരുന്നു. വിഭ്രാന്തമാർന്ന മനസ്സോടെ ഞാൻ . . . വയ്യ. ഇനിയൊന്നും ഓർക്കാൻ വയ്യ. മറവിയുടെ ഇരുട്ട് മാറാതിരുന്നാൽ മതിയായിരുന്നു.

ഇതാ അഞ്ചുമണി ശബ്ദം മുഴങ്ങുന്നു. ജയിലറുടെ ഉത്തരവ് കേൾക്കുന്നു. എന്തൊക്കെയോ ശബ്ദങ്ങൾ കേൾക്കുന്നു. ഞാൻ നിൽക്കുന്ന ഫ്ളാറ്റ് ഫോം താഴുന്നു. കഴുത്തിൽ കുരുക്ക് മുറുകുന്നു. എന്റെ വിരലുകളിൽ അവളുടെ കഴുത്ത് കുരുങ്ങിപ്പിടഞ്ഞപ്പോൾ അവളനുഭവിച്ച വേദന ഞാനറിയുന്നു. ■

ടാക്കീസ്






**അജിത് മാമ്പള്ളി**
സംവിധായകൻ
(തിരുവനന്തപുരം അതിരൂപതാംഗം)

# കടൽ എന്ന കതകിനപ്പുറം

## സുനിൽ സി. ഇ



ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്ക് മറുപടി നൽകാൻ പ്രാപ്തമാക്കുന്ന മാജിക്കാണ് പ്രതികാരബുദ്ധി. ജീവിതത്തിലെയും പൊതുബോധത്തിലെയും പ്രഹേളികകൾക്ക് ലളിതയുക്തികളുമായി പ്രതികാരം എത്തുമ്പോൾ കാണിക്ക് കിട്ടുന്ന ആവേശം ചില്ലറയല്ല. പ്രതികാരം സിനിമയുടെ ഭാഷയാകുമ്പോൾ കാണിക്ക് ലഭിക്കുന്ന വിനോദസായൂജ്യം സീമാതീതമാണ്. കടൽ എന്ന കതകിനപ്പുറം നടക്കുന്ന ഒരു വിനോദോപാധി ഒരു ജനതയുടെ പ്രാണനാണെന്നതിന്റെ യുക്തി തേടാൻ ഇനി മറ്റൊരിടത്തേക്ക് പോകേണ്ടതില്ല എന്ന വസ്തുതയാണ് അജിത് മാമ്പള്ളി സംവിധാനം ചെയ്ത 'കൊണ്ടൽ' എന്ന സിനിമ എത്തിച്ചുനൽകുന്നത്. പ്രതികാര സിനിമകൾക്ക് പഞ്ഞമൊന്നുമില്ലാത്ത മലയാള സിനിമ വളർന്നതുതന്നെ അവയെ കൂട്ടുപിടിച്ചാണ് എന്നത് വാസ്തവമാണ്. പക്ഷേ, കൊണ്ടൽ എന്ന സിനിമ യാഥാർത്ഥ്യങ്ങളുടെ ധാരാളിത്തം വിളമ്പുന്ന ദർശനസാഫല്യമാണ്. കടൽപ്പണി ആൺകുലത്തിന്റെ അവകാശമാണ്. കുലപ്പണി നിലനിറുത്തുന്നതിനു കടലിന്റെ പ്രകൃതി (പ്രകൃതം) ഘടിപ്പിച്ചുവിട്ടിരിക്കുന്ന വിദ്യയുമാണത്. എന്നാൽ ഇതേ കടൽപ്രകൃതി പെണ്ണിനു ചില തെരഞ്ഞെടുപ്പുകൾ നടത്താനുള്ള സൗജന്യവും സൗകര്യവും നിബന്ധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പുരുഷനെ മത്സ്യബന്ധനക്കാരനും സ്ത്രീയെ അതിന്റെ വിപണന മീഡിയവുമാക്കി കൊണ്ടൽ ചിത്രീകരിച്ചിരിക്കുന്നതുപോലും. കടൽ എന്ന കത

കിനപ്പുറം സംഭവിക്കുന്ന കാര്യങ്ങളുടെ വ്യംഗ്യഭാഷ്യ ത്തെ ഒട്ടും ന്യൂനീകരിക്കാതെയാണ് അജിത് മാമ്പള്ളി ചിത്രീകരിച്ചിരിക്കുന്നത്. കടൽ എന്ന ജീവസന്ധാരണ ഉപാധിയുടെ മനോനില മുഴുവൻ പേറുന്ന മനസ്സാണ് ഇതിലെ കേന്ദ്രകഥാപാത്രമായ ഇമ്മാനുവലിന്റേത് (ആൻറണി വർഗ്ഗീസ് പെപ്പെ). കടലോര മനുഷ്യരുടെ ജീവിത സാഹചര്യങ്ങളെയും അവയുടെ രാഷ്ട്രീയവും മതപരവുമായ നിഹിതാർത്ഥങ്ങളെയുംകുറിച്ച് ഡയ ലോഗുകൾ കമ്പോട്കമ്പ് വെച്ചുകെട്ടിയാണ് ഇതിന്റെ തിരക്കഥ ഒരുക്കപ്പെട്ടിരിക്കുന്നത്. കഥാപാത്രങ്ങൾക്ക് ചാതുര്യം അണയ്ക്കുന്നതിനേക്കാൾ ആ കഥാപാത്രങ്ങ ൾക്ക് യാഥാർത്ഥ്യത്തിന്റെ സാധുത നൽകാനാണ് സിനിമ ശ്രമിച്ചിരിക്കുന്നത്. കഥാഗതികൾക്ക് ഭാവനയു ടെ അലൗകികതയാണുള്ളതെങ്കിലും ക്യാമറക്കണ്ണുകൾ നേരിട്ട് സംവദിച്ച് സാമൂഹികവും മാനസികവുമായ ഭൂനിലങ്ങളെ പുതിയ വെളിപാടുകളാക്കി തീർക്കുന്ന നിരവധി മുഹൂർത്തങ്ങളുണ്ട്. ഉദാഹരണത്തിന് മണി കണ്ടൻ ആചാരി ബോട്ടിൽവെച്ച് മരണപ്പെടുമ്പോൾ മത്സ്യത്തെ ഐസിൽ പൂഴ്ത്തിവെക്കുന്നതുപോലെ തന്നെയാണ് ആ മൃതശരീരത്തെയും ഐസിൽ ആഴ്ത്തി വെക്കുന്നത്. മത്സ്യത്തൊഴിലാളിയുടെ ജീവിതത്തെയും മരണത്തെയും ഒരു കാരിക്കേച്ചർ സ്വരൂപത്തിലേക്ക് വഴുതിപ്പോകാതെ ബഹുവിധ ധാരണകളും അനുമാ നനിരീക്ഷണങ്ങളുംകൊണ്ട് വികസിതമാക്കാനാണ് സിനിമ ശ്രമിക്കുന്നത്. കടലോരജീവിതത്തിന്റെയും മത്സ്യബന്ധനക്കാരന്റെയും തീവ്രജീവിതത്തിനു ഗാഢ തയണയ്ക്കാൻ വഴിവയ്ക്കുന്ന ഇത്തരം സീനുകൾ നിരവധി യാണതിലുള്ളത്.

## കടലിന്റെ അത്യാകുലതകൾ

കടൽ മലയാളി സൈക്കിനേപ്പറ്റിയുള്ള ആഘാ തങ്ങൾ ചില്ലറയല്ല. കടൽപ്പണി ആണിനെ ഉറക്കറയിൽ നിർവ്വീര്യമാക്കിയിട്ടാണ് ഉപജീവനാർത്ഥം രാത്രിയുടെ കാറ്റിലും കോളിലും കൊണ്ടുപാർപ്പിക്കുന്നത്. ഇത് ആണിന് ലഭിക്കുന്ന സൗജന്യമല്ല. മറിച്ച് വിറയ്ക്കാത്ത പൗരുഷത്വത്തിനുള്ള പാരിതോഷികമാണ്. കടലിന്റെ മക്കളുടെ കഥ പറയുമ്പോൾ അത് പലപ്പോഴും കടലോര ഗ്രാമങ്ങളുടെയും കടലിനെ ആശ്രയിച്ച് ജീവിക്കുന്നവ രുടേയും കഥയായിട്ടാണ് അഭ്രപാളിയിൽ വരാറുള്ളത്. അതിനുപുറമേ കടൽ വഴി കള്ളക്കടത്ത് നടത്തുന്ന അധോലോക പ്രതിശരീരങ്ങളുടെ കഥയാണ് പറയാറു ള്ളത്. എന്നാൽ, 'കൊണ്ടൽ' എന്ന സിനിമ കടലോര ഗ്രാമത്തിൽ നിന്നും കടലിലേക്കു മീൻപിടിക്കാൻ പോകുന്നവരിലേക്കും നടുക്കടലിലെ പ്രതികാരതൃഷ്ണ കളിലൂടെയും ദൃശ്യപ്പെടുത്തലുകളിലൂടെയും മറ്റൊരു കടൽ പ്രവിശ്യയെ നമുക്ക് കാട്ടിത്തരുന്നു. നിരവധി പര്യായങ്ങളാൽ മൂടപ്പെട്ട പദമാണ് കൊണ്ടൽ എന്നത്. ഇവിടെ മീൻ പിടിക്കാൻ പോകുന്നവരുടെ ഭൗതിക സാഹചര്യങ്ങളും മാനസിക നിലകളുമായും ബന്ധ പ്പെട്ടായിരിക്കണം 'കൊണ്ടൽ' എന്ന നാമം സ്വീകരി ച്ചിരിക്കുന്നത്. മഴക്കാറും കിഴക്കൻ കാറ്റും മത്സ്യബ ന്ധനക്കാരന്റെ മനഃശാസ്ത്രത്തിന്റെ ഒരു ഛേദമാണ്. അഞ്ചുതെങ്ങിന്റെ പശ്ചാത്തലത്തിൽ വികസിക്കുന്ന കഥ പിന്നീട് എറണാകുളത്തേക്കും അവിടുന്നങ്ങോ ട്ട് കടലിലേക്കുമാണ് വളരുന്നത്. സിനിമയുടെ ആദ്യ കുറേ സീനുകൾക്കു ശേഷം പിന്നീടെല്ലാം കടലും മീൻ പിടുത്തബോട്ടും അതിനകത്തെ തൊഴിലാളികളും അവരുടെ സംഘർഷങ്ങളും സംഘട്ടനങ്ങളും ഒറ്റും കൊലയും അനാഥത്വവും ഒറ്റപ്പെടലും ഒക്കെയായി കടലിന്റെ വിവിധ ഭാഗങ്ങളെ തന്നെയാണ് കഥാപാത്രാ വിഷ്കാരങ്ങളിലൂടെ സാധ്യമാക്കുന്നത്. നന്ദുവിന്റെ സ്രാങ്ക് എന്ന കഥാപാത്രവും സവിശേഷ ശ്രദ്ധ നേടുന്നുണ്ട്. കടലിന്റെ പരുക്കൻ സ്വഭാവങ്ങളെ കടൽ മക്കളുടെ പരുക്കൻ സ്വഭാവാവിഷ്കരണങ്ങളിലൂടെ ചിത്രീകരിക്കു മ്പോൾ അതു കാണിയിൽ ഭയവും സഹതാപവും ഒരേ തോതിൽ നിറച്ചു നൽകുന്നുണ്ട്. കടൽ നിർമ്മിച്ചെടു ത്ത ഒരു ആണത്തമുണ്ടല്ലോ, അതാണ് ഇതിലെ ഓരോ ആൺ കഥാപാത്രത്തെയും തണ്ടുള്ളവരാക്കി മാറ്റുന്നത്. മത്സ്യത്തൊഴിലാളിയുടെ ശരണസ്ഥാനമായ കടലിന്റെ ആത്മകഥയെയാണ് അതിന്റെ അത്യാകുലതകളായി അജിത് മാമ്പള്ളി ആവിഷ്കരിച്ചിരിക്കുന്നത്.

■






**2024 നവംബർ മാസത്തെ ഉപയോഗത്തിനായി അതിരൂപത ബി.സി.സി.കമ്മിഷൻ തയ്യാറാക്കിയത്**

1.പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം

2.ആമുഖം

ക്രിസ്തുവിൽ ഏറ്റവും സ്നേഹം നിറഞ്ഞ പ്രിയ സഹോദരരെ, നവംബർ മാസം നമ്മുടെ കൂട്ടായ്മകളിൽ രോഗീലേപനം എന്ന കൂദാശയെപ്പറ്റി ചിന്തിക്കാൻ പരിശ്രമിക്കാം. കത്തോലിക്കാ തിരുസഭയിൽ ഏഴ് കൂദാശകൾ ഉണ്ട് എന്ന് നമുക്കറിയാവുന്നതാണല്ലോ. ഈ ഏഴ് കൂദാശകളിൽ സൗഖ്യദായകമായ അനുഭവം സ്വന്തമാക്കാൻ സാധിക്കുന്ന കൂദാശയാണ് രോഗീലേപനം. എന്നാൽ പല കാരണങ്ങൾകൊണ്ടും നമ്മുടെ വിശ്വാസകൂട്ടായ്മകളിൽ രോഗീലേപനത്തെ മരണസമയത്ത് മാത്രമായുള്ള കൂദാശയായി ചിന്തിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഒരു രീതിയുണ്ട്. അത് തികച്ചും തെറ്റായ ഒന്നാണ്. രോഗീലേപനം കൂദാശയ്ക്ക് പ്രധാനമായും രണ്ട് ഫലങ്ങളാണ് ഉള്ളത്. ഒന്ന്, രോഗശാന്തി നേടുക. രണ്ട്, മരണത്തെ ക്രിസ്തീയമായി നേരിടുക. സുവിശേഷങ്ങൾ പരിശോധിക്കുകയാണെങ്കിൽ നമുക്കൊരു കാര്യം മനസിലാക്കുവാൻ സാധിക്കും. പരസ്യജീവിത കാലയളവിൽ ഉടനീളം യേശുക്രിസ്തു രോഗികളോട് പ്രത്യേക കരുണയും സ്നേഹവും പ്രകടമാക്കിയിരുന്നു. ക്രിസ്തു സുവിശേഷം പ്രഘോഷിച്ച വേദികളെല്ലാം സൗഖ്യമാക്കലിന്റെ വേദികൾ കൂടെയായിരുന്നു.രോഗികളെ സുഖപ്പെടുത്താനുള്ള പ്രത്യേക അധികാരം യേശു തന്റെ ശിഷ്യന്മാർക്ക് നൽകിയതായും അപ്പസ്തോലന്മാർ അത് രോഗികളെ സുഖപ്പെടുത്താൻ വിനിയോഗിച്ചതായും കാണുവാൻ കഴിയും. ഇപ്രകാരം രോഗീലേപനം എന്ന കൂദാശയുടെ സൗഖ്യദായകമായ ഫലം നമ്മുടെ കുടുംബയൂണിറ്റുകളിലെ രോഗികൾക്ക് ഇനിയും കൂടുതൽ ലഭിക്കുവാൻ ഈ അറിവ് നമ്മെ സഹായിക്കട്ടെയെന്ന് പ്രാർഥിക്കാം.

3.യേശുവിനെ ക്ഷണിക്കൽ

4.ദൈവവചന പാരായണം (യാക്കോബ് 5: 14-15)

5.വചനഭാഗം പങ്കുവയ്ക്കൽ;

6. നിശബ്ദധ്യാനം;

7. വചനാനുഭവം പങ്കുവയ്ക്കൽ

8. വചനവിചിന്തനം

ആദിമ സഭാ സമൂഹങ്ങളിൽ വിശുദ്ധ യാക്കോബ് ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നുണ്ട്. നിങ്ങളിൽ ആരെങ്കിലും രോഗിയാകുകയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിശേകം ചെയ്ത് അവനുവേണ്ടി പ്രാർഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർഥന രോഗിയെ സുഖപ്പെടുത്തും. പാപം മോചിപ്പിക്കുവാനും സൗഖ്യം നൽകുവാനും യേശു അപ്പസ്തോലന്മാർക്ക് നൽകിയ അധികാരം സഭയിലൂടെ ഇന്നും തുടർന്നുപോരുന്നത് രോഗീലോപനം എന്ന കൂദാശയിലൂടെയാണ്. യേശുവിനെപ്പോലെ സഭയിൽ രോഗികളോട് പ്രത്യേക അനുകമ്പയും സ്നേഹവും പ്രകടിപ്പിക്കുന്നു. രോഗികൾക്കായി പ്രാർഥിക്കുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്യുന്നുണ്ട്.

പുതിയ നിയമ പുസ്തകങ്ങളിൽ രോഗീലേപനം എന്ന കൂദാശയ്ക്ക് അടിസ്ഥാനമായി നിൽക്കുന്നത് രണ്ട് തിരുവചന ഭാഗങ്ങളാണ്. മർക്കോസിന്റെ സുവിശേഷം 6:13, വിശുദ്ധ യാക്കോബ് എഴുതിയ ലേഖനം 5:14. ഇവയിൽ ആദ്യത്തേത് കൂദാശാ സ്ഥാപനവും രണ്ടാമത്തേത് കൂദാശയുടെ പ്രയോഗവുമാണ്. മുൻകാലങ്ങളിൽ മരണത്തിന്റെ വക്കിലെത്തിയവർക്ക് മാത്രം നൽകുന്ന കൂദാശ എന്ന നിലയ്ക്ക് ഒടുവിലത്തെ കൂദാശ അല്ലെങ്കിൽ അന്ത്യ കൂദാശ എന്നാണ് ഈ കൂദാശയെ വിളിച്ചിരുന്നത്. എന്നാൽ ദൈവകരുണയുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ രോഗീലേപനം എന്ന പേരാണ് ഈ കൂദാശയ്ക്ക് അനുയോജ്യമായിട്ടുള്ളത്. ഈ കൂദാശ മരണാസന്നർക്ക് മാത്രം സ്വീകരിക്കാനുള്ളതല്ല. പ്രത്യുത, ഗൗരവമായ രോഗമോ വാർദ്ധക്യമോ നിമിത്തം ക്ലേശിക്കുന്നവർക്ക് കൂടെയുള്ളതാണ്. എന്തെന്നാൽ, ഓരോ രോഗവും മരണത്തെ എത്തിനോക്കാനും ദൈവാശ്രയത്തിൽ ആഴപ്പെടാനുമുള്ള അവസരമാണ്. രോഗീലേപനം എന്ന കൂദാശയ്ക്ക് അഞ്ച് ഫലങ്ങളാണ് ഉള്ളത്.

**1.പരിശുദ്ധാത്മാവിന്റെ സവിശേഷങ്ങളായ ദാനങ്ങൾ ലഭിക്കുന്നു.**

ഒന്നാമതായി രോഗീലേപനം ഗൗരവമുള്ള രോഗത്തിന്റെയും വാർദ്ധക്യസഹജമായ ക്ഷീണത്തിന്റെ

യും പ്രയാസങ്ങളെ ധീരതയോടും സമാധാനത്തോടും തരണം ചെയ്യാൻ സഹായിക്കുന്നു. ഈ കൃപാവരം പരിശുദ്ധാത്മാവിന്റെ ഒരു ദാനമാണ്. ഇത് ദൈവത്തിലുള്ള ആശ്രയബോധവും വിശ്വാസവും പുതുക്കുകയും ദുഷ്ടാരൂപിയുടെ പ്രലോഭനങ്ങൾക്കെതിരെ അതായത് മരണത്തിന്റെ മുന്നിലുള്ള മനസലിവിന്റെയും ഭീതിയുടെയും പ്രലോഭനത്തിനെതിരെ രോഗിയെ ശക്തിപ്പെടുത്തുന്നു.

**2.രോഗിയെ ക്രിസ്തുവിന്റെ പീഡാസഹനത്തോട് ഐക്യപ്പെടുത്തുന്നു.**

രോഗീലേപനത്തിന്റെ കൃപാവരംകൊണ്ട് രോഗി ക്രിസ്തുവിന്റെ പീഡാസഹനത്തോട് തന്നെത്തന്നെ കൂടുതൽ ഗാഢമായി ഐക്യപ്പെടുത്തുന്നതിനുള്ള ശക്തിയും ദാനവും സ്വീകരിക്കുന്നു. കർത്താവിന്റെ രക്ഷാകരമായ പീഡാനുഭവത്തോട് അനുരൂപപ്പെട്ടുകൊണ്ട് ഫലം പുറപ്പെടുവിക്കുവാൻവേണ്ടി രോഗി ശക്തനാക്കപ്പെടുന്നു.

**3.പാപങ്ങൾക്ക് മോചനം ലഭിക്കുന്നു.**

രോഗിയ്ക്ക് കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം നേടാൻ സാധിച്ചില്ലെങ്കിൽപോലും രോഗീലേപനം എന്ന കൂദാശയിലൂടെ പാപങ്ങളുടെ മോചനം സാധ്യമാക്കുന്നു. രോഗീലേപനത്തോട് ചേർന്ന് കുമ്പസാരം എന്ന കൂദാശ രോഗിയ്ക്ക് സ്വീകരിക്കാവുന്ന ശാരീരിക അവസ്ഥയിലാണെങ്കിൽ നിർബന്ധമായും കുമ്പസാരിച്ചിരിയ്ക്കണമെന്നാണ് തിരുസഭ നിഷ്കർഷിച്ചിരിക്കുന്നത്.

**4.സഭാത്മകമായ കൃപാവരം ലഭിക്കുന്നു.**

രോഗീലേപനത്തിലൂടെ സഭ പുണ്യവാന്മാരുടെ ഐക്യത്തിൽ രോഗിയുടെ നന്മയ്ക്കായി മാധ്യസ്ഥ്യം വഹിക്കുന്നു. സഭാപരമായി വലിയൊരു ഐക്യത്തിന്റെ പ്രതീകമായും രോഗീലേപനം എന്ന കൂദാശ മാറുന്നു.

**5.നിത്യജീവനിലേക്ക് പ്രവേശിക്കുന്നതിന് ഒരുക്കുന്നു.**

നമ്മിലെ നവജീവിതത്തെ മുദ്രിതമാക്കിയ മാമോദീസായുടെയും ഈ ജീവിത അഭിഷേകങ്ങളെ രോഗീലേപനം പൂർത്തീകരിക്കുന്നു. പിതാവിന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനുമുമ്പുള്ള അന്തിമ സമരത്തിന് വേണ്ടി ദൃഢമായ ഒരു കോട്ട എന്നപോലെ രോഗീലേപനം നമ്മുടെ ജീവിതത്തിന്റെ അന്ത്യത്തെ ബലപ്പെടുത്തുന്നു.

രോഗീലേപനം എന്ന കൂദാശയുടെ ഫലങ്ങൾ അനുഭവിക്കുവാനും രോഗശാന്തി നേടുവാനും ക്രിസ്തീയമായി മരണത്തെ സമീപിക്കുവാനും രോഗികളായവർക്കും മരണാസന്നർക്കും സാധിക്കട്ടെ. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നു; "മറ്റെല്ലാ കൂദാശകളെയും എന്നപോലെ രോഗീലേപനവും ആരാധനാ കൃപാവരവും സാമൂഹികവുമായ ഒരു ആഘോഷമാണ്. അത് വീട്ടിൽ വച്ചോ, ആശുപത്രിയിൽ വച്ചോ, നടത്തിയാലും ഒരു രോഗിയ്ക്ക് വേണ്ടിയോ, രോഗികളുടെ ഒരു ഗണത്തിന് വേണ്ടിയോ നടത്തിയാലും അങ്ങനെ തന്നെ" (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 1140). കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും സവിശേഷമായ ശ്രദ്ധയും പരിചരണവും ഒപ്പം സഭാത്മകമായ പ്രാർഥനയുമാണ് രോഗിയ്ക്ക് ആത്മധൈര്യവും ആശ്വാസവും നൽകുന്നത്. അതിനാൽ നമ്മുടെ പ്രിയപ്പെട്ടവരുടെ രോഗപീഢകളുടെയും വാർദ്ധക്യത്തിന്റെയും വേളകളിൽ ഒപ്പമായിരിക്കുവാൻ നമുക്കു കഴിയട്ടെ. ആമേൻ.

9.ദൗത്യമേറ്റെടുക്കൽ;

10. സ്വയം പ്രേരിതപ്രാർഥന;

11. കർത്തൃപ്രാർഥന; 12. സമാപനപ്രാർഥന

## രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്);
2. വരവ് ചെലവ് കണക്ക് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം

*(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)*

4.ചർച്ചയും പങ്കുവയ്ക്കലും;

5. ഹാജർ;
6. രഹസ്യപ്പിരിവ്;
7. അറിയിപ്പുകൾ;
8. നന്ദി;
9. സമാപനഗീതം

## അനുബന്ധം

**1. രോഗീലേപനം എപ്പോഴാണ് സ്വീകരിക്കേണ്ടത്?**

ആസന്നമരണർക്കാണ് പൊതുവെ രോഗീലേപനം നൽകുന്നതെങ്കിലും മറ്റ് രോഗാവസ്ഥയിലുള്ളവർക്കും സൗഖ്യദായകമായ ഈ കൂദാശ സ്വീകരിക്കാവുന്നതാണ്. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നു; "രോഗീലേപനം മരണത്തിന്റെ നിമിഷത്തിൽ എത്തിയവർക്ക് മാത്രമുള്ള ഒരു കൂദാശയല്ല. അതുകൊണ്ട് രോഗമോ വാർദ്ധക്യമോ മൂലം ആരെങ്കിലും മരിക്കത്തക്ക സാഹചര്യത്തിലായാൽ അയാൾ ഈ കൂദാശ സ്വീകരിക്കാൻ സമുചിതമായ സമയം തീർച്ചയായും വന്നു കഴിഞ്ഞു" (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 1514).

**2. എവിടെ വച്ചാണ് രോഗീലേപനം നൽകേണ്ടത്?**

രോഗീലേപനം സ്വീകരിക്കേണ്ടതിന് പ്രത്യേകിച്ച് ഒരു സ്ഥലമില്ല. ദേവാലയത്തിൽ വച്ചോ, ഹോസ്പിറ്റലിൽ വച്ചോ വീട്ടിലായിരിക്കുമ്പോഴോ രോഗീലേപനം സ്വീ

കരിക്കാവുന്നതാണ്. സ്വീകരിക്കുന്ന സ്ഥലം എവിടെ ആയിരുന്നാലും നല്ല ഒരുക്കത്തോടെ ഈ കൂദാശ സ്വീകരിക്കുക എന്നതാണ് പ്രധാനം. ദേവാലയത്തിൽ വച്ചാണ് രോഗീലേപനം നൽകുന്നതെങ്കിൽ വിശുദ്ധ കുർബാനയോട് ചേർന്ന് നൽകുന്നതാണ് ഉചിതമെന്ന് രോഗീലേപനത്തിന്റെ കർമ്മക്രമം പറയുന്നു.

**3. രോഗീലേപന കൂദാശ പരികർമ്മം ചെയ്യാൻ ആർക്കാണ് അധികാരം?**

രോഗീലേപനമെന്ന കൂദാശ പരികർമ്മം ചെയ്യാൻ മെത്രാൻമാർക്കും വൈദികർക്കും മാത്രമെ അധികാരമുള്ളൂ.

**4. രോഗീലേപന കൂദാശയ്ക്ക് ഒരു വിശ്വാസി ഒരുങ്ങേണ്ടത് എങ്ങനെ?**

രോഗീലേപന കൂദാശയുടെ സ്വീകരണത്തിന് വളരെ സജീവമായ ഒരുക്കം നടത്തേണ്ടതുണ്ട്. തിരുസഭ പഠിപ്പിക്കുന്നു. രോഗീലേപനം സ്വീകരിക്കുന്ന വ്യക്തിയുടെ ആരോഗ്യസ്ഥിതി അനുസരിച്ച് കുമ്പസാരം, വിശുദ്ധ കുർബാന എന്നീ കൂദാശകൾ കൂടി സ്വീകരിക്കുന്നുണ്ടോ, എന്നത് കൂടി കണക്കിലെടുത്താണ് ഒരുക്കങ്ങൾ നടത്തേണ്ടത്. രോഗീലേപനം സ്വീകരിക്കുന്നതിന് വേണ്ട ഒരുക്കങ്ങൾ താഴെ പറയുന്നവയാണ്:

> രോഗിയുടെ അവസ്ഥ (ആരോഗ്യം, ആത്മീയം, മാനസികം) വൈദികനെ നേരത്തെതന്നെ കുടുംബാംഗങ്ങൾ അറിയിക്കുകയും, രോഗീലേപനത്തിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയശേഷം വൈദികനെ രോഗിയുടെ അടുത്ത് എത്തിക്കുകയും വേണം.

> രോഗീലേപനത്തിനോടൊപ്പം കുമ്പസാരവും വിശുദ്ധ കുർബാനസ്വീകരണവും ഉണ്ടെങ്കിൽ, അതിനുള്ള സജ്ജീകരണങ്ങളും ഒരുക്കിയിരിക്കണം.

> കുമ്പസാരവും വിശുദ്ധ കുർബാന സ്വീകരണവും രോഗീലേപനത്തിനോടൊപ്പം ഉണ്ട് എങ്കിൽ, കുമ്പസാരിക്കാൻ ഒരുങ്ങണമെന്ന് രോഗിയോട് നേരത്തെ പറയുന്നതും, മറ്റാരും കേൾക്കാതെ തുറന്ന് കുമ്പസാരിക്കാനുള്ള സൗകര്യം ആ മുറിയിൽ കുടുംബക്കാർ ഒരുക്കുകയും വേണം. വിശുദ്ധ കുർബാന സ്വീകരണം കൂടി ഉള്ളതിനാൽ രോഗിയുടെ മുറിയും പരിസരവും വൃത്തിയായി സൂക്ഷിച്ചിരിക്കുക അഭികാമ്യമാണ്. കൂടാതെ വെള്ളത്തുണി വിരിച്ച ഒരു മേശമേൽ സമ്പൂർണ ബൈബിളും, കത്തിച്ച തിരികളും ക്രൂശിതരൂപവുംകൊണ്ട് സജീകരിക്കുന്നത് വൈദികന് വിശുദ്ധ കുർബാന കൊണ്ടുവന്ന് വയ്ക്കുവാൻ സഹായിക്കും.

> രോഗിയുടെ ആവശ്യത്തിനായി ഒരു ഗ്ലാസിൽ കുടിവെള്ളവും ഒരു സ്പൂണും കൂടി കരുതിയിരിക്കണം.

> ലേപനം ചെയ്യുമ്പോൾ വൈദികൻ തൈലം ഉപയോഗിച്ച് രോഗിയുടെ നെറ്റി, കണ്ണ്, ചെവി, അധരം, കൈകാൽ എന്നീ ഭാഗങ്ങൾ അഭിഷേകം ചെയ്യുന്നതിനാൽ രോഗിയുടെ ശരീരഭാഗങ്ങൾ പൂർണമായും വൃത്തിയായിരിക്കുവാൻ കുടുംബാംഗങ്ങൾ ശ്രദ്ധിക്കണം.

> ലേപനത്തിനുപയോഗിച്ച പഞ്ഞി മറ്റൊരുവിധത്തിലും അശുദ്ധമാകാൻ അനുവദിക്കാതെ കത്തിച്ചുകളയണം.

> ലേപനം കഴിഞ്ഞ് വൈദികന് കൈകൾ കഴുകുവാനുള്ള സൗകര്യം (ബെയ്സൻ, സോപ്പ്, വെള്ളം, തോർത്ത്) എന്നിവ ഉണ്ടായിരിക്കണം.

> അനുഗ്രഹദായകമായ കൂദാശ എന്ന നിലയിൽ കുടുംബാംഗങ്ങൾ എല്ലാവരും പ്രാർഥനയോടെ പങ്കെടുക്കണം.

**5. മക്കളോ ബന്ധുമിത്രാദികളോ രോഗാവസ്ഥയിലായിരിക്കുന്ന വ്യക്തി വേഗം മരിക്കണമെന്ന ആഗ്രഹത്തോടെ രോഗീലേപനം നടത്താൻ ആവശ്യപ്പെടുന്നത് ശരിയാണോ?**

രോഗി മരിക്കണമെന്ന ആഗ്രഹത്തോടെ പ്രാർഥിക്കണമെന്ന് നിർദ്ദേശിക്കുന്നത് ഒട്ടും ശരിയായ കാര്യമല്ല. ജീവനും മരണവുമെല്ലാം ദൈവത്തിന്റെ കൈകളിലാണ്. രോഗീലേപനമെന്ന കൂദാശ മരിക്കാൻ കൊടുക്കുന്ന കൂദാശയുമല്ല. ദൈവഹിതമനുസരിച്ച് ആത്മീയവും, ശാരീരികവും മാനസികവുമായ സൗഖ്യവും ആശ്വാസവും രോഗിയ്ക്ക് ലഭിക്കട്ടെ എന്നാണ് ഈ കൂദാശയുടെ അടിസ്ഥാന പ്രാർഥന. ഇനി അതല്ല മരണമാണ് ദൈവഹിതമെങ്കിൽ നിത്യ സമ്മാനത്തിന് രോഗീലേപനം സ്വീകരിക്കുന്ന വ്യക്തി അർഹമാകട്ടെ എന്നും പ്രാർഥിക്കുന്നു. ■



വാർത്തകൾ
www.archtvmnews.com

# രാജ്യത്തിന്റെ പുരോഗതിക്കും യശസ്സുയർത്തുന്നതിനും ഭിന്നശേഷിക്കാർ വലിയ പങ്കുവഹിക്കുന്നു; ഡോ. ശശി തരൂർ

വെട്ടുകാട്: കേരളത്തിലെ ലത്തീൻ സഭയിലെ കേൾവി – സംസാര പരിമിതരുടെ സംസ്ഥാന സമ്മേളനവും എഫ്ഫാത്ത ഫോറത്തിന്റെ ഉദ്ഘാടനവും പ്രശസ്ത തീർഥാടനകേന്ദ്രമായ തിരുവനന്തപുരം അതിരൂപതയിലെ വെട്ടുകാട് സമാപിച്ചു. ഫാമിലി കമ്മിഷൻ കെ.ആർ.എൽ.സി.ബി.സി ചെയർമാനും വിജയപുരം രൂപതാദ്ധ്യക്ഷനുമായ ഡോ. സെബാസ്റ്റ്യൻ തെക്കത്തച്ചേരിൽ അധ്യക്ഷത വഹിച്ച പൊതുസമ്മേളനം തിരുവനന്തപുരം പാർലമെന്റ് അംഗം ഡോ. ശശി തരൂർ ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ പുരോഗതിക്കും യശസ്സുയർത്തുന്നതിനും ഭിന്നശേഷിക്കാർ വലിയ പങ്കുവഹിക്കുന്നുവെന്ന് ഡോ. ശശി തരൂർ അഭിപ്രായപ്പെട്ടു. എന്നാൽ അവരെ നാം അർഹിക്കുന്ന പ്രാധാന്യത്തോടെ അംഗീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്നുണ്ടോയെന്ന് പൊതുസമൂഹവും ഭരണകൂടവും ആത്മപരിശോധന ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



ഇക്കൊല്ലം സമാപിച്ച ഒളിമ്പിക്സിൽ ഇൻഡ്യ 71-ാം സ്ഥാനത്തെത്തിയപ്പോൾ പാരാലിമ്പിക്സിൽ 18-ാം സ്ഥാനം നേടാനായത് ഭിന്നശേഷിക്കാർ രാജ്യത്തിനു നൽകുന്ന സംഭാവന എത്രത്തോളമാണെന്ന് നാം അറിഞ്ഞിരിക്കണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ബിഷപ്പ് സെബാസ്റ്റ്യൻ തെക്കത്തച്ചേരിൽ പറഞ്ഞു. എഫ്ഫാത്ത ഫോറത്തിലൂടെ സ്നേഹവും കരുതലും കേൾവി സംസാര പരിമിതർക്ക് ലഭിക്കുവാനും ശക്തിപ്പെടുവാനും ഇടയാകട്ടെയെന്ന് അനുഗ്രഹ പ്രഭാഷണം നടത്തിയ തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ പറഞ്ഞു. കേൾവി – സംസാര വെല്ലുവിളി നേരിടുന്നവരിൽ ഇൻഡ്യയിലെ പ്രഥമ പുരോഹിതൻ റവ. ജോസഫ് തേർമഠത്തെ പ്രസ്തുത പരിപാടിയിൽ ആദരിച്ചു. ഫാമിലി കമ്മിഷൻ കെ.ആർ.എൽ.സി.ബി.സി സെക്രട്ടറി ഫാ. ഡോ. എ. ആർ. ജോൺ, തിരുവനന്തപുരം അതിരൂപത വികാർ ജനറൽ മോൺ. യൂജിൻ എച്ച്. പെരേര, അതിരൂപത കുടുംബ ശുശ്രൂഷ ഡയറക്ടർ ഫാ. റിച്ചാർഡ് സക്കറിയ എന്നിവർ സംസാരിച്ചു. 12 ലത്തീൻ രൂപതകളിൽ നിന്നായി മുന്നൂറ്റി അൻപതോളംപേർ പങ്കെടുത്ത സമ്മേളനത്തിന് തിരുവനന്തപുരം അതിരൂപത ഫാമിലി കമ്മിഷനാണ് ആഥിത്യമരുളിയത്.

# ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതിയ ചുവടുവയ്പ്; മരിയൻ എഡ്യുസിറ്റി, മരിയൻ ബിസിനസ് സ്കൂൾ കേരള ഗവർണർ നാടിന് സമർപ്പിച്ചു



കഴക്കൂട്ടം: ഏഴു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്ന മേനംകുളത്തെ മരിയൻ കാമ്പസ് ഇനി മരിയൻ എഡ്യുസിറ്റി. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വിശിഷ്ടാതിഥിയായ ചടങ്ങിൽ വച്ചാണ്, തിരുവനന്തപുരത്തെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ പ്രശസ്തമായ മരിയൻ എൻജിനീയറിംഗ് കോളേജുൾപ്പെടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ ഒരു കുടക്കീഴിലാക്കി മരിയൻ എഡ്യുസിറ്റിയായി പ്രഖ്യാപിച്ചത്. മരിയൻ ബിസിനസ് സ്കൂളിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു. ചടങ്ങിൽ തിരുവനന്തപുരം അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ അധ്യക്ഷത വഹിച്ചു. അതിരൂപതാ മുൻ ബിഷപ്പ് ഡോ. സൂസൈപാക്യം അനുഗ്രഹ പ്രഭാഷണം നടത്തി. മോൺ. യൂജിൻ പെരേര, ചിറയിൻകീഴ് എം എൽ എ വി.ശശി, മരിയൻ ആർട്ട്സ് കോളജ് മാനേജർ

ഫാ. പങ്കറേഷ്യസ് എന്നിവർ സംസാരിച്ചു. മരിയൻ എഞ്ചിനീയറിംഗ് കോളേജ് മാനേജർ ഫാ. ഡോ.എ ആർ.ജോൺ സ്വാഗതം പറഞ്ഞു.


അക്കാദമിക രംഗത്തെ പരസ്പര സഹകരണത്തിനും അടിസ്ഥാന സൗകര്യങ്ങളുടെയും വിഭവങ്ങളുടെയും സമഗ്രമായ വിനിയോഗത്തിനും വിവിധവിദ്യാഭ്യാസസ്ഥാപനങ്ങൾ ഒരേ കുടക്കീഴിൽ വരുന്നത് സഹായകരമാണെന്ന് ഗവർണർ പറഞ്ഞു. ദേശീയ വിദ്യാഭ്യാസനയം വിഭാവനംചെയ്യുന്ന ഉന്നതവിദ്യാഭ്യാസ രംഗത്തെ വിപ്ലവകരമായ മാറ്റങ്ങൾക്ക് അനുഗുണമായ സമീപനമാണ് എഡ്യൂസിറ്റിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ശരിയായ വിദ്യാഭ്യാസം ബൗദ്ധികമായ വികാസത്തോടൊപ്പം ആത്മീയപുരോഗതിക്കും ഉതകുന്നതാകണമെന്നും അതു ആർജ്ജവവും അനുതാപവുമുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കുമെന്നും ഗവർണർ പറഞ്ഞു.

## അടിസ്ഥാന ക്രൈസ്തവ സമൂഹത്തിന് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കും; ആർച്ച്ബിഷപ് ഡോ. തോമസ് നെറ്റോ



ആലപ്പുഴ: കേരള റീജിനൽ ലാറ്റിൻ കാത്തലിക് ബിഷപ്പ് കൗൺസിൽ ബിസിസി കമ്മിഷൻ സംഘടിപ്പിക്കുന്ന സംസ്ഥാന ക്യാമ്പ് ആലപ്പുഴ കർമസദൻ പാസ്റ്ററൽ സെന്ററിൽ ആരംഭിച്ചു. കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ നിന്നുള്ള വൈദികരും, സന്യസ്തരും, അൽമായരും അടങ്ങുന്ന പ്രതിനിധികളാണ് പങ്കെടുക്കുന്നത്. കമ്മിഷൻ ചെയർമാനും തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്തയുമായ ഡോ. തോമസ് ജെ. നെറ്റോ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അടിസ്ഥാന ക്രൈസ്തവസമൂഹം ഒരുമിച്ചുനിന്നാൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. കെ ആർ എൽ സി സി അസോസിയേറ്റ് സെക്രട്ടറി ഫാ. ജിജു അറക്കത്തറ അധ്യക്ഷത വഹിച്ചു. ബിസിസി നാഷണൽ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോർജ്ജ് ജേക്കബ്, കേരള റീജൻ സെക്രട്ടറി ഫാ. ജോൺസൺ പുത്തൻ വീട്ടിൽ, മാത്യു ലിഞ്ചൻ, സിസ്റ്റർ ലാൻസിൻ എന്നിവർ സംസാരിച്ചു.

## ആനിമേറ്റേഴ്സിനായി മീഡിയ ശില്പശാലയൊരുക്കി അതിരൂപത ബിസിസി സമിതി



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപതയിലെ ബി.സി.സി സമിതിയിൽ പ്രവർത്തിക്കുന്ന ആനിമേറ്റേഴ്സിനായി മീഡീയ ശില്പശാല നടത്തി. സെപ്റ്റംബർ 9 തിങ്കളാഴ്ച നടന്ന പ്രതിമാസ അവലോകന യോഗത്തിലാണ് മൾട്ടിമീഡിയയുടെ സാധ്യതകൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുപകരിക്കുന്ന ശില്പശാല നടത്തിയത്. അതിരൂപത മീഡിയകമ്മിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് സെക്രട്ടറി ശ്രീ. സതീഷ് ജോർജ്ജ് ശില്പശാലയ്ക്ക് നേതൃത്വം നൽകി. മൾട്ടി മീഡീയ, സോഷ്യൽ മീഡിയ എന്നിവയുടെ സഹായത്താൽ ഫൊറോന, ഇടവകതല കൂടിവരവുകൾ, സെമിനാറുകൾ, ക്ലാസുകൾ എന്നിവ കാര്യക്ഷമമായി എങ്ങനെ നടപ്പിലാക്കാമെന്നും, വിവിധ പരിപാടികൾക്കുശേഷം മാധ്യമങ്ങളുടെ സഹായത്താൽ പ്രവർത്തനങ്ങളെ കൂടുതല്പേരിലെത്തിക്കാനും ഉപകരിക്കുന്നതായിരുന്നു മീഡീയ ശില്പശാല.

## പുല്ലുകാട് ഇടവകയിൽ ലീജിയൻ ഓഫ് മേരിയുടെ പ്രസീഡിയം രൂപീകരിച്ചു

പുല്ലുകാട്: പേട്ട ഫൊറോനയിലെ പുല്ലുകാട് ഇടവകയിൽ ലീജിയൻ ഓഫ് മേരിയുടെ പുതിയ പ്രസീഡിയം രൂപീകരിച്ചു. ഓഗസ്റ്റ് 25 ഞായറാഴ്ച ജപമാല രാജ്ഞി പ്രസീഡിയം എന്ന പേരിൽ ആരംഭിച്ച പ്രസീഡിയത്തിന് പുതിയ ഭാരവാഹികളെയും തിരഞ്ഞെടുത്തു. പ്രസിഡന്റ്-മിനി, വൈസ്പ്രസിഡൻറ്–അൽഫോൺസ്, സെക്രട്ടറി-ആര്യമോൾ, ഖജാൻജി–മണിയൻ എന്നിവരാണ് ഭാരവാഹികൾ.



# മുനമ്പം, തൂത്തൂർ പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾക്ക് അടിയന്തര പരിഹാരം വേണം: അതിരൂപത പാസ്റ്ററൽ കൗൺസിൽ

വെള്ളയമ്പലം: ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങൾക്കും മനുഷ്യാവകാശങ്ങൾക്കും മതേതരത്വത്തിനും എതിരെ മുനമ്പം ചെറായി മേഖലയിലെയും തൂത്തൂർ ഫൊറോനയിലെ എട്ട് ഇടവകകളിലെയും ജനങ്ങളുടെ ജനജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങളിൽ അതിരൂപത പാസ്റ്ററൽ കൗൺസിൽ ഉൽക്കണ്ഠ രേഖപ്പെടുത്തി. തലമുറകളായി കൈവശം വെച്ച് അനുഭവിക്കുന്ന ജന്മഭൂമി അന്യാധീനപ്പെടുത്തി മുനമ്പം ചെറായി മേഖലയിലെ ഭൂപ്രദേശങ്ങൾ വഖഫ് ഭൂമിയായി പ്രഖ്യാപിക്കപ്പെട്ടതിനാൽ യാതന നേരിടുന്നവരോട് യോഗംഐക്യദാർഢ്യം പ്രഖ്യാപിച്ചു. കോട്ടപ്പുറം രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സമരപരിപാടികൾക്ക് യോഗം പിന്തുണ പ്രഖ്യാപിച്ചു. പ്രദേശവാസികൾക്ക് തങ്ങൾ അധിവസിക്കുന്ന ഭൂമിയുടെ മേലുള്ള സമ്പൂർണ്ണ അവകാശം ലഭിക്കുവാൻ ആവശ്യമായ നിയമഭേദഗതികൾ അടിയന്തരമായി വരുത്തി പൗരന്മാരുടെ ഭരണഘടന അവകാശങ്ങൾ സംരക്ഷിക്കണമെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളോട്യോഗം ആവശ്യപ്പെട്ടു.തിരുവനന്തപുരം അതിരൂപതയിലെ തൂത്തൂർ ഫൊറോനയിലെ എട്ട് ഇടവകകളിലെയും കോട്ടർ രൂപതയിലെ തീരപ്രദേശങ്ങളിലെയും ജനങ്ങളുടെ ജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന വിധത്തിൽ ഇന്ത്യൻ റെയർഎർത്ത്സ് ലിമിറ്റഡ് ആരംഭിക്കുവാൻ പോകുന്നു. കരിമണൽ ഖനനം വൻ പരിസ്ഥിതി നാശത്തിനും ജനങ്ങളുടെ ജീവിതത്തിനും ഗുരുതരമായ ഭീഷണികൾ സൃഷ്ടിക്കും. 40 വർഷക്കാലത്തേക്ക് തീരം പൂർണമായി തീരദേശവാസികൾക്ക് നഷ്ടപ്പെടും. പാരിസ്ഥിതിക ആരോഗ്യ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരും. ജന ജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന ധാതുമണൽ ഖനന പരിപാടിയിൽ നിന്ന് കേന്ദ്രസർക്കാരും തമിഴ്നാട് സർക്കാരും ഉടൻ പിന്മാറണമെന്ന് യോഗം ആവശ്യപ്പെട്ടു.

## ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന വാർഷികാഘോഷം നടത്തി അതിരൂപത അജപാലന ശുശ്രൂഷ

വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത അജപാലന ശുശ്രൂഷയുടെ നേതൃത്വത്തിൽ ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന വാർഷികാഘോഷം അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ 780 വിശ്വാസികൾ തയ്യാറാക്കിയ വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷത്തിന്റെ കൈയ്യെഴുത്ത് പ്രതികൾ ആശീർവദിച്ച് പ്രകാശനം ചെയ്തു. 2023 ലോഗോസ് ക്വിസ് വിജയികൾക്കും, ലാസ്തോറിയ ക്വിസ്, അതിരൂപത – സംസ്ഥാനതല പരീക്ഷാ വിജയികൾക്കുള്ള സമ്മാനം സമ്മേളനത്തിൽ വിതരണം ചെയ്തു. കൂടാതെ കൈയ്യെഴുത്ത്പ്രതി തയ്യാറാക്കിയവരെ ആദരിക്കുകയും ചെയ്തു. അതിരൂപത അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജു വില്യം അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ അതിരൂപത ശുശ്രൂഷ കോഡിനേറ്റർ ഫാ. ലോറൻസ് കുലാസ്, ഫാ. അജിത് ആൻറണി, സെക്രട്ടറി സിൽവദാസ് എഫ്, സെയിന്റ് സേവിയേഴ്സ് കോളേജ് അസിസ്റ്റൻറ് പ്രൊഫസർ ശ്രീമാൻ അനിൽകുമാർ എന്നിവർ സംസാരിച്ചു.





ഓണോഘോഷവും മാതാവിന്റെ ജനനതിരുനാളും ആചരിക്കുന്നതിന്റെ ഭാഗമായി പാളയം ഇടവക മതബോധന സമിതി ഒരുക്കിയ '**വചന പൂക്കളം.**'

## അൾത്താരബാലകർക്ക് പരിശീലനക്ലാസൊരുക്കി പുല്ലുവിള ഫൊറോന അജപാലന ശുശ്രൂഷ

പുല്ലുവിള : പുല്ലുവിള ഫൊറോനയിൽ അജപാലനശുശ്രൂഷയുടെ നേതൃത്വത്തിൽ അൾത്താരബാലകർക്ക് പരിശീലനക്ലാസ് സംഘടിപ്പിച്ചു. പരിശീലന പരിപാടി ഫൊറോന വികാരി ഫാ. ഡൈസൻ ഉദ്ഘാടനം ചെയ്തു. അൾത്താരബാലകർ ഭക്തിപൂർവ്വം നടത്തുന്ന അൾത്താര ശുശ്രൂഷകളിലൂടെ യേശുവിന്റെ സാക്ഷികളും കൂട്ടുക്കാരുമാകുന്ന ദിവ്യാനുഭവത്തിലൂടെ കടന്നുപോകുന്നവരാകണമെന്ന് ഫൊറോന കോ-ഓർഡിനേറ്റർ ഫാ. അഗസ്റ്റിൻ ജോൺ പറഞ്ഞു. ക്ലാസിന് നേതൃത്വം നല്കിയ അതിരൂപത അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജു വില്യം ദൈവവിളിയെക്കുറിച്ചും വൈദിക ജീവിതത്തെക്കുറിച്ചും അൾത്താരബാലകരുടെ മാതൃകാപരമായ പ്രവർത്തനങ്ങളെയും ചുമതലകളെയും വിശദീകരിച്ചു. ആനിമേറ്റർ മേരി ത്രേസ്യ മൊറായിസ്, സിസ്റ്റർ ആനിമേറ്റർ ആനി, സമിതി അംഗങ്ങൾ പരിപാടിയിൽ സന്നിഹിതരായിരുന്നു.

# സെന്റ്. നിക്കോളാസ് എൽ. പി സ്കൂളിൽ ആധുനിക സൗകര്യങ്ങളോടെ പുതിയ കമ്പ്യൂട്ടർ ലാബ്

പുതിയതുറ: പുതിയതുറ സെന്റ്. നിക്കോളാസ് എൽ. പി സ്കൂളിൽ നിലവിലുണ്ടായിരുന്ന കമ്പ്യൂട്ടർ ലാബിൽ ശീതികരണ സംവിധാനമൊരുക്കി പുതിയ 10 കമ്പ്യൂട്ടറുകളും മറ്റ് പശ്ചാത്തല സൗകര്യങ്ങളുമൊരുക്കി കാലികമായി നവീകരിച്ചു. നവീകരിച്ച കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം ആർച്ച്ബിഷപ് തോമസ് ജെ. നെറ്റോ ഉദ്ഘാടനം ചെയ്തു. പൂർവവിദ്യാർത്ഥികൂടിയായ ആർച്ച്ബിഷപ് തന്റെ ബാല്യകാല സ്മരണകൾ കുട്ടികൾക്കുമുമ്പിൽ പങ്കുവച്ചത് ഹൃദ്യമായ അനുഭവമായി.

ഫാ. ഗ്ലാഡിൻ അലക്സിന്റെ നേതൃത്വത്തിൽ നാട്ടിലെ സുമനസുകളുടെയും സ്കൂൾ അധ്യാപകരുടെയും സഹായത്തോടെയാണ് ആധുനികവത്കരിച്ച കമ്പ്യൂട്ടർ ലാബ് സാക്ഷാത്കരിച്ചത്. ആർച്ച്ബിഷപ് തോമസ് ജെ. നെറ്റോ 1968 ൽ ഈ സ്കൂളിൽ പ്രവേശനം നേടിയതിന്റെ വിവരങ്ങൾ അടങ്ങുന്ന രേഖ ആലേഖനം ചെയ്ത ഫലകം ഹെഡ്മിസ്ട്രസ് സമ്മാനിച്ചു.



# മുനമ്പം ജനതയുടെ അവകാശ പോരാട്ടത്തിന് പിന്തുണ- കെ. സി. വൈ. എം. ലാറ്റിൻ സംസ്ഥാന സമിതി

വൈപ്പിൻ : ഒരു കാലത്തു പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ കുടിപാർത്തിരുന്നതും, പിൽക്കാലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വിലയ്ക്കു വാങ്ങി, കരമടച്ചു, കൈവശം വച്ചു, വീടുകളും ആരാധനാലയങ്ങളും പണിതു ജീവിച്ചു വരുന്നവരുടെ പട്ടയങ്ങളുടെ മേൽ അവകാശം സ്ഥാപിച്ചെടുക്കാൻ 1995 ലെ വഖഫ് നിയമത്തെ ദുരുപയോഗം ചെയ്യുന്നു എന്ന ഗുരുതരമായ ആരോപണമാണ് മുനമ്പം ചെറായി വിഷയമായി ഉയർന്നു വരുന്നത്.

മുനമ്പം – കടപ്പുറം ജനതയുടെ തീറ് ഭൂമി തിരിച്ചു നൽകുക. ഭരണഘടന വിരുദ്ധമായ വഖഫ് നിയമം തിരുത്തുക. ജനപ്രതിനിധികൾ വേട്ടക്കാർക്ക് ഒപ്പം നില്ക്കാതെ ഇരകളായ പാവം ജനങ്ങൾക്ക് ഒപ്പം നില്ക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കെ.സി. വൈ.എം ലാറ്റിൻ സംസ്ഥാന പ്രസിഡൻ്റ് കാസി പൂപ്പന പ്രതിഷേധ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചുകൊണ്ട് സംസാരിച്ചു. ഡയറക്ടർ ഫാ. ജിജു ജോർജ് അറക്കത്തറ, ജനറൽ സെക്രട്ടറി അനുദാസ് സി എൽ , വൈസ് പ്രസിഡന്റ്മാരായ മീഷ്മ ജോസ്, അക്ഷയ് അലക്സ് , ട്രഷറർ അനീഷ് യേശുദാസ്, സെക്രട്ടറി മാരായ മാനുവൽ ആൻ്റണി, അലീന ജോർജ് എന്നിവർ സംസാരിച്ചു.




## നീർച്ചാൽ



# അടുപ്പം കൂടിയാൽ തിടുക്കവും കൂടും

ആണ്ടുവട്ടം 27-ാം ഞായർ (ഒക്ടോബർ 06)
ഉത്പത്തി 2 : 18 - 24, ഹെബ്രായർ 2 : 9 - 11, മർക്കോസ് 10 : 2 - 16

**ഫാ. വിക്ടർ എവരിസ്റ്റസ്**

ഹോസ്പിറ്റലിൽ മരണം കാത്തുകിടക്കുന്ന ഒരു മദ്ധ്യവയസ്കയെ പരിചയപ്പെട്ടു. അർബുദം അവരെ ഏതാണ്ട് മുഴുവനായും കാർന്നുതിന്നു കഴിഞ്ഞു. പ്രാർത്ഥിക്കാം എന്ന് പറഞ്ഞ് മുറിവിട്ട് പോരാൻ ഒരുങ്ങുമ്പോൾ ഒരു നേർത്ത സ്വരത്തിൽ ആ സ്ത്രീ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു എന്റെ രോഗം മാറാൻവേണ്ടി അച്ചൻ പ്രാർത്ഥിക്കണ്ടാട്ടോ. എന്റെ ഭർത്താവ് ഇത്രടംവരെ ഞാൻ മരിക്കുന്നതു മുമ്പ് വരാൻ പ്രാർത്ഥിക്കണേ!'

ക്യാൻസറാണെന്ന് അറിഞ്ഞതിന്റെ തലേദിവസംവരെ നിന്റെകൂടെ ഞാൻ എന്നുമുണ്ടാകും, എന്റെ സ്നേഹം നിലനിൽക്കുന്നതാണെന്നൊക്കെ പറഞ്ഞ് എന്നെ ചേർത്തു ചുംബിച്ചതാണ്. ദാ... മൂന്ന് മാസത്തിലധികമായി ഒന്നു ഫോൺ വിളിക്കുക പോലും ചെയ്തിട്ടില്ല. എനിക്ക് വേറൊന്നും വേണ്ട. എടീ... ഞാൻ കൂടെയുണ്ട്ട്ടോ... അത്രയെങ്കിലും ഒന്നു പറഞ്ഞാൽ ഞാൻ ഈ മരണ വേദനയെ അതിജീവിച്ചേനേ... നിലനിൽക്കുന്ന സ്നേഹം വാക്കിലാണ്. ജീവിതത്തിൽ ഞാൻ ഇപ്പോൾ അറിയുന്നില്ല. ദൈവാലയത്തിൽ വച്ച് വൈദീകരുടെയും വിശ്വാസികളുടെയും മുന്നിൽ വച്ച് അന്ന് എടുത്ത പവിത്രമായ പ്രതിജ്ഞയിലാണ് മനുഷ്യകുലം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ആഴമായ ബന്ധം എന്നത് മറന്നുപോയ ഒരു ദാമ്പത്യ ജീവിതമാണ് ഇത്. അവർ തമ്മിലുള്ള സ്നേഹത്തിന്റെ അടുപ്പം കുറഞ്ഞപ്പോൾ പരസ്പരം സ്നേഹിക്കേണ്ട , മനസ്സിലാക്കേണ്ട തിടുക്കവും കുറഞ്ഞു.

ഇന്നത്തെ സുവിശേഷം ആവശ്യപ്പെടുന്ന ദാമ്പത്യഐക്യം ഇന്ന് ഫലവത്താവണമെങ്കിൽ വിവാഹദിനം നാം ഏറ്റുചൊല്ലിയ പ്രതിജ്ഞയോട് കൂറുപുലർത്തണമെന്നതാണ്. വിശുദ്ധ ഗ്രന്ഥത്തിലെ രണ്ട് മൂന്ന് ഉദാഹരണങ്ങൾ ഇതിന് ആവശ്യമായ സാക്ഷ്യം നമുക്ക് നൽകുന്നുണ്ട്.

ദൈവസന്നിധിയിൽ വച്ച് പ്രതിജ്ഞയെടുക്കുകയും ആ പ്രതിജ്ഞ നിറവേറ്റുകയുംചെയ്ത പഴയ നിയമ കഥാപാത്രമാണ് ജഫ്താ. കർത്താവിന്റെ മുന്നിൽനിന്ന് ജഫ്ത ഒരു പ്രതിജ്ഞയെടുക്കുന്ന ഭാഗം ന്യായാധിപന്മാരുടെ പുസ്തകത്തിൽ പതിനൊന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്: കർത്താവ് അങ്ങ് അമോന്യരെ എന്റെ കയ്യിൽ ഏൽപ്പിക്കുമെങ്കിൽ ഞാൻ അവരെ തോൽപ്പിച്ച് ജേതാവായി തിരികെ ചെല്ലുമ്പോൾ എന്നെ എതിരേൽക്കാൻ പടിവാതിൽക്കലേക്ക് ആദ്യം വരുന്നത് ആരായിരുന്നാലും അവൻ കർത്താവിൻറേതായിരിക്കും. ഞാൻ അവനെ ദഹനബലിയായി അവിടുത്തേക്ക് അർപ്പിക്കാം(ന്യായ 11/ 30). കർത്താവ് ജഫ്തയുടെ ഈ പ്രതിജ്ഞ കേൾക്കുകയും അവന്റെ നിഷ്കളങ്കമായ പ്രതിജ്ഞയ്ക്ക് നൂറു ശതമാനവും വിജയം നൽകി. ജഫ്താ ആ യുദ്ധത്തിൽ വിജയിച്ചു.

ഓർക്കണം, ഈ ജഫ്തയെപ്പോലെ നാമും ദൈവസന്നധിയിൽവച്ച് ഒരുപാട് പ്രതിജ്ഞകൾ നടത്തിയിട്ടുണ്ട്. അവയെല്ലാം ദൈവം വൻവിജയം നൽകി അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ജഫ്ത തന്റെ പ്രതിജ്ഞ നിറവേറ്റിയതുപോലെ നാമും നമ്മുടെ പ്രതിജ്ഞകൾ ബോധപ്പൂർവ്വം നിറവേറ്റിയുണ്ടോ എന്ന് ചിലപ്പോഴെങ്കിലും ആത്മശോധന ചെയ്യണം. സുവിശേഷ ഗ്രന്ഥത്തിൽ വലതുകൈവച്ച് കാർമ്മികൻ ചൊല്ലിത്തന്ന പ്രതിജ്ഞ ഏറ്റുചൊല്ലിയ വധൂവരന്മാർ ആ പ്രതിജ്ഞ പ്രാവർത്തികമാക്കിയിരുന്നെങ്കിൽ ആ സമൂഹത്തിൽ ഇത്രയുംഅധികം വിവാഹമോചന കേസുകൾ ഉണ്ടാകുമായിരുന്നില്ല: ഇന്നു മുതൽ മരണം വരെ സന്തോഷത്തിലും ദുഃഖത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും പരസ്പര സ്നേഹത്തോടും വിശ്വസ്തതയോടും കൂടി ഏകമനസ്സോടെ ജീവിച്ചുകൊള്ളാമെന്ന് ഈ വിശുദ്ധ സുവിശേഷം സാക്ഷിയാക്കി ഞങ്ങൾ വാദാനം ചെയ്യുന്നുവെന്ന്

പ്രതിജ്ഞ ചെയ്ത എത്രയോ പേരാണ് ഈ പ്രതിജ്ഞ ബോധപൂർവ്വം ലംഘിച്ചുകൊണ്ടിരിക്കുന്നത്?

വിശുദ്ധ കുർബ്ബാനമദ്ധ്യേ എത്രയോ തവണ വിശ്വാസപ്രമാണത്തിലെ പ്രതിജ്ഞകൾ ഏറ്റുചൊല്ലിയവരാണു നമ്മൾ. എന്നിട്ടും, അവയൊക്കെ നാം പാലിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ എന്തായിരിക്കും നമ്മുടെ ഉത്തരം?

പാപവും പാപമാർഗ്ഗങ്ങളും നീ ഉപേക്ഷിക്കുന്നുവോ എന്ന കാർമ്മികന്റെ ചോദ്യങ്ങൾക്ക് ഉപേക്ഷിക്കുന്നു എന്ന് ഉത്തരം പറഞ്ഞ് പ്രതിജ്ഞയെടുത്ത് മാമോദീസയും സ്ഥൈര്യലേപനവും സ്വീകരിച്ച നാം ആ പ്രതിജ്ഞ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലേ?

എത്രയെത്ര നേർച്ചകൾ നേർന്നവരാണ് നാം. കാര്യം നടക്കാൻ നേർച്ച നേർന്ന്, കാര്യം നടന്നപ്പോൾ നേർച്ചയുടെ കാര്യം നാം മറന്നില്ലേ.

മരണദൂതൻ നമ്മെ തേടിവരുംമുമ്പേ വീട്ടിത്തീർക്കേണ്ട കടങ്ങളേതെല്ലാമെന്നും, പുതുക്കേണ്ട പ്രതിജ്ഞകൾ ഏവയെന്നും നാം കണ്ടെത്തുകതന്നെ വേണം (അതേ സുഹൃത്തേ, നീയും ഞാനും നിറവേറ്റേണ്ട ചില സ്നേഹ പ്രതിജ്ഞകൾ ഉണ്ട്. അവ നമുക്കൊന്നാണ് നിറവേറ്റാനാവുക. ഒന്നിച്ചു കരം കോർത്തുപിടിച്ച് നമ്മൾ ഒരേ മനസ്സോടെ അവന്റെ മുമ്പിൽ ചൊല്ലിയ പ്രതിജ്ഞകളേതെന്നു നിനക്കോർമ്മയുണ്ടോ? നമുക്കതു നിറവേറ്റണ്ടേ?)

■

# നിത്യജീവൻ

**ആണ്ടുവട്ടം 28-ാം ഞായർ (ഒക്ടോബർ 13)**
ജ്ഞാനം 7 : 7 - 11, ഹെബ്രായർ 4 : 12 - 13, മർക്കോസ് 10 : 17 - 30

**ഫാ. ഡൈസൻ**




ഒരിക്കൽ യജ്ഞവാല്ക്യ മഹർഷി തനിക്കുള്ള സ്വത്തെല്ലാം രണ്ടായി ഭാഗിച്ച് തന്റെ രണ്ടു പത്നിമാർക്കും നല്കി. അവരിൽ ഒരാൾ മഹർഷിയോട് ചോദിച്ചു. ധനം കൊണ്ട് നിറഞ്ഞ ഈ ഭൂമി മുഴുവൻ ലഭിച്ചാലും അതുകൊണ്ട് അമരത്വം എനിക്കുണ്ടാകുമോ? സമ്പത്തുകൊണ്ട് സമ്പന്നയാകുവാൻ സാധിക്കും എന്നാൽ അമരത്വം ലഭിക്കുകയില്ലായെന്ന് മഹർഷി പറഞ്ഞു. അമരത്വം ലഭിക്കാൻ പ്രാർത്ഥനയിലൂടെ ധ്യാനത്തിലൂടെ ദൈവത്തോട് അലിഞ്ഞ് ഒന്നാകണം, അമരത്വം നല്കുന്ന ദൈവം മാത്രമായിരിക്കണം ആശ്രയം.

അമരത്വം (നിത്യജീവൻ) നല്കുന്ന ദൈവം നല്ലവനാണ്. കാരണം ദൈവം എല്ലാ നന്മകളുടെയും ഉറവിടമാണ്. ദൈവത്തിനുമാത്രം ഉപയോഗിക്കേണ്ട നല്ലവനെന്ന അഭിസംബോധന ധനികനായ മനുഷ്യൻ യേശുവിന് നല്കുന്നത് അസാധാരണവും അചിന്തനീയവുമാണ്. നിത്യജീവൻ തേടിവന്ന ധനികൻ യേശുവിനെ ദൈവമായി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തുവെങ്കിൽ യേശുവിന്റെ വാക്ക് കേട്ട് ദു:ഖിതനാകില്ലായിരുന്നു. യേശുവിനെ വെറുമൊരു ഗുരുവായി കണ്ടിരുന്നുവെങ്കിൽ ഏകദൈവവിശ്വാസിയായ ധനികൻ ദൈവത്തിനുള്ള അഭിസംബോധന യേശുവിന് നല്കില്ലായിരുന്നു. അതുകൊണ്ട് അഭിസംബോധനയുടെ ഉദ്ദേശശുദ്ധി ചോദ്യചിഹ്നമാണ്. അവന്റെ അഭിസംബോധന ഉള്ളിൽ തട്ടാതെയുള്ള മുഖസ്തുതിയുടെയായിരിക്കാം. അല്ലെങ്കിൽ യേശുവിനെ ബോധപൂർവ്വം പരിഹസിക്കുന്നതിനുവേണ്ടിയായിരിക്കാം. എന്തായാലും ധനികൻ സ്വയം വഞ്ചിതനാകുകയാണ്. അതുകൊണ്ടായിരിക്കാം പത്തു കല്പനകളുടെ രണ്ടാം ഭാഗം യേശു ഉദ്ധരിക്കുമ്പോൾ അതിലില്ലാത്ത ഒരു കാര്യംകൂടെ യേശു കൂട്ടി ചേർക്കുന്നു വഞ്ചിക്കരുത്! മനുഷ്യരുടെ നന്മയാണ് ദൈവത്തിന്റെ ആനന്ദം. ധനികനായ മനുഷ്യന്റെ നിത്യജീവന്, നന്മയ്ക്ക് തടസ്സം വഞ്ചനയെന്ന് യേശു വെളിപ്പെടുത്തുന്നു.

നല്ലവനായ ദൈവം മാത്രമാണ് പരിപൂർണ്ണൻ (മത്താ: 5:48) മനുഷ്യരായ നമ്മൾ അപൂർണ്ണരാണ്. കാരണം നമുക്ക് കുറവുകളുണ്ട്. നമ്മുടെ കുറവുകളാകുന്ന തമോഗർത്തങ്ങളെ തിരിച്ചറിയണമെങ്കിൽ ദിവ്യവെളിച്ചമായ ദൈവത്തിന്റെ മുമ്പിൽ നില്ക്കണം. യേശുവാകുന്ന ദിവ്യപ്രകാശത്തിന്റെ മുമ്പിൽ ധനികന്റെ കുറവ് യേശു വെളിപ്പെടുത്തുകയാണ്. കല്പനകൾ പാലിക്കുമ്പോഴും ദൈവത്തിനല്ല അവൻ മുഖ്യസ്ഥാനം നല്കിയത്; സമ്പത്തെന്ന വിഗ്രഹത്തിനാണ്. അതിലൂടെ ഏകസത്യദൈവത്തെ വഞ്ചിക്കുകയാണ് ചെയ്തത്. സമ്പ

ത്തെന്ന വിഗ്രഹത്തെ മാറ്റി നിത്യജീവൻ സ്വന്തമാക്കാൻ യേശു കല്പിക്കുമ്പോൾ അവൻ വിഷാദത്തോടെ മടങ്ങുന്നു. കാരണം സമ്പത്തിനോടുള്ള അവന്റെ ആസക്തി അത്രക്കും വലുതായിരുന്നു. പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീ യേശുവിന്റെ മുമ്പിൽ നിന്നപ്പോൾ അവളുടെ കുറവ് യേശു വെളിപ്പെടുത്തുന്നത് മേലിൽ പാപം ചെയ്യരുതെന്ന ആജ്ഞയിലൂടെയാണ്. കുറവുകൾ തിരിച്ചറിയണമെങ്കിൽ ദിവ്യനാഥന്റെ മുമ്പിൽ വരണം. അവന്റെ വെളിച്ചത്തിൽ നാം ഓരോരുത്തരും കുറവുകളുടെ കൂമ്പാരമാണെന്ന് വെളിപ്പെടും. തിരിച്ചറിഞ്ഞ കുറവുകളെ നിറവുകളാക്കുമ്പോൾ ദൈവം നല്കുന്ന സമ്മാനമാണ് നിത്യജീവൻ.

നിത്യജീവൻ സ്വന്തമാക്കണമെങ്കിൽ പരിത്യാഗം (ഉപേക്ഷ) എന്ന പുണ്യം അഭ്യസിക്കണം. പഴയ നിയമ കാഴ്ചപ്പാടിൽ സമ്പത്തും മറ്റു ഭൗതിക വസ്തുക്കളും ദൈവത്തിന്റെ അനുഗ്രഹമാണ് (ജോബ് 1:10; സങ്കീ 128: 1-2; ഏശയ്യ 3:10). പുതിയ നിയമത്തിൽ ഒരു ക്രിസ്തുശിഷ്യന്റെ ഭൗമികമായ പരിത്യാഗങ്ങൾക്ക് (ഭവനം, സഹോദരങ്ങൾ, മാതാപിതാക്കൾ, മക്കൾ, വയലുകൾ) ലഭിക്കുന്നത് ആത്മീയ ഫലങ്ങളാണ്. സ്വന്തം ഭവനം ഉപേക്ഷിക്കുമ്പോൾ ദൈവജനബന്ധത്തിലൂടെ ഒരു ക്രിസ്തുശിഷ്യൻ അവരുടെ ഭവനങ്ങളിൽ അംഗമാകുകയും, അവർക്ക് അനുഗ്രഹമാകുകയും ചെയ്യുന്നു. ഉപേക്ഷയിലൂടെ ഭവനം ചെറുതാകുന്നില്ല; വിശാലമാകുയാണ്. സ്വന്തം അമ്മയെ ഉപേക്ഷിക്കുമ്പോൾ, ഒരായിരം അമ്മമാരുടെ മകനായി മാറുന്നു. ഒരു ക്രിസ്തുശിഷ്യന്റെ യഥാർത്ഥ ആനന്ദം ഓരോ ഉപേക്ഷക്കും ദൈവം നല്കുന്ന അനുഗ്രഹസമൃദ്ധിയാണ്! ആത്മീയ പ്രതിഫലത്തിനു പുറമെ ഒരു ക്രിസ്തുശിഷ്യനു ലഭിക്കുന്ന മറ്റു രണ്ടു സമ്മാനങ്ങൾ പീഡകളും നിത്യജീവനും. പീഡനങ്ങളെ കണ്ട് ഭയന്ന് ഓടുന്നവനല്ല, അതിനെ ആലിംഗനം ചെയ്യുന്നതാണ് ക്രിസ്തുശിഷ്യൻ. നമുക്കുംപോയി അവനൊടൊപ്പം മരിക്കാമെന്നു പറഞ്ഞുകൊണ്ട്, ഗുരുവിനു വേണ്ടി പീഡനങ്ങളെ വാരിപുണർന്ന തോമസ് അപ്പോസ്തലൻ ശിഷ്യത്വത്തിന് വലിയ മാതൃകയാണ്. നിത്യജീവൻ ദൈവത്തോടുള്ള നിത്യമായ ഐക്യത്തിൽ നിന്ന് ഉടലെടുക്കുന്ന ദൈവീക സമ്മാനമാണ്. ജീവിത വിശുദ്ധിയാണ് ദൈവവുമായി ഒരുവനെ ഐക്യപ്പെടുത്തുന്ന സുകൃതം. വിശുദ്ധിയെന്നത് കുറച്ചു വ്യക്തികൾക്ക് മാത്രമുള്ള സുഗഭോഗവസ്തുവല്ല. എനിക്കും നിങ്ങൾക്കുമുള്ള ലളിതമായ കടമയാണ് (വി.മദർ തെരസാ). മർത്യനായ മനുഷ്യനെ അമർത്യനാക്കുന്നതാണ് നിത്യജീവൻ. മനുഷ്യൻ അമർത്യനാകണമെങ്കിൽ മുന്തിരിവള്ളിയും ശാഖയുംപോലെ ദൈവവുമായി നിരന്തരബന്ധത്തിലായിരിക്കണം. ■

# സിംഹാസനങ്ങൾ സ്വപ്നം കാണുന്നവർ

ആണ്ടുവട്ടം 29-ാം ഞായർ (ഒക്ടോബർ 20)
ഏശയ്യാ 53 : 10 - 11, ഹെബ്രായർ 4 : 14 - 16, മർക്കോസ് 10 : 35 - 45

**ഫാ. പോൾ സണ്ണി**



കണക്കുകൂട്ടലുകൾ പിഴയ്ക്കുമ്പോൾ ജീവിതത്തിന് പഞ്ചാരക്കുപ്പായം പുതപ്പിക്കാൻ നോക്കുന്നതെന്തിനാണ്.എല്ലാം കേമമായി മുന്നോട്ടു പോകുന്നുവെന്നുകാണിക്കാൻ മധുരമേലങ്കികൊണ്ട് ആവരണം ചെയ്യേണ്ടതില്ല.അധികാരമോഹം സർവ്വനിന്ത്രണവും വിട്ട് പുറത്തേക്ക്വമിച്ചതാണ് സെബദിപുത്രൻമാരുടെ അഭ്യർത്ഥന. യേശുവിന്റെ ശിഷ്യൻമാർക്ക് അവിടുത്തെ ദിവ്യരഹസ്യങ്ങൾ മനസ്സിലാക്കാൻ കഴിവില്ലെന്ന് വ്യക്തമാക്കുന്ന തരത്തിലാണ് ഈ അഭ്യർത്ഥന നടക്കുന്നത്.അവർ ഭൗതീക സിംഹാസനത്തെ സ്വപ്നം കണ്ടവർ.ബാക്കി പത്തുപേരും മുഖ്യധാരയിലേക്ക് വരുംമുമ്പേ പിടിച്ചെടുക്കുക. മറ്റു സുവിശേഷങ്ങളിൽ മക്കൾക്കുവേണ്ടി കച്ചകെട്ടിയിറങ്ങുന്നത് അമ്മയാണ്. സ്വഭാവികമായും എപ്പോഴൊക്കെയോ സെബദിയുടെ വീട്ടീൽ ഒരു ഗൂഢാലോചന നടന്നിട്ടുണ്ട്. ഒന്നുകിൽ അമ്മ മക്കളിൽ ഈ ആഗ്രഹത്തെ കുത്തിനിറച്ചു, അല്ലെങ്കിൽ മക്കൾ തങ്ങളുടെ മോഹം അമ്മയെക്കൊണ്ട് പറയിപ്പിച്ചു.രണ്ടാമത്തെ ആകാനാണ് സാധ്യത.

പണം പിശാചിന്റെ കാഷ്ഠമാണ് എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. അധികാരം അത്രമാത്രം ദുഷിപ്പിക്കുന്നതാണ്. പാനപാത്രം, സ്നാനം -(പിനോ, ബാപ്റ്റിസോ),കുടിക്കുക, മുങ്ങുക. പാനപാത്രം മാമ്മോദീസയാണ്. ചിന്തുവാൻ പോകുന്ന പുതിയ ഉടമ്പടി. സ്നാനം സഹനത്തിലേക്ക് താഴ്ത്തുന്ന കഷ്ടതയുടെ അനുഭവമാണ്. മരണത്തിന്റെ മാമ്മോദിസ. ഈ പാനപാത്രം കുടിക്കാനും ഈ സ്നാനം സ്വീകരിക്കുവാനുമാണ്.

യേശു സെബദീപുത്രന്മാരെ ക്ഷണിക്കുന്നത്. അധികാരത്തിന്റെ വേലിയേറ്റത്തിൽ അതിന്റെ അർത്ഥമറിയാതെ അവർ അതെ എന്ന് ഉത്തരം പറഞ്ഞു. പക്ഷേ സുവിശേഷനീതി അവർക്കായി തുടിച്ചു. പിന്നീട് അവർ രക്തസാക്ഷിത്വത്തിന്റെ മകുടോദാഹരണമായി.

യേശുവിന്റെ ഈ സഹനത്തെക്കുറിച്ചാണ് ഏശയ്യായും ഓർമിപ്പിക്കുന്നത്. പുത്രനെ ക്ലേശങ്ങൾക്ക് വിട്ടുകൊടുത്ത് സന്തതിപരമ്പരയെ കാണുന്ന ദൈവം. നീതിമാനായ ദാസനിലൂടെ അനേകംപേർ നീതിമാന്മാരാകും.

വ്യക്തിപരമായി സ്വാധീനിച്ചു നേടേണ്ടതല്ല പദവികൾ. പ്രത്യേകിച്ച് ദൈവം നല്കുന്ന അധികാരം സേവനത്തിന്റേതാണ്. വിജാതീയരുടെ ഭരണകർത്താക്കളുടെ യജമാനത്വമനോഭാവം. നിഷേധിക്കുന്നവാണ് ക്രിസ്തു. കൂടെയിരുന്ന് സ്നേഹിക്കുവാനാണ് യേശു ആഗ്രഹിക്കുന്നത്. അധികാരസ്ഥാനീയർ ശുശ്രൂഷകനും സേവകനുമാണ്. ശുശ്രൂഷകൻ എന്നതിന്റെ ഗ്രീക്കുപദം 'ദിയാക്കാണോസ്' എന്നാണ്. അനേകർക്കുവേണ്ടി മോചനദ്രവ്യമായി സമർപ്പിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്. 'ലിത്രോൺ' എന്ന വാക്കിന്റെ അർത്ഥം മോചനദ്രവ്യം എന്നാണ്. ശക്തിയും അധികാരവും കൈക്കലക്കാൻവേണ്ടി ഒരാൾക്ക് പോരടിക്കണം. കലഹിക്കാം. അതു തിന്മയുടെ പണിയാണ് എന്നാൽ ദൈവത്തോടൊപ്പവും നമുക്ക് പോരാടാം. അതാണ് അഭിനിവേശത്തിന്റെ പോരാട്ടം, അത്യാവശ്യമായിരിക്കുന്ന പടവെട്ടൽ. നമ്മുടെ ബലഹീനതകളിൽ ഒപ്പം കൂടുന്ന പ്രധാനപുരോഹിതനെക്കുറിച്ചാണ് പൗലോസ് ഹെബ്രായരുടെ ലേഖനത്തിൽ പറയുന്നത്. സഭ തെരുവിലേക്കു പോകുന്നതിനു കാരണം യേശു ഇന്നു തെരുവിലുള്ളവരുടെ രാജാവായതുകൊണ്ടാണ് . അന്നു ജെറുസലേമിൽ ഓശാന ഞായറാഴ്ച യേശു തെരുവിലുള്ളവരുടെ രാജാവായിരുന്നല്ലോ. പള്ളിയേക്കാൾ യേശുവിനോടുള്ള ആരാധന നടക്കുന്ന ഇടം തെരുവാണ്' എന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു വയ്ക്കുന്നു. അവന്റെ വചനം വഴിയോരത്തു വിതറാൻ അവൻ ആഗ്രഹിക്കുന്നു. നാം അലഞ്ഞു നടക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ■

# കുറവുകളും നിറവുകളും

**ആണ്ടുവട്ടം 30-ാം ഞായർ (ഒക്ടോബർ 27)**
ജെറെമിയ 31 : 7 - 9, ഹെബ്രായർ 5 : 1 - 6, മർക്കോസ് 10 : 46 - 52

**ഫാ. അജി മോൻ**



എബ്രഹാം ലിങ്കൺ അമേരിക്കൻ പ്രസിഡന്റായിരുന്ന കാലം. അന്ന് പട്ടാളക്കാരുടെ മുഴുവൻ ചുമതലയും വഹിച്ചിരുന്നത് അദ്ദേഹമായിരുന്നു. എന്തെങ്കിലുമൊക്കെ കുറ്റങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെട്ടിരുന്ന ധാരാളം പട്ടാളക്കാർ അന്നുണ്ടായിരുന്നു. ഇടക്കിടെ ഈ പട്ടാളക്കാരിൽനിന്ന് തങ്ങളുടെ ശിക്ഷ ഇളവ് ചെയ്യണമെന്ന അപേക്ഷ ലിങ്കണ് ലഭിക്കുമായിരുന്നു. ഈ അപേക്ഷകൾക്കൊപ്പം ശിക്ഷായിളവിനുള്ള മേലധികാരിയുടെ കത്തും ഉണ്ടാകും. ഇത്തരം ദയാഹർജികളെല്ലാം വായിച്ചുനോക്കിയിട്ട് ഉചിതമെന്ന് തോന്നിയതിനെല്ലാം പ്രസിഡൻറ് അംഗീകാരം നൽകിപോന്നു. അങ്ങനെയിരിക്കെ ഒരു പട്ടാളക്കാരന്റെ ദയാഹർജി അദ്ദേഹത്തിന് ലഭിച്ചു. എന്നാൽ ആ കത്തിന്റെ കൂടെ ശിക്ഷയിളവ് നൽകണമെന്നുള്ള ആരുടെയും ശുപാർശ ഇല്ലായിരുന്നു. ആ കത്ത് കൈയിൽ എടുത്തുകൊണ്ട് ലിങ്കൺ ചോദിച്ചു. ഇതെന്തുപറ്റി ഇയാളെ സഹായിക്കുവാൻ ഒരു മേലുദ്യോഗസ്ഥനുമില്ലേ. പ്രസിഡൻറിന്റെ ചോദ്യത്തിലെ പൊരുൾ മനസ്സിലാകാത്ത സെക്രട്ടറി വിനയത്തോടെ പറഞ്ഞു, സർ, അയാളൊരു സാധു മനുഷ്യനാണ്. അതുകൊണ്ടാകാം അയാൾക്കുവേണ്ടി ശുപാർശ ചെയ്യാൻ ആരുമില്ലാത്തത്. അയാളുടെ ദയാഹർജി അപ്പോൾ തന്നെ പ്രസിഡൻറ് അംഗീകരിച്ചു. അങ്ങനെ അയാൾ ജയിൽ മോചിതനായി.

ആരും ഇല്ലാത്തവർക്കായി എല്ലാമാവുന്നവനാണ് യഥാർത്ഥ അധികാരി. യഥാർത്ഥ അധിപൻ യഥാർത്ഥ മനുഷ്യൻ. ആരും തുണയില്ലാത്ത ബർതിമേയൂസ് എന്ന അന്ധന് എല്ലാമാകുന്ന ക്രിസ്തുവിനെ നാം ഇന്നു കാണുന്ന അങ്ങനെ അവൻ നിന്റെ ജീവിതത്തിൽ ആകണമെങ്കിൽ നിന്റെ കാഴ്ചയെ മറക്കുന്ന ആ പുറങ്കുപ്പായം വലിച്ചെറിയേണ്ടതുണ്ട്.

ശരീരത്തിന്റെ കുറവിനേക്കാൾ ആത്മാവിൽ അനുഭവപ്പെടുന്ന കുറവാണ് യഥാർത്ഥ കുറവ് എന്ന്

തിരിച്ചുനൽകുന്ന വായനകളാണ് ഇന്ന്. ഒന്നാം വായനയിൽ ജറമിയാ പ്രവാചകന്റെ പ്രവചനം നോക്കുക. ദൈവം ഒരുമിച്ചുകൂട്ടുന്ന ജനക്കൂട്ടം അന്ധരും മുടന്തരും, ഗർഭിണികളും, ഈറ്റു നോവ് തുടങ്ങിയവരും ഉൾപ്പെടെ ഒരു വലിയ കൂട്ടം. അവിടെ ശാരീരിക കുറവിനേക്കാൾ ആത്മാവിന്റെ കുറവിനാണ് പ്രാധാന്യം. ആത്മാവിന്റെ കുറവുകൾ നികത്തുവാനാകുന്നതോ ക്രിസ്തുവിന്റെ സാന്നിധ്യവും.

ക്രിസ്തുസാന്നിധ്യം നഷ്ടമാകുമ്പോൾ യഥാർത്ഥ കുറവ് നാം അനുഭവപ്പെടുന്നു. അന്ധത നാം അനുഭവപ്പെടുന്നു. നഷ്ടങ്ങൾ ആദ്യം സ്പർശിക്കുന്നത് ഹൃദയത്തെയാണോ അതോ കണ്ണുകളെയോ. പ്രിയപ്പെട്ടത് നഷ്ടമാകുമ്പോൾ ആദ്യം തേങ്ങുന്നത് ഹൃദയം തന്നെ ബർതിമേവൂസിന്റെ ഹൃദയമായിരിക്കണം. ആദ്യം ക്രിസ്തുവിനുവേണ്ടി തേങ്ങിയത്. പിന്നെ അത് കണ്ണുകൾ ഏറ്റുവാങ്ങും. കളിപ്പാട്ടം വീണുടഞ്ഞാൽ കുഞ്ഞുങ്ങൾ കരയുന്നു. നാദം നഷ്ടമായാൽ തംബുരുപോലും കരയുന്നു. എന്നിട്ടും ഉള്ളിലെ ദൈവം നഷ്ടമായാൽ കരയാൻ മാത്രം മനുഷ്യന് മടിയാണ്.

ബർതിമേയൂസ് കരയുന്നുണ്ട്, നിലവിളിക്കുന്നുണ്ട്. അവന് ക്രിസ്തുവിനെ നഷ്ടപ്പെട്ടുകൂടാ. എത്ര വിലക്കിയിട്ടും അവൻ വീണ്ടും വീണ്ടും നിലവിളിച്ചത് ഏറ്റവും നല്ല പ്രാർത്ഥനയായി ക്രിസ്തുവിന് അനുഭവപ്പെട്ടു. (ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ).

ജനക്കൂട്ടം അവനെ വിലക്കുന്നുണ്ട്. ജനത്തിന്റെയും സമൂഹത്തിന്റെയും അന്ധമായ വിലക്കുകൾ ഒരുവനെ അന്ധതയിലേക്കും കുറവുകളിലേക്കും തള്ളിയിടാം. ക്രിസ്തു പഠിപ്പിക്കുന്നത് ഈ കുറവുകൾ നികത്താനുമാണ്.

ഇവ നികത്താനാവുന്നത് നമ്മുടെ പ്രാർത്ഥനയും (ദാവീദിന്റെ പാത്രം എന്നിൽ കനിയണമേ) ക്രിസ്തുവിന്റെ സാന്നിധ്യവും കൊണ്ടാണ് (സൗമ്യം) അപ്പോൾ ശരീരത്തിലെ കറവുകളേക്കാൾ ആത്മാവിന്റെ കുറവുകളെ നാം തിരിച്ചറിയും.

ആത്മീയപാത ശരീരത്തെ

പാടെ തകർത്തുകളയും

പിന്നീടതിനെ ആരോഗ്യാവസ്ഥയിലേക്ക്

തിരിച്ചെത്തിക്കും

താഴെയുള്ള നിധി പുറത്തെടുക്കാൻ

വീട് പൊളിക്കുന്നതുപോലെ

പിന്നീട് നിധി പ്രയോഗിച്ച്

അത് പൂർവ്വാധികം ഭംഗിയിൽ പുതുക്കിപ്പണിയും

നമ്മുടെ കുറവുകളിൽ ക്രിസ്തു മഹത്വപ്പെടട്ടെ.

■




**നേർക്കാഴ്ച**

ജെ. സി.




# 'ഒരു രാജ്യം ഒറ്റതെരഞ്ഞെടുപ്പ്'

ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ ഊർജ്ജസ്വലവും പങ്കാളിത്തം നിറഞ്ഞതുമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ചൂണ്ടിക്കാണിക്കുമ്പോൾ ഈ രീതി അപ്രായോഗികമാണെന്നും ജനശ്രദ്ധ വഴിതിരിച്ചുവിടാനുള്ള സർക്കാരിന്റെ തന്ത്രം മാത്രമാണെന്നുമാണ് കോൺഗ്രസ് വാദിക്കുന്നത്. ഒറ്റ തിരഞ്ഞെടുപ്പ് രാജ്യത്തിന്റെ വൈവിധ്യം നഷ്ടപ്പെടുത്തുമെന്നും ജനാധിപത്യത്തിന്റെ താളം തെറ്റിക്കുമെന്നും ആരോപണം ഉയരുന്നു. പാർലമെന്ററി ജനാധിപത്യത്തിന്റെ സ്വഭാവത്തെയും ഫെഡറലിസത്തെയും തകർക്കുന്ന നീക്കമാണെന്നാണ് ഇടതുപക്ഷ കക്ഷികളുടെ വിമർശനം. മന്ത്രിസഭാ തീരുമാനത്തെ ടി.ഡി.പി., ജെ.ഡി.യു., എൽ.ജെ.പി തുടങ്ങിയ കക്ഷികൾ സ്വാഗതം ചെയ്തിട്ടുണ്ടെങ്കിലും രാജ്യമാകെ ചർച്ച; അഭിപ്രായ ഐക്യം തുടങ്ങിയ ഉപാധികളോടെയാണ് ടി.ഡി.പിയുടെ പിന്തുണയെന്നാണ് സൂചന. ഒരു രാജ്യം ഒറ്റ തിരഞ്ഞെടുപ്പ് എന്ന എൻ.ഡി.എ സർക്കാരിന്റെ പ്രഖ്യാപിത നയം സംബന്ധിച്ച് മുൻ രാഷ്ട്രപതി റാംനാഥ് കോവിന്ദ് അദ്ധ്യക്ഷനായ സമിതി മാർച്ചിൽ നൽകിയ റിപ്പോർട്ടിനാണ് ഇപ്പോൾ അംഗീകാരം ലഭിച്ചത്. ഗുണദോഷങ്ങൾ പഠിക്കാനല്ല ഒരേ സമയം തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ശുപാർശകൾ നൽകാനും വേണ്ടിവരുന്ന ഭരണഘടന ഭേദഗതികൾ നിർദ്ദേശിക്കാനുമാണ് സമതിയോട് സർക്കാർ ആവശ്യപ്പെട്ടിരുന്നത്.

എല്ലാ വർഷവും ഒരേ വർഷംതന്നെ പലതവണയും നടക്കുന്ന തിരഞ്ഞെടുപ്പുകൾ സർക്കാരിനും പാർട്ടികൾക്കും വൻചിലവിന് കാരണമാകുന്നു, ദീർഘകാലയളവിൽ പെരുമാറ്റച്ചട്ടം പ്രാബല്യത്തിലാക്കുന്നത് വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു. തുടങ്ങിയ പല ന്യായങ്ങളാണ് ഈ ആശയത്തിന് ബലം നൽകാൻ സർക്കാർ മുന്നോട്ടുവച്ചത്. അതെന്തായാലും ഒറ്റതെരഞ്ഞെടുപ്പ് എന്ന സങ്കീർണ്ണ പ്രക്രിയ പ്രായോഗികതലത്തിൽ എത്തിക്കുന്നത് അത്ര എളുപ്പമല്ല. എല്ലാ തലങ്ങളിലും തിരഞ്ഞെടുപ്പ് ദേശീയ വിഷയങ്ങളുടെ അടിസ്ഥാനത്തിലാക്കുക എന്ന ലക്ഷ്യം പ്രാദേശിക കക്ഷികൾക്ക് നഷ്ടമുണ്ടാക്കുമെന്നുള്ള ആരോപണം നിലവിലുണ്ട്. ലോകസഭയിലേക്കും നിയമസഭകളിലേക്കും ഒന്നിച്ചു തിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാനങ്ങളുടെ അനുമതി വേണ്ടന്നു വ്യക്തമാക്കി. ഇതിനാവശ്യമായ ഭരണഘടനാ ഭേദഗതികൾ സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ഒറ്റ തിരഞ്ഞെടുപ്പ് നടപ്പിലാക്കണമെങ്കിൽ 15 ഭരണഘടനാ ബേദഗതികളും മറ്റ് നിയമപരിഷ്ക്കാരങ്ങളും ആവശ്യമാണ്. എൻ.ഡി.എയ്ക്ക് പാർലമെൻറിലെ ഇരുസഭകളിലുമുള്ള അംഗബലം കൂടി കണക്കാക്കുമ്പോൾ ഇത് അത്ര എളുപ്പമല്ല. ഏകവ്യക്തി നിയമം എന്നതുപോലെ ബി.ജെ.പി. പ്രകടന പത്രികയിലുള്ള വാഗ്ദാനമാണ് ഒരേസമത്തുള്ള തിരഞ്ഞെടുപ്പും. എല്ലാ തിരഞ്ഞെടുപ്പിനും ഉപയോഗിക്കാൻ പൊതുവോട്ടർ പട്ടിക എന്ന ആശയം ലോകമ്മീഷനും തിരഞ്ഞെടുപ്പ് കമ്മീഷനും പറഞ്ഞിട്ടുള്ളതാണ്. സമ്മതിദാനാവകാശം എല്ലാക്കാലത്തും പവിത്രമായി സൂക്ഷിക്കേണ്ടതാണ്. ഓരോ പൗരന്റെയും ഉത്തരവാദിത്വവുമാണ്. ഒരു രാജ്യം ഒറ്റ തിരഞ്ഞെടുപ്പ് എന്നതിന്റെ പ്രാധാന്യം മുന്നിൽവച്ച് എല്ലാ സംസ്ഥാനങ്ങളോടും വേണ്ടവിധം കടിയാലോചിച്ചതിന് ശേഷമാവണം ഇതേപ്പറ്റിയുള്ള തീരുമാനം അന്തിമമായി എടുക്കേണ്ടത്. ■



# ജൂബിലി ഹോസ്പിറ്റൽ

## തിരുവനന്തപുരം ലത്തീൻ അതിരൂപത

## Our Departments:

- Anesthesiology, General Surgery, General Medicine.
- Supportive Services: Fully automated Lab facility.
- USG and Doppler, Cath Lab.
- Echo Cardiogram Holter monitor facility.
- C-Arm facility.
- Endoscopy. Colonoscopy PFT, OAE, Mortuary through, althca, Healthe, TMT, ESWL
- 24 Hours Emergency.
- Pharmacy, Digital X ray, ECG, CT Scan.
- Cardiology with Minimally Invasive Surgery.
- Laparoscopic and Minimally invasive surgery.
- Bariatric Surgery, Medical Gastroenterology.
- Obstetrics and Gynecology, Paediatrics.
- Orthopaedic, Dermatology, Ophthalmology, ENT.
- Medical Oncology, Nephrology.Neurology, Neurosurgery.
- Dentistry, Oral and Maxillofacial surgery.
- Plastic and reconstructive surgery.
- Urology, Psychiatry.Psychotherapy, Physiotherapy.

## Supportive Services:

- 24 Hours Emergency
- Fully Automated Lab facility
- Pharmacy
- Digital X ray, ECG
- Echo Cardiogram
- Holter Monitor Facility
- C-Arm Facility
- ESWL
- Endoscopy, Colonoscopy
- PFT, OAE, Mortuary

## Jubilee's Pride:

- Replacement, Radio
- Arthroscopy & Joint freequency Abiation for Vericose Veins
- ENT Fascility
- Reconstructive Cancer Surgery & World Class

## EXECUTIVE HEALTH CHECK-UP PACKAGES AVAILABLE

ECONOMY CHECHK-UP | REGULAR CHECHK-UP | PREMIUM CHECHK-UP | HEALTH PLUS CHECHK-UP



Jubile Memorial Hospital, Meads Lane, Palayam Trivandrum 695034, Kerala

0471-2334561 jubileetrivandrum@gmail.com

Pub. Date: 01.10.2024
REGD. NO. KL/TV(S)266/2024-26
Licenced to post without pre-payment KL/TV(S)/WPP/171/2024-26
RNI Registered No. 36056/81
JEEVANUM VELICHAVUM
Total Page 44
Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vijil George